# INDEPENDENT SERVICE ORGANISATION


OF

# PRINTING DEPARTMENT

# SILVER JUBILEE

1977 2002

ISO



## SOUVENIR

## 2002

# കേരള സംസ്ഥാന ഭാഗ്യക്കുറി

## സൗഭാഗ്യത്തിനും സ്വയം തൊഴിലിനും

### പെരിയാർ

**ചൊവ്വ**

ഒന്നാം സമ്മാനം : 20 ലക്ഷം

രണ്ടാം സമ്മാനം : 3 ലക്ഷം (ഒരു ലക്ഷം രൂപവീതം 3 പേർക്ക്)

മൂന്നാം സമ്മാനം : 1.50 ലക്ഷം (50,000 രൂപവീതം 3 പേർക്ക്

5000, 1000, 500, 100, 20, 10 രൂപയുടെ നിരവധി സമ്മാനങ്ങൾ

പത്ത് ടിക്കറ്റുകളിൽ ഒരു സമ്മാനം ഉറപ്പ്

ടിക്കറ്റ് വില 10 രൂപ

### കൈരളി

**വ്യാഴം**

ഒന്നാം സമ്മാനം : 10 ലക്ഷം

രണ്ടാം സമ്മാനം : 2 ലക്ഷം

5000, 1000, 500, 100, 20, 10, 5 രൂപയുടെ നിരവധി സമ്മാനങ്ങൾ

പത്ത് ടിക്കറ്റുകളിൽ രണ്ട് സമ്മാനം ഉറപ്പ്

ടിക്കറ്റ് വില 5 രൂപ

### സൗഭാഗ്യ

**ശനി**

ഒന്നാം സമ്മാനം : 20 ലക്ഷം

രണ്ടാം സമ്മാനം : 3 ലക്ഷം (ഒരു ലക്ഷം രൂപവീതം 3 പേർക്ക്)

5000, 1000, 500, 100, 50, 10, രൂപയുടെ നിരവധി സമ്മാനങ്ങൾ

പത്ത് ടിക്കറ്റുകളിൽ ഒരു സമ്മാനം ഉറപ്പ്

ടിക്കറ്റ് വില 10 രൂപ

### സുരഭി

**ഒന്നിടവിട്ട തിങ്കളാഴ്ചകളിൽ**

ഒന്നാം സമ്മാനം : 50 ലക്ഷം + മാരുതി 800 CC കാർ

രണ്ടാം സമ്മാനം : 5 ലക്ഷം

മൂന്നാം സമ്മാനം : 3 ലക്ഷം

50,000, 25,000, 5000, 1000, 500, 200, 50, 20 രൂപയുടെ നിരവധി സമ്മാനങ്ങൾ

പത്ത് ടിക്കറ്റുകളിൽ ഒരു സമ്മാനം ഉറപ്പ്

ടിക്കറ്റ് വില 20 രൂപ

ചെറുകിട ഏജന്റുമാർക്ക് കൂടുതൽ ആനുകൂല്യം

ടിക്കറ്റുകളുടെ മൊത്തവില

100 ടിക്കറ്റു വരെ 75%

101 മുതൽ 50,000 വരെ 72.5%

50,001 മുതൽ 7 ലക്ഷം വരെ 72%

ഏഴു ലക്ഷത്തി ഒന്നു മുതൽ 71.5%

സ്വയം തൊഴിൽ കണ്ടെത്താൻ ഏജൻസി എടുക്കൂ

കൂടുതൽ വിവരങ്ങൾക്കും

ഏജൻസി വ്യവസ്ഥകൾക്കും

ജില്ലാ ഭാഗ്യക്കുറി ഓഫീസുമായി

ബന്ധപ്പെടുക

**സംസ്ഥാന ഭാഗ്യക്കുറി വിശ്വാസ്യതയിൽ ഒന്നാമത്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33, ഫോൺ : 305230, ഫാക്സ് : 305193

G. Prasannan/Jly/02

I.S.O.

# ദി ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ

## അച്ചടി വകുപ്പ്

## രജതജൂബിലി 2002

# സ്മരണിക


26, ഡിസംബർ 2002

## സമർപ്പണം

ഇൻഡിപ്പെൻഡന്റ് സർവ്വീസ്
ഓർഗനൈസേഷന്റെ
ഇതഃപര്യന്തമുള്ള വളർച്ചയിൽ എന്നും
താങ്ങും തണലുമായി നിന്നവരിൽ,
മരണം കൂട്ടിക്കൊണ്ടുപോയ
കർമ്മധീരരുടെ പാവന സ്മരണയ്ക്കായി
ഈ ഉപഹാരം സമർപ്പിച്ചുകൊള്ളുന്നു.

# സ്വാതിതിരുനാൾ മഹാരാജാവ്

(ഏ. ഡി. 1813 — 1846)



സപ്തസ്വര സാഗരത്തിലാറാടിയ
സാത്വിക പ്രഭാവനാം സ്വാതിതിരുനാൾ
തുല്യം ചാർത്തിയേകിയോരച്ചടിശാല
തിലകമായ് ശോഭിക്കുമീ കേരളത്തിൽ.

# ആമുഖക്കുറിപ്പ്

ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ.......................

അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ ചാലകശക്തി..................

കാൽശതാബ്ദത്തിനു മുമ്പ് ഏതാനും പ്രത്യുൽപന്നമതികളുടെ ഭാവുകത്വപരമായ ഊഷരതയിൽ വിടർന്ന ആശാകുസുമം...............

നാതിദീർഘമായ ഈ കാലപൗർവ്വാപര്യത്തിനിടയിൽ:-

തളർച്ചയെന്തെന്നറിയാത്ത വളർച്ചയിലൂടെയും;

ജാതിമത കക്ഷിരാഷ്ട്രീയത്തിന്നതീതമായ സ്വതന്ത്ര നിലപാടുകളിലൂടെയും;

ജീവനക്കാർക്ക് അവകാശത്തെക്കുറിച്ചു മാത്രമല്ല കടമകളെക്കുറിച്ചും ബോധമുണ്ടെന്ന് എക്കാലവും തെളിയിച്ചതിലൂടെയും;

നിരന്തര കൂട്ടായ്മയിലൂടെയും;

ജീവനക്കാർക്ക് പ്രത്യേകിച്ച്, വകുപ്പിന് മൊത്തത്തിൽ ഓർമ്മയുടെ ചെപ്പിൽ എന്നും അഭിമാനത്തോടെ കരുതി വയ്ക്കാൻ ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാക്കാൻ ഈ സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്.............

അത്തരം ഒരു സംഘടനയെ സംബന്ധിച്ചിടത്തോളം "സ്മരണിക" എന്നത് കാലഘട്ടത്തിന്റെ അനിവാര്യത മാത്രമാണല്ലോ....................... .

ലോറൻ കാസ്റ്റൻ, കുട്ടികളെ കളിപ്പിക്കാനായി മരത്തൊലിയിൽ അക്ഷരങ്ങൾ കൊത്തി, കടലാസ്സിൽ പൊതിഞ്ഞ് തന്റെ ഉടുപ്പിന്റെ കീശയിൽ ഇടുക ശീലമാക്കിയിരുന്നുവത്രെ। ഒരിക്കൽ അവ എടുത്തു നോക്കിയപ്പോൾ അക്ഷരങ്ങളുടെ അനാഹത തേജസ്സ്।

ക്ഷരമില്ലാത്ത - നാശമില്ലാത്ത - അക്ഷരങ്ങളുടെ ആദ്യത്തെ ഒപ്പിയെടുക്കൽ।

അച്ചടിവിദ്യയുടെ പിന്നീടങ്ങോട്ടുള്ള വിസ്മയാവഹമായ വളർച്ചയിൽ 'പഴഞ്ചൻ' രീതികൾ നൂതന 'ഹൈടെക്' വിദ്യയുടെ മാസ്മരികതയ്ക്ക് വഴിമാറിക്കൊടുത്തുകൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്........... വികസനം അഭികാമ്യം തന്നെ. അനിവാര്യവുമാണ്. പക്ഷേ, ആധുനികീകരണത്തിനിടയിൽ ജീവനക്കാരുടെ സുരക്ഷിതത്വത്തിനുതന്നെ ഭീഷണി ഉയരുന്നത് കണ്ടില്ലെന്നു നടിക്കാനാവുമോ?

ഇവിടെ, ജീവനക്കാർ വിളക്കിലെ തിരിപോലെയാവുന്നു. സുരക്ഷിതത്വത്തിന്റെ എണ്ണ വറ്റുമ്പോൾ ആദ്യം കരിന്തിരി എരിയുന്നു. പിന്നീടത് അണയുന്നു. സാങ്കേതിക ജീവനക്കാരായാലും സാങ്കേതികേതര ജീവനക്കാരായാലും ഇതിന്റെ സന്ദിഗ്ദഫലം ഒരുപോലെ അനുഭവിക്കേണ്ടി വരുമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. ഇന്ന്, ഈ ദീപം അണഞ്ഞുപോകാതെ നോക്കേണ്ടത് ജീവനക്കാരുടെ തന്നെ ബാദ്ധ്യതയായിത്തീർന്നിരിക്കുന്നു. 'ചുവരുണ്ടെങ്കിലേ ചിത്രമുള്ളൂ.' ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിന് ഈ സ്മരണിക പ്രേരകശക്തിയായി ഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളമുഖ്യമന്ത്രി, മന്ത്രിമാർ, എം. പി.മാർ, എം. എൽ. എ.മാർ, അച്ചടിവകുപ്പ് ഡയറക്ടർ, ഗവണ്മെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, തിരുവനന്തപുരം കോർപ്പറേഷൻ മേയർ, കേരള വനിതാ കമ്മീഷൻ ചെയർ പേഴ്സൺ, വിവിധ സർവ്വീസ് - ട്രേഡ് യൂണിയൻ നേതാക്കൾ - തുടങ്ങിയവർ ആശംസകളർപ്പിച്ച് ഈ സംരംഭത്തെ ധന്യമാക്കിയിരിക്കുന്നു. അകൈതവമായ നന്ദി........

പരിമിതികൾ ഏറെയുണ്ടായിരുന്നിട്ടും, ഈ ഉപഹാരം ആവർജ്ജകമാക്കാൻ ചിന്താബന്ധുരങ്ങളും ഇലാസ്തികതയുമുള്ള ഭിന്ന വിഷയങ്ങൾ സമീചീനമായി സമ്മേളിപ്പിച്ചിട്ടുണ്ട്. ഈടുറ്റ ലേഖനങ്ങളും കലാസാഹിത്യ സൃഷ്ടികളും തന്ന് ഈ സ്മരണികയെ അലങ്കരിച്ച എല്ലാപേരെയും,

ഈ സംരംഭം ഒരു യാഥാർത്ഥ്യമാക്കാൻ വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും തന്ന് അനുഗ്രഹിച്ച എല്ലാ അഭ്യുദയകാംക്ഷികളെയും,

സാമ്പത്തികമായി നിർലോഭം സഹായിച്ച അച്ചടിവകുപ്പിലെ എല്ലാ ജീവനക്കാരെയും,

പരസ്യങ്ങൾ തന്ന് അനുഗ്രഹിച്ച എല്ലാ വ്യക്തികളെയും സ്ഥാപനങ്ങളെയും,

ഈ സ്മരണിക ഭംഗിയായി ഡിസൈൻ ചെയ്ത മൺവിളയിലെ കാർമ്മൽ റിപ്രോഗ്രാഫേഴ്സിനെയും അച്ചടി ഭംഗിയായി നിർവ്വഹിച്ച ശിവകാശിയിലെ ശ്രീട്രീഷ് ഓഫ്സെറ്റ് പ്രിന്റേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു.

നന്ദി......................നമസ്ക്കാരം

എന്ന്,

ചീഫ് എഡിറ്റർ,
ഐ. എസ്. ഒ.

# ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | സന്ദേശങ്ങൾ | 13–25 |
| 2 | ഭാരവാഹികൾ | 27–32 |
| 3 | അച്ചടിവകുപ്പിന്റെ ഉത്തരവാദിത്വം – ജില്ലാഫാറം സ്റ്റോറുകളിലൂടെ (ലേഖനം)<br>*ശ്രീ. ആർ. രാജശേഖരൻ നായർ* | 33 |
| 4 | ഒരു സുമംഗലിയോട് (കവിത)<br>*മഹാകവി എം. പി. അപ്പൻ* | 37 |
| 5 | മഹദ്വചനങ്ങൾ *മിസ്. റീറ്റാ വർഗ്ഗീസ്* | 39 |
| 6 | അച്ചടി വകുപ്പിലെ സ്വതന്ത്ര സർവ്വീസ് ഓർഗനൈസേഷന്റെ സാരഥികൾ (1978–2002) | 41 |
| 7 | ടെലഫോൺ നമ്പരുകൾ – പ്രിന്റിംഗ് വകുപ്പ് | 47 |
| 8 | സാക്ഷര ഭാരതം, സമ്പന്ന ഭാരതം, സമർത്ഥ ഭാരതം (ലേഖനം)<br>*ഡോ. കെ. ശിവദാസൻപിള്ള* | 49 |
| 9 | കൽപടവുകൾ (കഥ)<br>*ശ്രീ. ബി. എസ്. ബാബു* | 51 |
| 10 | ഐ.എസ്.ഒ. – പോയ വർഷങ്ങളിൽ | 55 |
| 11 | അദ്ധ്യാത്മരാമായണം (ലേഖനം)<br>*ശ്രീ. ജി. ഗോപാലകൃഷ്ണൻ നായർ* | 61 |
| 12 | ഐതിഹ്യം | 65 |
| 13 | ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ ഓഫ് പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റ് (ലേഖനം)<br>*ശ്രീ. കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ* | 67 |
| 14 | പ്രശസ്തരുടെ ഫലിതങ്ങൾ<br>*കുമാരി ബി. ആർ. റീനു* | 77 |
| 15 | അർത്ഥന (കവിത) *ശ്രീമതി സോജ. എസ്.* | 79 |
| 16 | സർക്കാർ ജീവനക്കാരുടെ നിലവിലുള്ള ചില സേവന വേതനവ്യവസ്ഥകൾ (ലേഖനം) *ശ്രീ. വി. വിജയകുമാർ* | 81 |
| 17 | സർക്കാർ അച്ചുകൂടം – ചരിത്രത്തിലേക്കൊരു എത്തിനോട്ടം (ലേഖനം)<br>*ശ്രീ. പി. രാമചന്ദ്രൻ പോറ്റി* | 87 |
| 18 | അളവുകൾ പരസ്പരം മാറ്റാൻ | 90 |
| 19 | ജില്ലാഫാറം സ്റ്റോറുകളുടെ സേവനം (ലേഖനം)<br>*ശ്രീ. എസ്. വിജയൻ* | 91 |
| 20 | Memory of an Unknown Child (Poem)<br>*മിസ്. ഡി. ആശ* | 93 |

| ക്രമനമ്പർ | വിഷയം | പേജ് |
|---|---|---|
| 21 | രാമചന്ദ്രവിലാസം (കഥകളിപ്പദം)<br>ശ്രീ. കെ. വിജയമേനോൻ | 94 |
| 22 | ആദായനികുതി – ചില നുറുങ്ങുകൾ (ലേഖനം)<br>ശ്രീ. പി. ആർ. വിനോദ്കുമാർ | 95 |
| 23 | ചിത്രങ്ങൾ ശ്രീമതി എസ്. എസ്. സിന്ധു, ശ്രീമതി സോജ ഡി. | 97 |
| 24 | രാജഭരണകാലങ്ങളിലെ അച്ചുകൂടങ്ങൾ – അച്ചടിവകുപ്പിന്റെ അടിസ്ഥാന ശിലകൾ (ലേഖനം) ശ്രീ. എസ്. മുരുകേശൻ | 99 |
| 25 | ശുദ്ധ പദാവലി ശ്രീ. ബി. എസ്. ബാബു | 103 |


മുഖചിത്രം
ഡിസൈൻ ചെയ്തത്
ശ്രീമതി എസ്. എസ്. സിന്ധു

എ. കെ. ആന്റണി
മുഖ്യമന്ത്രി
കേരളം



# ആശംസ

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിജ്ഞാനപ്രദവും ആകർഷകവുമായ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

രജത ജൂബിലി ആഘോഷങ്ങൾക്കും സ്മരണികയ്ക്കും സർവ്വവിധ വിജയവും ആശംസിക്കുന്നു.

തിരുവനന്തപുരം,
12-7-2002.

എ. കെ. ആന്റണി




**ഡോ. എം. എ. കുട്ടപ്പൻ**

പിന്നോക്ക-പട്ടികവിഭാഗ ക്ഷേമ വകുപ്പുമന്ത്രി

ഫോൺ
ഓഫീസ് : (P) 333833
518959
വസതി : 0484-531882
0471-323256


# ആശംസ

അച്ചടി സാങ്കേതിക വിദ്യയിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കൊപ്പം നീങ്ങാൻ കഴിവുനേടുന്നതിലൂടെ മാത്രമേ അച്ചടിവകുപ്പിന്റെ ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിറവേറ്റാനാവുകയുള്ളൂ. യന്ത്രസാമഗ്രികൾ നവീകരിക്കുന്നതിനോളം പ്രാധാന്യം മാറുന്ന കാലം ആവശ്യപ്പെടുന്നതനുസരിച്ചുള്ള തൊഴിൽ സംസ്ക്കാരവും വൈദഗ്ദ്ധ്യവും സ്വന്തമാക്കാനുള്ള ജാഗ്രതയ്ക്കും നൽകേണ്ടതുണ്ട്. ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി പോരാടുന്നതോടൊപ്പം അവരെ സ്വന്തം ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ "ദി ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ" ശ്രദ്ധിക്കുന്നുവെന്നറിയുന്നത് ആഹ്ലാദകരമാണ്. സ്മരണിക സംഘടനയുടെ സാംസ്കാരിക മുഖം പ്രതിഫലിപ്പിക്കുമെന്ന് വിശ്വസിക്കുന്നു.

സംഘടനയ്ക്കും സ്മരണികയ്ക്കും എന്റെ ഹൃദയംഗമമായ ആശംസകൾ.

തിരുവനന്തപുരം,
തീയതി : 16-7-2002.

**ഡോ. എം. എ. കുട്ടപ്പൻ**




**കെ. ശങ്കരനാരായണൻ**

**കേരള ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി**

ഫോൺ
ഓഫീസ് : 333849
333772
ഫാക്സ് : 333176
വീട് : 320451
323181


## സന്ദേശം

അച്ചടി വകുപ്പിലെ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു സ്മരണിക പുറത്തിറക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്.

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പ്രതിനിധാനം ചെയ്യുന്ന ഈ സംഘടനയുടെ നീണ്ട 25 വർഷത്തെ പ്രവർത്തനത്തെ അവലോകനം ചെയ്യുവാൻ ഈ അവസരം സഹായകരമാകുമെന്ന് ഞാൻ കരുതുന്നു. വിജ്ഞാനപ്രദമായ ലേഖനങ്ങളും കരുത്തുറ്റ സാഹിത്യ സൃഷ്ടികളും ഉൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന ഈ സ്മരണികയ്ക്ക് ആശംസകൾ.

ഈ സംരംഭത്തിന് എല്ലാവിധ വിജയങ്ങളും നേരുന്നു.

തിരുവനന്തപുരം,
തീയതി : 15-7-2002.

കെ. ശങ്കരനാരായണൻ



**K. KARUNAKARAN**
Member of Parliament
(Lok Sabha)
Mukundapuram

9, Krishna Menon Marg.
New Delhi - 110011
Phone : 3794667, 3792565
Telefax : 3794667.

House No 27/260, Tramway Road
Chalakudy - 680307, Thrissur Distt, Kerala.
Phone : (0488) 708200

# സന്ദേശം

അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുന്നു എന്നറിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്.

ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിനും, ഒപ്പം സർക്കാർ ജീവനക്കാരെന്ന നിലയിലുള്ള സാമൂഹിക പ്രതിബദ്ധത ഉയർത്തിപ്പിടിക്കുന്നതിനും ഈ സംഘടന ശ്രമിച്ചിട്ടുണ്ടെന്നത് അനുമോദനാർഹമായ കാര്യമാണ്.

നിങ്ങളുടെ സംരംഭത്തിന് ഞാൻ എല്ലാ വിജയവും ആശംസിക്കുന്നു.

Date : 3-8-2002

കെ. കരുണാകരൻ

सत्यमेव जयते

**V. S. SIVAKUMAR**
Member of Parliament
(Lok Sabha)
Thiruvananthapuram



58, South Avenue, New Delhi-11
Phone : 011-3792789

'Vaisakh', TC 16/1039, Jagathy,
Thiruvananthapuram (Kerala)
Phones : 0471-336061, 319797

# സന്ദേശം

അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ അതിന്റെ 25-ാം വാർഷികം ആഘോഷിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്.

പ്രസ്തുത പരിപാടിക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

Date :14-8-2002

വി. എസ്സ്. ശിവകുമാർ



**ഡി. എ. പ്രകാശൻ**

ഡയറക്ടർ, പ്രിന്റിംഗ്

ഫോൺ { ഓഫീസ് : 331458
വസതി : 433347 }

# സന്ദേശം

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുന്നു എന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്.


ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിനും, ഒപ്പം സർക്കാർ ജീവനക്കാരെന്ന നിലയിലുള്ള സാമൂഹിക പ്രതിബദ്ധത ഉയർത്തിപ്പിടിക്കുന്നതിനും ഈ സംഘടന ശ്രമിച്ചിട്ടുണ്ടെന്നത് അനുമോദനാർഹമായ കാര്യമാണ്.

നിങ്ങളുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ടി സ്മരണിക അച്ചടി വകുപ്പിന്റെ ചരിത്രത്തിലെ വിലപ്പെട്ട ഒരു സംഭാവനയായിരിക്കട്ടെ !

തിരുവനന്തപുരം,
തീയതി : 5-12-2002.

**ഡയറക്ടർ**

---



# ആശംസ

ഇരുപത്തിയഞ്ചു വർഷത്തെ സേവന പാരമ്പര്യംകൊണ്ട് അച്ചടി വകുപ്പിലെ എല്ലാവിഭാഗം ജീവനക്കാരുടെയും പ്രശംസ പിടിച്ചു പറ്റുവാൻ ഇൻഡിപ്പെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന് കഴിഞ്ഞിട്ടുണ്ട്. അച്ചടി ഒരു വൻ വ്യവസായമായി വളർന്നു കഴിഞ്ഞുവെങ്കിലും സർക്കാർ പ്രസ്സുകൾ ഒരു തൊഴിൽപരമായ മത്സരത്തിന് ഇനിയും തയ്യാറായിട്ടില്ല. ദിനംപ്രതി മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഈ മേഖലയിൽ ആധുനികീകരണവും അതോടൊപ്പം വേഗതയും ഗുണമേന്മയുംകൊണ്ട് മാത്രമേ പിടിച്ചുനിൽക്കാനാവുകയുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരണത്തിന്റെയും അടച്ചുപൂട്ടലിന്റെയും പുതിയ വെല്ലുവിളികളെ നേരിടുന്ന ഈ കാലഘട്ടത്തിൽ ജീവനക്കാരിൽ ചുമതലബോധവും, ആത്മാർത്ഥയും വളർത്തുവാൻ സംഘടന പ്രവർത്തിക്കേണ്ടതുണ്ട്. ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന ഇൻഡിപ്പെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന് എല്ലാ മംഗളങ്ങളും നേർന്നുകൊള്ളുന്നു.

**മാത്യു വി. ജോൺ.**

ഗവ: പ്രസ്സുകളുടെ സൂപ്രണ്ട്

**ബി. വിജയകുമാർ**
(തിരുവനന്തപുരം ഈസ്റ്റ്)
മെമ്പർ, കേരള നിയമസഭ
ശ്രീവിദ്യ ശങ്കർ ലെയിൻ, ശാസ്തമംഗലം,
തിരുവനന്തപുരം, ഫ്ളാറ്റ് ജി. ഒ. –II

ഓഫീസ് : 0471–300800, 0471–512381
വസതി : 0471–726397, 0471–725100
E-Mail : bvijayakuamr@niyamasabha.org



# സന്ദേശം

അച്ചടി വകുപ്പിലെ ഭൂരിഭാഗം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെയും പ്രതിനിധീകരിക്കുന്ന സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ അതിന്റെ 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ഈ സംരംഭത്തിന് എന്റെ വിജയാശംസകൾ !


തിരുവനന്തപുരം,
തീയതി : 12-07-2002.

ബി. വിജയകുമാർ

---

**റോഷി അഗസ്റ്റിൻ**
(ഇടുക്കി), മെമ്പർ
കേരള നിയമസഭ, ചെറുനിലത്തു ചാലിൽ
കെ. എസ്. ഇ. ബി. ക്വാർട്ടേഴ്സ്
ഇടുക്കി കോളനി പി. ഒ., വാഴത്തോപ്പ് - 685 602

ഇടുക്കി : 0486-235004
പാല : 0482-260726
ഓഫീസ് (കോട്ടയം) : 0481-581976
തിരുവനന്തപുരം, റൂം നമ്പർ 12: 0471-512262
E-Mail : roshiaugnstine@niyamasabha.org



# ആശംസ

പ്രിന്റിംഗ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ കർമ്മപഥത്തിൽ ഇരുപത്തിയഞ്ച് സംവത്സരങ്ങൾ പിന്നിട്ട് രജതജൂബിലിയിലേക്ക് നടന്നു കയറുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു. ജീവനക്കാരുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുകയും പൊതുജനങ്ങളോടുള്ള പ്രതിബദ്ധത എന്നും ഉയർത്തിപ്പിടിക്കുകയും ചെയ്ത ഐ. എസ്. ഒ. സർവ്വീസ് സംഘടനകൾക്കെല്ലാം മാതൃകയാണ്. തുടർന്നും അനുകരണീയമായ പ്രവർത്തന ശൈലിയുമായി മുന്നേറാൻ ഈ സംഘടന ക്ക് കഴിയട്ടെ എന്ന് ആഗ്രഹിക്കുന്നു. സിൽവർ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

തിരുവനന്തപുരം,
തീയതി : 31-07-2002

**റോഷി അഗസ്റ്റിൻ**

PHONE :
KASARAGOD RES. : 430146
OFFICE. : 423491
" 420156
OFFICE : 512313

C. T. AHAMMED ALI
(KASARAGOD)
MEMBER
KERALA LEGISLATIVE ASSEMBLY

## സന്ദേശം

അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ അതിന്റെ രജതജൂബിലി വർഷത്തിൽ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. കഴിഞ്ഞകാല പ്രവർത്തനങ്ങളെ അനാവരണം ചെയ്യുകയും പുത്തൻ പ്രതിഭകളുടെ കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്യുന്ന ഈ സുവനീർ എന്തുകൊണ്ടും പ്രൗഢമായിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.


ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

Date: 19-07-2002

**(സി. ടി. അഹമ്മദലി)**

---



PHONE :
THIRUVANANTHAPURAM
443970/350
RES: 0493-647216
0493-648150

K. K. RAMACHANDRAN MASTER
(KALPATA), MEMBER,
KERALA LEGISLATIVE ASSEMBLY
INDIRA BHAVAN, KARIYAMBADI P. O.
(VIA) MEENANGADI, WAYANAD

## ആശംസ

ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

Date : 31-07-2002

**കെ. കെ. രാമചന്ദ്രൻ മാസ്റ്റർ**

K. KAMALAM
Chairperson
Kerala Women's Commision
Thiruvananthapuram-14

'Jayathi'
Kozhikkode-11
Phone : 0471-320509 (O)
0495-766685 (R)



## ആശംസാ സന്ദേശം

ഇരുപത്തഞ്ചു വർഷം പിന്നിടുന്ന, അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ പുറത്തിറക്കുന്ന സ്മരണികയ്ക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. ജീവനക്കാർക്ക് അർഹതയുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും അവർക്ക് പൊതുജനങ്ങളോടുള്ള പ്രതിബദ്ധതയെക്കുറിച്ച് നിർദ്ദേശം നൽകുന്നതിനും സംഘടനയ്ക്ക് ഇനിയും കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

M Kamalam

Date: 15-11-2002

എം. കമലം.

---

Prof. J. CHANDRA
MAYOR
CORPORATION OF
THIRUVANANTHAPURAM

PHONE : OFF : 322470, 320821
EXTN. 404
FAX : 332083
RESI : 434287



## സന്ദേശം

അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ രജതജൂബിലിയോടനുബന്ധിച്ച് സംഘടനയുടെ ഇതഃപര്യന്തമുള്ള ചരിത്രവും, അംഗങ്ങളുടെ കലാസാഹിത്യ സൃഷ്ടികളും ഉൾപ്പെടുത്തി ഒരു സ്മരണിക പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. പ്രസ്തുത സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

Chandra

THIRUVANANTHAPURAM
Date :26-07-2002

മേയർ

## KERALA GOVERNMENT PRESS WORKERS CONGRESS, (INTUC)

STATE COMMITTEE
THIRUVANANTHAPURAM

### ആശംസ

സിൽവർ ജൂബിലി വാർഷികാഘോഷത്തിന്റെ ഭാഗമായി നിങ്ങൾ പുറത്തിറക്കുന്ന സുവനീറിന് കേരള ഗവൺമെന്റ് പ്രസ്സ് വർക്കേഴ്സ് കോൺഗ്രസ് (ഐ. എൻ. റ്റി. യു. സി.) സംസ്ഥാന കമ്മിറ്റിയുടെ സർവ്വവിധ ആശംസകളും നേരുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി

തീയതി : 2-12-2002.

---

## KERALA GOVERNMENT PRESS EMPLOYEES' UNION

(CITU)
Reg. No. 226/70
STATE COMMITTEE, THIRUVANANTHAPURAM

### സന്ദേശം

കേരളത്തിലെ സർക്കാർ ജീവനക്കാർ ഒരു പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന ഈ കാലഘട്ടത്തിൽ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രശംസനീയമായ സേവനം നടത്തുന്ന അച്ചടിവകുപ്പിലെ ഇൻഡിപ്പെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ രജതജൂബിലി വർഷത്തിൽ പ്രസിദ്ധീകരിക്കുന്ന സുവനീർ ജീവനക്കാർക്ക് ഒരു പുത്തൻ ഉണർവ്വ് നൽകുന്ന ഉപകരണമായി മാറട്ടെ എന്ന് ഞങ്ങൾ ആശംസിക്കുന്നു.

ആശംസകളോടെ.

സെക്രട്ടറി

തീയതി: 10-12-2002.

**C. DIVAKARAN**
General Secretary
ALL INDIA TRADE UNION CONGRESS
Kerla State Council, Sugathan Memorial
Vazhuthacadu, Thiruvananthapuram-14

## സന്ദേശം

പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റിൽ പണിയെടുക്കുന്ന സർവ്വീസ് സംഘടനയായ "ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ" സംഘടിപ്പിക്കുന്ന സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് വിജയാശംസകൾ നേരുന്നു. പരിപാടികളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന "സുവനീർ" ഈടുറ്റതായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിലാളികളെയും സർവ്വീസ് മേഖലകളിലെ ജീവനക്കാരെയും ഭരണാധികാരികൾ ക്രൂരമാംവിധം വേട്ടയാടുന്ന സവിശേഷമായ ഒരു കാലഘട്ടത്തെ നാം നേരിടുകയാണ്. തീപാറുന്ന സമരങ്ങളിലൂടെ നേടിയെടുത്ത ജീവനക്കാരുടെ അവകാശങ്ങൾ കവർന്നെടുക്കാനുള്ള അപരിഷ്കൃതമായ സമീപനങ്ങൾ എവിടെനിന്ന് ഉണ്ടായാലും ചെറുത്ത് തോൽപ്പിക്കാനുള്ള പോരാട്ടങ്ങളിൽ "ഇൻഡിപെൻഡൻസ് സർവ്വീസ് ഓർഗനൈസേഷന്റെ" സംഭാവനകൾ വിലപ്പെട്ടതായിരിക്കുമെന്ന് വിശ്വസിക്കുന്നു.

"സുവനീറിന് ഭാവുകങ്ങൾ; സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് വിജയാശംസകൾ

വിനയപൂർവ്വം,

സി. ദിവാകരൻ
ജനറൽ സെക്രട്ടറി

Date: 27-11-2002

---

*K. C. Vamadevan* ***Ex. MLA***
*and*
*Former Mayor, Thiruvananthapuram*

## ആശംസ

അപ്രതീക്ഷിതമായ മാറ്റങ്ങൾ കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുകയും തിരമാല പോലെ ഒന്നിനു പുറകെ മറ്റൊന്നായി സമൂഹത്തെയാകെ അലട്ടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തൊഴിലാളി സംഘടനകളുടെ പ്രസക്തിയും പ്രാധാന്യവും കുറയ്ക്കുവാനുള്ള നടപടികളും ഭരണാധികാരികളിൽ നിന്ന് നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതൊരു പരീക്ഷണമാണ്. ഈ പരീക്ഷണത്തിൽ പണിയെടുത്ത് ജീവിക്കുന്നവരുടെ യോജിപ്പും പ്രതിസന്ധികളെ അതിജീവിച്ച് മുന്നോട്ടു നീങ്ങുവാനുള്ള ഇച്ഛാശക്തിയും അനിവാര്യമാണ്. അത് താങ്കളുടെ സംഘടനയ്ക്ക് ഉണ്ടാകട്ടെയെന്ന് ജൂബിലി വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഞാൻ ആശംസിക്കുന്നു.

പ്രസിഡന്റ്,

27-11-2002

ട്രാവൻകൂർ പ്ര... സ് വർക്കേഴ്സ് യൂണിയൻ (UTUC-B)

# KERALA STATE GOVERNMENT PRESS WORKERS SANGH

**Reg. No. 09-12-88**

(AFFILIATED TO BHARATHIYA MAZDOOR SANGH)

BMS OFFICE PALGHAT - 678014

## ആശംസ

ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ സിൽവർ ജൂബിലി വാർഷികത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന സുവനീറിന് കേരളാ സ്റ്റേറ്റ് ഗവണ്മെന്റ് പ്രസ്സ് വർക്കേഴ്സ് സംഘ് ഹൃദയംഗമമായ മംഗളാശംസകൾ നേരുന്നു.

ആശംസകളോടെ,

സെക്രട്ടറി

തിരുവനന്തപുരം,
27-11-2002.

---

# KERALA NGO ASSOCIATION

(Recognized as per G.O. (M.S.) No. 242/76/ PD dt. 29-7-76)

## ആശംസ

രജത ജൂബിലി ആഘോഷിക്കുന്ന അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സംഘടനയായ "ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ" ഒരു സുവനീർ പ്രകാശനം ചെയ്യുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു കേരള എൻ. ജി. ഓ. അസോസിയേഷൻ എല്ലാ ആശംസകളും നേരുന്നു.

ആശംസകളോടെ,

തിരുവനന്തപുരം,
11-12-2002.

# KERALA GAZETTED OFFICERS' UNION

**STATE COMMITTEE THIRUVANANTHAPURAM-1**

RECOGNISED BY GOVT. OF KERALA AS PER SL. NO. 257
G.O.(P) NO. 219/86/GAD DATED THIRUVANANTHAPURAM 3-7-1986

(Member, National Federation of State Govt. Employees, New Delhi)

## ആശംസാ സന്ദേശം

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പ്രധാന സംഘടനയായി പ്രവർത്തിക്കുവാനും കഴിഞ്ഞ 25 വർഷക്കാലം ജീവനക്കാരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കുവാനും കഴിഞ്ഞിട്ടുള്ള **ദി ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ ഓഫ് പ്രിന്റിംഗ് ഡിപ്പാർട്ട്മെന്റ്** അതിന്റെ രജതജൂബിലി ആഘോഷിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ആഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന സ്മരണിക അവിസ്മരണീയമാകട്ടെ എന്ന് ആശംസിക്കുന്നു.

എൻ. അരവിന്ദാക്ഷൻ
(ജനറൽ സെക്രട്ടറി)

തീയതി : 12-12-2002.




മാണിക്യ വീണാ മുപലാലയന്തീ
മദാലസാ മഞ്ജുളവാഗ് വിലാസാ
മഹേന്ദ്രനീലദ്യുതി കോമളാംഗി
മാതംഗകന്യാ മനസാ സ്മരാമി

ചതുർഭുജേ ചന്ദ്രകലാവതംസേ
കുചോന്നതേ കുങ്കുമ രാഗശോണേ
പുണ്ഡ്രേക്ഷു പാശാങ്കുശ പുഷ്പബാണ-
ഹസ്തേ നമസ്തേ ജഗദൈകമാതാ-

# ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ
# സംസ്ഥാന ഭാരവാഹികൾ




**എസ്. മുരുകേശൻ**
(പ്രസിഡന്റ്)



**ആർ. രാജശേഖരൻ നായർ**
(ജനറൽ സെക്രട്ടറി)

## ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ
## ഭാരവാഹികൾ



**എസ്. വിജയൻ**
(വൈസ് പ്രസിഡന്റ്)




**എസ്. ഷിനു**
(ജോയിന്റ് സെക്രട്ടറി)



**എസ്. എസ്. സിന്ധു**
(ജോയിന്റ് സെക്രട്ടറി)



**എസ്. കെ. അജിത് കുമാർ**
(ട്രഷറർ)



**വിക്ടർ ജെ. സി. ജോയ്**
(ആഡിറ്റർ)



**സി. ബാലകൃഷ്ണൻ**
(എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം)



എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

# സിൽവർ ജൂബിലി പ്രോഗ്രാം കമ്മിററി



**പി. രാമചന്ദ്രൻ പോറ്റി**
(ജനറൽ കൺവീനർ)



**കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ**
(ജോയിന്റ് കൺവീനർ)



**ആർ. ഗോപാലകൃഷ്ണപിള്ള**
(ജോയിന്റ് കൺവീനർ)



**കമ്മിറ്റി അംഗങ്ങൾ**

1. എസ്. നിഷാന്ത് 2. പി. ചന്ദ്രസേനൻ 3. ജി. സന്തോഷ്കുമാർ 4. എസ്. രാധാകൃഷ്ണൻ നായർ 5. ജെ. യേശുദാസൻ 6. പി. സി. എബ്രഹാം 7. എസ്. രഞ്ചുഷ 8. എസ്. എസ്. സിന്ധു 9. റീറ്റാ വർഗ്ഗീസ് 10. വി. എസ്. സന്തോഷ്കുമാർ 11. വിക്ടർ ജെ. ഡി. ജോയ് 12. റ്റി. ജയകുമാർ 13. എ. ഉണ്ണി

# സിൽവർ ജൂബിലി കമ്മിറ്റി



1. പി. വി. ജോസഫ് 2. ജെ. പത്മനാഭപിള്ള 3. ജി. ഗോപാലകൃഷ്ണൻ നായർ
4. എൻ. മാലേശ്വരൻ 5. പി. വി. മനമോഹൻ 6. പി. രാമചന്ദ്രൻ പോറ്റി
7. എസ്. വസന്തകുമാരി 8. കെ. കെ. അംബിക കുമാരി 9. റ്റി. ലീലാ സരോജം
10. പി. ആർ. വിനോദ്കുമാർ 11. എസ്. മുരുകേശൻ
12. ആർ. രാജശേഖരൻ നായർ 13. വി. വിജയകുമാർ



1. എൻ. താജുദീൻ 2. ആർ. ഗോപാലകൃഷ്ണപിള്ള 3. പി. മണി 4. എം. അമിനാബീവി
5. കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ 6. വി. ശിവശങ്കരൻ നായർ
7. എസ്. കെ. അജിത്കുമാർ 8. പി. രാമചന്ദ്രൻ നായർ 9. കെ. സുബ്രഹ്മണ്യൻ
10. ആർ. സ്റ്റാൻലി 11. ജെ. എഡിസൺ 12. എ. കെ. രവി

# എഡിറ്റോറിയൽ ബോർഡ്



**ബി. എസ്. ബാബു**

(ചീഫ് എഡിറ്റർ)





**ബോർഡ് അംഗങ്ങൾ**


1. എസ്. എസ്. സിന്ധു 2. റീറ്റാ വർഗ്ഗീസ് 3. വി. വിജയകുമാർ
4. കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ 5. പി. സി. എബ്രഹാം

# ഐ. എസ്. ഒ. യുടെ ഇതര സാരഥികൾ



വി. കെ. ഹരിഹരൻ


കെ. അരവിന്ദാക്ഷൻ നായർ



എ. കെ. ഹരീന്ദ്രൻ


സി. വി. വേലപ്പൻ നായർ



വി. ശ്രീകുമാരൻ നായർ


സെബാസ്റ്റ്യൻ


ഗീതാ ബാലൻ


ഷാനവാസ്



ഡി. കുമാർകൃഷ്ണ


പി. പീറ്റർ



കെ. ജി. അജിത്ചന്ദ്രൻ


എസ്. മുരളീധരൻ


പി. വിജയകുമാർ


ആർ. ദിനേശ്കുമാർ


പി. വാസുദേവൻ


ആർ. വേണുഗോപാൽ

# അച്ചടിവകുപ്പിന്റെ ഉത്തരവാദിത്വം ജില്ലാഫാറം സ്റ്റോറുകളിലൂടെ

ശ്രീ. ആർ. രാജശേഖരൻ നായർ, ജനറൽ സെക്രട്ടറി, I.S.O.

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ കാറ്റഗറിക്കൽ സംഘടനയായ ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഒരു സ്മരണിക പ്രകാശനം ചെയ്യുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ അവസരത്തിൽ ഈ സംഘടനയുടെ ജനറൽ സെക്രട്ടറി പദത്തിൽ തുടരുവാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

ഈ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ അനുഭവിച്ചുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്കായി 1977 മേയ് 31-ന് രൂപം കൊണ്ട ഈ സംഘടന വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ ഡിപ്പാർട്ടുമെന്റിലെ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള കാറ്റഗറിക്കൽ സംഘടന എന്ന നിലയിൽ ഉയർന്നു. 1-8-1979 ലാണ് ഈ സംഘടനയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചതെങ്കിലും അതിനു മുൻപ് തന്നെ വകുപ്പിലെ ജീവനക്കാരുടെയും മേലുദ്യോഗസ്ഥരുടെയും മനസ്സിന്റെ അംഗീകാരം നേടിക്കഴിഞ്ഞിരുന്നു.

*1977 മുതൽ ഈ രണ്ടര പതിറ്റാണ്ടു കാലത്തിനിടയിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കുണ്ടായ നേട്ടങ്ങളുടെയെല്ലാം പിന്നിൽ ഈ സംഘടനയുടെ ഊർജ്ജസ്വലവും ത്യാഗോജ്ജ്വലവുമായ പ്രവർത്തനമായിരുന്നെന്ന് കാണാവുന്നതാണ്. ഇത് മറ്റാർക്കും അവകാശപ്പെടുവാൻ സാദ്ധ്യമല്ല.*

ഈ സന്ദർഭത്തിൽ, അച്ചടിവകുപ്പ് അതിന്റെ ഉത്തരവാദിത്വം ഇതരവകുപ്പുകൾക്കും പൊതുജനങ്ങൾക്കും ജില്ലാഫാറം സ്റ്റോറുകളിലൂടെ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

## അച്ചടിവകുപ്പിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം

രാജ്ഭവൻ, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, ഇതര വകുപ്പുകൾ, മറ്റ് ആഫീസുകൾ എന്നിവിടങ്ങളിലേയ്ക്ക് പ്രിന്റിംഗും ബയന്റിംഗുമായ ആവശ്യങ്ങൾ ഏറ്റെടുത്ത് ചെയ്തു കൊടുക്കുവാനും സർക്കാർ ഗസറ്റ് അച്ചടിക്കുവാനും വേണ്ടിയാണ് അച്ചടി വകുപ്പ് സ്ഥാപിക്കപ്പെട്ടത്. ആക്ടുകൾ, ഓർഡിനൻസുകൾ, റൂൾസ്, മാനുവൽസ് മുതലായവ അച്ചടിക്കുന്നതിനും അവ പ്രസിദ്ധം ചെയ്യുന്നതിനും കൂടിയാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സർക്കാർ പ്രസിദ്ധീകരണങ്ങൾ എല്ലാം തന്നെ അച്ചടിവകുപ്പിലെ പ്രസിദ്ധീകരണ വിഭാഗത്തിലൂടെയും അതുപോലെ തന്നെ അംഗീകൃത ഏജന്റുമാർ മുഖേനയും വിൽപ്പന നടത്തുകയും വേണം. ഫാറങ്ങൾ, രജിസ്റ്ററുകൾ, മാനുവൽസ്, കോഡ്സ്, റൂൾസ് എന്നിവയുടെ അച്ചടിയും വിതരണവും കൂടാതെ സർക്കാർ ചുമതലപ്പെടുത്തുന്ന ഏതൊരു അച്ചടി ജോലിയും ഏറ്റെടുത്ത് ചെയ്ത് കൊടുക്കേണ്ടത് അച്ചടിവകുപ്പിന്റെ കർത്തവ്യമാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ സ്വകാര്യപ്രസ്സുകളിലും ബയന്റിംഗ് സ്ഥാപനങ്ങളിലും സർക്കാർ ജോലികൾ നിർവ്വഹിക്കപ്പെടുമ്പോൾ അവയുടെ മേൽനോട്ടം വഹിക്കേണ്ടതും അച്ചടിവകുപ്പിന്റെ ചുമതലയിൽപ്പെട്ട കാര്യമാണ്. ഇത്തരം ജോലിക്കാര്യത്തിൽ അച്ചടിയുടെ മേന്മ നിലനിർത്തുന്നതിനു വേണ്ട സഹായം ചെയ്തു കൊടുക്കേണ്ടതും വൃത്തിയായും വേഗത്തിലും അവ ചെയ്തു തീർക്കുന്നതിനുള്ള സാങ്കേതിക ഉപദേശം നൽകേണ്ടതും അച്ചടിവകുപ്പിന്റെ പ്രവർത്തനത്തിന്റെ ഭാഗമാണ്. ചുരുക്കത്തിൽ മറ്റ് വകുപ്പുകളുടെ അച്ചടിസംബന്ധമായ ആവശ്യങ്ങൾ നിർവ്വഹിച്ചു നൽകുവാൻ ബാദ്ധ്യസ്ഥമായ ഒരു സർവ്വീസ് ഡിപ്പാർട്ടുമെന്റാണ് അച്ചടിവകുപ്പ്. അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകുന്ന സേവനങ്ങൾക്കുള്ള കൂലി 'ഇൻവോയ്സ്' അയച്ചു കൊടുത്ത് വസൂലാക്കുന്നു.

മേൽപ്പറഞ്ഞ അച്ചടിജോലികൾ നിർവ്വഹിക്കുന്നതിനായി 11 പ്രസ്സുകളും വിതരണത്തിനും വില്പനയ്ക്കുമായി 11 ജില്ലാ ഫോറം സ്റ്റോറുകളുമാണ് നിലവിലുള്ളത്.

> *"പൂന്തിങ്കളിൽപ്പങ്കമണച്ചധാതാ-
> വപൂർണതയ്ക്കേ വിരചിച്ചു വിശ്വം"*

മിനിസ്റ്റീരിയൽ വിഭാഗവും സാങ്കേതിക വിഭാഗവും സംയുക്തമായാണ് അച്ചടിവകുപ്പിന്റെ ഉത്തരവാദിത്വങ്ങളും കടമയും നിർവ്വഹിച്ചു പോരുന്നത്. അച്ചടിയും തൽസംബന്ധമായ ഉല്പാദന പ്രക്രിയകളും സാങ്കേതിക വിഭാഗത്തിലെ വിദഗ്ദ്ധ തൊഴിലാളികളാണ് നിർവ്വഹിക്കുന്നത്. അനുബന്ധ ആഫീസ് കാര്യങ്ങളും (എസ്റ്റാബ്ലിഷ്മെന്റ് ഉൾപ്പെടെ) അച്ചടിച്ചവയുടെ വിതരണം, വില്പന തുടങ്ങിയ കാര്യങ്ങളും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ നിർവ്വഹിക്കുന്നു.

അച്ചടി ജോലികൾ, മിക്കവാറും പൊതുസ്വഭാവമുള്ളവ, നിലവിലുള്ള എല്ലാ ഗവ: പ്രസ്സുകളിലും നിർവ്വഹിക്കപ്പെടുന്നു. ചില പ്രത്യേക ഇനം ജോലികൾ നിയുക്ത പ്രസ്സുകളിൽ മാത്രം ചെയ്യപ്പെടുന്നു. രഹസ്യസ്വഭാവമുള്ളവയ്ക്കായി ഗവൺമെന്റ് സെൻട്രൽ പ്രസ്സിനുള്ളിൽത്തന്നെ പ്രത്യേക സെക്ഷനും (കോൺഫിഡൻഷ്യൽ സെക്ഷൻ) സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

## അച്ചടിച്ച ഫാറങ്ങളും രജിസ്റ്ററുകളും ഇതരവകുപ്പുകൾക്ക് ലഭ്യമാക്കൽ

സർക്കാർ ആഫീസുകൾക്ക് ആവശ്യമായ അച്ചടിച്ച ഫാറങ്ങളും, രജിസ്റ്ററുകളും സ്റ്റോറുകളിൽ സ്റ്റോക്ക് ചെയ്യുകയും അവിടെ നിന്ന് വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഇക്കാര്യത്തിലെ നടപടിക്രമം. തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ നിന്നു മാത്രമായിരുന്നു കേരളത്തിലങ്ങോളമിങ്ങോളമുള്ള സർക്കാർ ആഫീസുകൾക്ക് ആവശ്യമായവ വിതരണം നടത്തി വന്നിരുന്നത്. 1980 മുതൽ ഘട്ടം ഘട്ടമായി ഇതുവരെ 11 ജില്ലകളിൽ ഫാറം സ്റ്റോറുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഓരോ ജില്ലയിലെയും സർക്കാർ ആഫീസുകൾക്ക് ആവശ്യമായവ അതത് ജില്ലകളിൽ നിന്നു തന്നെ ശേഖരിച്ചു കൊണ്ടു പോകുവാൻ കഴിയും എന്നതാണ് ജില്ലാഫോറം സ്റ്റോറുകൾ സ്ഥാപിച്ചിരിക്കുന്നതുകൊണ്ടുള്ള മെച്ചം.

ഇതര വകുപ്പുകൾക്ക് ഇതിനു മുൻപ് ഏർപ്പെട്ടിരുന്ന അസൗകര്യങ്ങൾ ഒഴിവാകുകയും മൊത്തത്തിൽ സർക്കാരിന് ലാഭമുണ്ടാവുകയും ചെയ്യുന്ന നിലവിലുള്ള സംവിധാനം, അച്ചടി വകുപ്പിന്റെ സേവനങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്നു.

## ഇതര വകുപ്പുകളിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ചെയ്യുന്ന സേവനം

ഉദ്യോഗത്തിൽ പ്രവേശിക്കുന്നത് മുതൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നത് വരെ ഓരോ സർക്കാർ ജീവനക്കാരനും അവരവരുടെ വ്യക്തിഗത ആഫീസ് രേഖകളായി അതത് ആഫീസുകളിൽത്തന്നെ സൂക്ഷിക്കേണ്ടതിനായി വിലയ്ക്കു വാങ്ങി ഏല്പിക്കേണ്ടവയാണ് — സർവ്വീസ് ബുക്ക്, പ്രോവിഡന്റ് ഫണ്ട് പാസ് ബുക്ക്, പെൻഷൻ ബുക്ക്, ഗസറ്റഡ് എൻറൈറ്റിൽമെന്റ് രജിസ്റ്റർ മുതലായ പ്രസിദ്ധീകരണങ്ങൾ.

അതുപോലെ സർവ്വീസിൽ ഉയർച്ചയ്ക്കു മാനദണ്ഡമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് ജയിക്കുന്നതിനും ഔദ്യോഗിക കാര്യങ്ങളിൽ മാർഗ്ഗദർശനം തേടുന്നതിനും ജീവനക്കാരനെ പ്രാപ്തനാക്കുന്ന റഫറൻസ് ബുക്കുകളാണ് — മാനുവൽ ഓഫ് ഓഫീസ് പ്രൊസീഡ്യുർ, കേരള സർവ്വീസ് റൂൾസ്, ഫൈനാൻഷ്യൽ കോഡ്, ട്രഷറി കോഡ്, അക്കൗണ്ട് കോഡ്, ബജറ്റ് മാനുവൽ എന്നീ സർക്കാർ പ്രസിദ്ധീകരണങ്ങൾ.

സർക്കാർ കലണ്ടർ വീടുകളിലും സ്ഥാപനങ്ങളിലും ഒരവശ്യഘടകമായും ഒപ്പം പ്രൗഢിയുടെ ചിഹ്നമായും കരുതപ്പെടുന്നു. അതുപോലുള്ള മറ്റൊരു പ്രസിദ്ധീകരണമാണ് സർക്കാർ ഡയറി.

*മേൽപ്പറഞ്ഞ വിഭാഗങ്ങളിലുൾപ്പെട്ട വിവിധ സർക്കാർ പ്രസിദ്ധീകരണങ്ങൾ തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ എന്നീ സ്ഥലങ്ങളിലെ പ്രസ്സുകളോടനുബന്ധിച്ചു പ്രവർത്തിക്കുന്ന പബ്ളിക്കേഷൻസ് സ്റ്റോറുകളിൽ നിന്ന് മാത്രമേ സർക്കാർ തലത്തിലുള്ള വിതരണം നടത്തിയിരുന്നുള്ളു.* ഇതു കൂടാതെ, കമ്മിഷൻ വ്യവസ്ഥയിൽ വിവിധ സ്ഥലങ്ങളിലെ നിയുക്ത ഏജന്റുമാർ മുഖേനയും വില്പന നടത്തിയിരുന്നു. പക്ഷേ ഈ രീതി തീരെ അപര്യാപ്തമായിരുന്നു. 22-1-1983 ലെ സർക്കാർ ഉത്തരവ് (G.O. (Rt.) 198/83/H.Edn.) പ്രകാരം നിലവിലുണ്ടായിരുന്ന ജില്ലാഫാറം സ്റ്റോറുകളിലൂടെയും സർക്കാർ കലണ്ടർ ഉൾപ്പെടെ മറ്റെല്ലാ സർക്കാർ പ്രസിദ്ധീകരണങ്ങളും വിൽപ്പന നടത്തുവാൻ തുടങ്ങി. പബ്ലിക്കേഷൻസ് സ്റ്റോറുകൾ, നിയുക്ത ഏജന്റുമാരെക്കൂടാതെ നിലവിലുള്ള ജില്ലാഫാറം സ്റ്റോറുകൾ മുഖേനയുമായി സർക്കാർ പ്രസിദ്ധീകരണങ്ങളുടെ വിതരണ ശൃംഖല വ്യാപിപ്പിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് ആവശ്യമുള്ള എല്ലാത്തരം സർക്കാർ പ്രസിദ്ധീകരണങ്ങളും സുലഭമായി ലഭ്യമാക്കും വിധം അക്കാര്യത്തിലുള്ള സേവനവും തുടരുന്നു.

പേര്, ഒപ്പ്, മതം എന്നിവ മാറ്റുന്നതിനും ജാതി തിരുത്തുന്നതിനും ഗസറ്റിൽ പരസ്യം ചെയ്യുന്നതിനുമായി ആളുകൾ തിരുവനന്തപുരത്ത് സെൻട്രൽ പ്രസ്സിൽ നേരിട്ട് വന്നോ തപാൽ മുഖേനയോ

*"തന്നതില്ല പരനുള്ളു കാട്ടുവാനൊന്നുമേ നരനുപായമീശ്വരൻ;*
*ഇന്നു ഭാഷയതപൂർണമിങ്ങഹോ വന്നു പോം പിഴയുമർത്ഥശങ്കയാൽ"*

ഗവ: പ്രസ്സുകളുടെ സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കണമായിരുന്നു. 1996 ജനുവരി 1–ാം തീയതി മുതൽ ഇക്കാര്യങ്ങളിലുള്ള അപേക്ഷകൾ നിലവിലുള്ള ഫാറം സ്റ്റോറുകളിലും സ്വീകരിച്ചു വരുന്നു. ഇതു മൂലം മേൽപ്പറഞ്ഞ പരസ്യം നൽകേണ്ട പൊതുജനങ്ങൾക്ക് വളരെയധികം സൗകര്യങ്ങളാണ് ലഭ്യമായിരിക്കുന്നത്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആപ്ലിക്കേഷൻ ഫാറം കെ. പി. എസ്. സി. യുടെ ജില്ലാ ആഫീസുകളിൽക്കൂടിയായിരുന്നു വിതരണവും വില്പനയും നടത്തിയിരുന്നത്. പ്രസ്തുത ഫാറങ്ങൾ (വില മുദ്രണം ചെയ്തതും വില സൗജന്യമായതും) സ്റ്റോക്കു ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും വിവിധ കാരണങ്ങളാൽ പ്രയാസമാണെന്ന് കമ്മീഷൻ സർക്കാരിനെ അറിയിച്ചതിനെ ത്തുടർന്ന് ആ ചുമതല അച്ചടി വകുപ്പിനെ ഭരമേല്പിച്ച് ഉത്തരവായി.

(G.O. (Ms.) No. 8/88/P&ARD Dt. 22-2-1988 പ്രകാരം പ്രസ്തുത അപേക്ഷഫാറങ്ങൾ അച്ചടി വകുപ്പിന്റെ കീഴിൽ നിലവിലുണ്ടായിരുന്ന ജില്ലാ ഫാറം സ്റ്റോറുകളിലൂടെയും പബ്ലിക്കേഷൻ സ്റ്റോറുകളിലൂടെയും വിതരണവും വില്പനയും നടത്തിപോന്നിരുന്നു. കെ. പി. എ. സി. അപേക്ഷ ഫാറം തയ്യാറാക്കി വില്പന നടത്തി വന്നിരുന്ന സംവിധാനം നിർത്തലാക്കുന്നതുവരെ ഇക്കാര്യത്തിൽ ജില്ലാഫാറം സ്റ്റോറുകളുടെയും പബ്ലിക്കേഷൻ സ്റ്റോറുകളുടെയും സേവനം കുറ്റമറ്റതായി നിർവ്വഹിക്കപ്പെട്ടിരുന്നു. *ഈ സംവിധാനം പുനരാവിഷ്ക്കരിക്കപ്പെട്ടാൽ മേലിലും ജില്ലാഫാറം സ്റ്റോറുകളുടെ സേവനം അക്കാര്യത്തിലുണ്ടാകും എന്ന് "I.S.O" യുടെ പേരിൽ ഉറപ്പു നൽകുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.*

വിവിധ വകുപ്പുകൾക്കും ആഫീസുകൾക്കും ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും കൂടുതൽ സൗകര്യപ്രദമായി അതത് ജില്ലകളിൽ നിന്നു തന്നെ ശേഖരിക്കുവാൻ സാധ്യമാകുംവിധം സ്ഥാപിക്കപ്പെട്ടവയാണ് ജില്ലാഫാറം സ്റ്റോറുകൾ. ഈ സ്റ്റോറുകൾക്കായി അനുവദിക്കപ്പെട്ട സ്റ്റാഫിന്റെ എണ്ണത്തിൽ യാതൊരു വർദ്ധനയും ഉണ്ടാകില്ലെന്ന മുൻവിധിയോടെ തന്നെ അധിക ചുമതലകൾ കൂടി ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. സർക്കാർ പ്രസിദ്ധീകരണങ്ങളുടെ വില്പനയും കെ. പി. എസ്സ്. സി. അപേക്ഷ ഫാറങ്ങളുടെ വിതരണവും വില്പനയും പിൽക്കാലത്ത് നിർത്തി വയ്ക്കപ്പെട്ടു. പേർ, ഒപ്പ്, മതം, ജാതി എന്നിവയുടെ മാറ്റം സംബന്ധിച്ചുള്ള ഗസറ്റു പരസ്യങ്ങൾക്കുള്ള അപേക്ഷ സ്വീകരിക്കൽ എന്നിവയാണ് മേല്പറഞ്ഞ അധിക ചുമതലകൾ.

ഈ സംവിധാനങ്ങളൊക്കെയും കൂടുതൽ ഫലപ്രാപ്തിയിലെത്തുവാൻ സാധിക്കണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി നടപ്പിലാക്കേണ്ടതുണ്ട്:

1. സർക്കാരിന്റെ അച്ചടി ആവശ്യങ്ങൾ എത്രത്തോളമുണ്ടെന്ന് ബോദ്ധ്യം വരുത്തുകയും അടുത്ത അഞ്ചുവർഷത്തെ അച്ചടി ആവശ്യങ്ങൾ കണക്കിലെടുത്ത് അച്ചടി വകുപ്പിന്റെ വികസനം വർദ്ധിക്കുന്ന ജോലിയുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം ചെയ്യുകയും വേണം.

2. വർഷാവർഷങ്ങളിൽ വില്പനയിൽ സർക്കാരിന് ലാഭമുണ്ടാകുന്ന വ്യാവസായികോല്പന്നങ്ങളായ കലണ്ടർ, ഡയറി എന്നിവ യഥാസമയം അച്ചടിച്ചിറക്കിയാൽ സർക്കാരിന് ഇക്കാര്യത്തിൽ ഉള്ള വരുമാനം വർദ്ധിക്കുന്നതാണ്. സ്വകാര്യ ഏജൻസികൾ നവംബർ ആദ്യ ദിവസങ്ങളിൽ ത്തന്നെ അവരുടെ ഉല്പന്നങ്ങൾ വില്പനയ്ക്കെത്തിക്കുമ്പോൾ സർക്കാർ ഉൾപ്പന്നങ്ങൾ, ഡിസംബർ അവസാനം വരെ നീളുന്നത് അഭികാമ്യമല്ല.

3. സർക്കാർ പ്രസിദ്ധീകരണങ്ങളായ മാനുവൽസ്, കോഡ്സ്, റൂൾസ് മുതലായ റഫറൻസ് ബുക്കുകളും സർവ്വീസ് ബുക്ക്, പെൻഷൻ ബുക്ക് എന്നിവയും വില്പനയ്ക്ക് സുലഭമാക്കുക.

4. അച്ചടിച്ച ഫാറങ്ങൾ, രജിസ്റ്ററുകൾ വില്പനയ്ക്കായുള്ള മറ്റു സർക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവ യഥാസമയം ആവശ്യാധിഷ്ഠിതമായി ജില്ലാ ഫാറം സ്റ്റോറുകളിലെല്ലാം എത്തിക്കുന്നതിന് സൗകര്യമേർപ്പെടുത്തുക.

5. ഇടുക്കി, വയനാട്, കാസർകോട് എന്നീ ജില്ലകളിൽ ജില്ലാഫാറം സ്റ്റോറുകൾ നിലവിലില്ല. പ്രസ്തുത ജില്ലകളിലെ സർക്കാർ ആഫീസുകൾക്ക് ഫാറങ്ങളും, രജിസ്റ്ററുകളും ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പേരുമാറ്റം, മതംമാറ്റം, ജാതി തിരുത്ത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിലേക്ക് പ്രസ്തുത ജില്ലകളിൽ ജില്ലാഫാറം അനുവദിക്കുക. പൊതുജനോപകാരപ്രദവും സർക്കാരിന്റെ വരുമാന മാർഗ്ഗങ്ങളിൽ ഒന്നാക്കിയും ജില്ലാഫാറം സ്റ്റോറുകളെ വളർത്തി എടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

*"സത്യം ബ്രൂയാൽ പ്രിയം ബ്രൂയാൽ*
*ന ബ്രൂയാൽ സത്യമ പ്രിയം"*

# മാസ്റ്റർ സർവ്വീസ്

Opp. പാലാട്ട് ആശുപത്രി
സിവിൽ സ്റ്റേഷൻ റോഡ്, പാലക്കാട്
ഫോൺ : 531995

..........................................

എല്ലാവിധ
ഗവണ്മെന്റ് പ്രസിദ്ധീകരണങ്ങളും
വിൽക്കപ്പെടുന്നു.
കൂടാതെ
ഡി. റ്റി. പി.,
ജോബ് ടൈപ്പിംഗ്
ചെയ്തു
കൊടുക്കുന്നു

കവിത

മഹാകവി എം. പി. അപ്പൻ

# ഒരു സുമംഗലിയോട്



നീ സുമംഗലി, വന്നിരിക്കുന്നു
ഭാസുരോദയ രശ്മിപോൽ
നിന്റെ സീമന്തരേഖയിലെന്തേ
നീ അണിഞ്ഞീല കുങ്കുമം?
അർത്ഥപുഷ്ടിയെഴും കവിതയ്ക്കു
ശബ്ദസൗഷ്ഠവമെന്നപോൽ
തീർച്ചയായുമാ രേഖ ശോഭിക്കും
ചേർച്ചയത്രയ്ക്കുണ്ടാകുമേ

---

എഴുത്തച്ചൻ അവാർഡും വള്ളത്തോൾ പുരസ്ക്കാരവും, മദിരാശിയിലെ ആശാൻ അക്കാഡമി അവാർഡും (2002) മഹാകവി ശ്രീ. എം. പി. അപ്പന് ലഭിച്ചിട്ടുണ്ട്. കേരള സർവ്വകലാശാല ഡി. ലിറ്റ് ബിരുദം നല്കി ആദരിച്ചു. 'പളുങ്കുമണികൾ' അടക്കം നൂറിലധികം കവിതാസമാഹാരങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നവതി ആഘോഷിക്കുന്ന മഹാകവിക്കു ഐ. എസ്. ഒ. യുടെ ആശംസകൾ!

---

'ലോകമേ തറവാടു തനിക്കീച്ചെടികളും,
പുൽകളും പുഴുക്കളും കൂടിത്താൻ കുടുംബക്കാർ;
ത്യാഗമെന്നതേ നേട്ടം, താഴ്മ താനഭ്യുന്നതി,
യോഗവിത്തേവം ജയിക്കുന്നതെൻ ഗുരുനാഥൻ'

## THE KERALA HANDLOOMS

ദി കേരളാ ഹാന്റ്‌ലൂംസ്

Single Street, Balaramapuram-695 501
Thiruvananthapuram, Kerala State, India
Phone : 0471 - 400748

*Mfrs of : Kasavu Sarees, Kasavu Pudava, Kavani, Set Mundu, Dhothies & Other Handlooms etc.*

*Best Wishes From*

## S. V. Press

NEYYATTINKARA
THIRUVANANTHAPURAM

## SUBASH

FURNITURE & FURNISHING CLOTH

**T. C. 38/2556, ARYASALA,**
**THIRUVANANTHAPURAM**
**PHONE : 475154, 463482, 461332**



**STEEL - WOODEN FURNITURE • CURTAIN AND FURNISHING CLOTH**
**• MATRESS • FLOORMAT • SETTY CUSHION**

*Best Compliments From*

## ASSOCIATED STATIONERS

Press Road
Thiruvananthapuram - 695 001

# Golden Sayings

Collected by
RITA VARGHESE
U. D. Clerk
G. C. P., Tthiruvananthapuram

1. Every right carries with it corresponding duty. Gandhiji
2. I slept and dreamed that life was beauty. I walk and found that life is duty. Hoopper
3. The more I know, the more I know, there is more to know. Milton
4. Strength does not come from physical capacity; it comes from the indomitable will. Gandhiji
5. People do not lack strength; they lack will. Victor Hugo
6. The sea hath bounds; but, deep desire hath none. Shakespeare
7. Work without faith is like an attempt to reach the bottom of the bottomless pit. Gandhiji
8. Lives of great men all remind us that we can make our lives sublime. H. W. Long-Fellow
9. A man turns to himself is eating himself. Tagore
10. Do unto others what you want them to do to you. Bible
11. Love all, trust a few, do not do harm to none. Shakespeare
12. There is no peace without justice and no justice without forgiveness. Pop John Paul IInd

## SEVEN SOCIAL SINS

1. Politics without principles
2. Wealth without work
3. Commerce without morality
4. Education without character
5. Pleasure without conscience
6. Science without humanity
7. Worship without Sacrifice. Gandhiji

**ROSE OPTICALS**

"Rose Enclave", P.B. No. 127,
T. C. 26/2115 Statue Road,
Trivandrum - 695 001

**Phone : 452326, 473951, 476691**
**Fax : 0471 - 478085**

E-Mail : jsprakas@md3.vsnl.net.in
Website : www.roseopticals.com

**ROSE OPTICALS GROUP**

Subha
MATCHING CENTRE
TEXTILE DEALERS

# Subha

**MATCHING CENTRE**
**TEXTILE DEALERS**

Chalai Bazar
Thiruvananthapuram-36
**Phone : (S) 471136, (R) 473048, 462502**

# മോഡേൺ ഫോട്ടോസ്റ്റാറ്റ്

**അയ്യന്തോൾ, തൃശൂർ-3**

ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ,
സർവ്വീസ് ബുക്ക്,
പെൻഷൻ ബുക്ക്,
മറ്റ് എല്ലാവിധ ഫോറങ്ങളും
ലഭിക്കുന്ന
അയ്യന്തോളിലെ
പ്രമുഖ സ്ഥാപനം

# സെൻട്രൽ ബുക്ക് സ്റ്റാൾ

**തൃശൂർ-20**

ഗവൺമെന്റ്
പ്രസിദ്ധീകരണങ്ങൾ
ലഭിക്കുന്ന
തൃശൂരിലെ
പ്രമുഖ
സ്ഥാപനം

# അച്ചടി വകുപ്പിലെ സ്വതന്ത്ര സർവ്വീസ് ഓർഗനൈസേഷന്റെ സാരഥികൾ

## 1977-ൽ സംഘടനയ്ക്ക് ബീജവാപം നടത്തിയവർ

1. ശ്രീ. എൻ. കൃഷ്ണപിള്ള
2. ശ്രീ. കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ
3. ശ്രീ. പി. എസ്സ്. ജോർജ്ജ്കുട്ടി
4. ശ്രീ. പി. മണി
5. ശ്രീ. പി. വി. ജോസഫ്
6. ശ്രീ. വി. ശിവശങ്കരൻ നായർ
7. ശ്രീ. എം. മണിയൻ ആശാരി
8. ശ്രീ. ജി. ഗോപാലകൃഷ്ണൻ നായർ
9. ശ്രീ. പി. രാമചന്ദ്രൻ പോറ്റി
10. ശ്രീ. എൻ. രാമചന്ദ്രൻ നായർ
11. ശ്രീ. കെ. എസ്സ്. എബ്രഹാം
12. ശ്രീ. സി. സോമശേഖരൻ നായർ

## ആദ്യത്തെ താല്ക്കാലിക കമ്മിറ്റി

1. കൺവീനർ – ശ്രീ. എസ്. സോമശേഖരൻ നായർ
2. കമ്മിറ്റി അംഗം – ശ്രീ. പി. മണി
3. കമ്മിറ്റി അംഗം – ശ്രീ. ജി. ഗോപാലകൃഷ്ണൻ നായർ
4. കമ്മിറ്റി അംഗം – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
5. കമ്മിറ്റി അംഗം – ശ്രീ. എൻ. പത്മനാഭൻ നായർ

## 24-6-1977 മുതൽ

1. പ്രസിഡന്റ് – ശ്രീ. കെ. അരവിന്ദാക്ഷൻ നായർ
2. വൈസ് പ്രസിഡന്റ് – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
3. ജനറൽ സെക്രട്ടറി – ശ്രീ. സി. സോമശേഖരൻ നായർ
4. ജോയിന്റ് സെക്രട്ടറി – ശ്രീ. പി. മണി
5. ഖജാൻജി – ശ്രീ. എൻ. രാമചന്ദ്രൻ നായർ

"അവനവനാത്മ സുഖത്തിനാചരിക്കു-
ന്നവയപരനും സുഖത്തിനായ് വരേണം"

## 28-11-1979 മുതൽ

1. പ്രസിഡന്റ് - ശ്രീ. എസ്സ്. ചെല്ലപ്പൻ നായർ
2. വൈസ് പ്രസിഡന്റ് - ശ്രീ. പി. മണി
3. ജനറൽ സെക്രട്ടറി - ശ്രീ. സി. സോമശേഖരൻ നായർ
4. ജോയിന്റ് സെക്രട്ടറി - ശ്രീ. എൻ. താജുദീൻ
5. ഖജാൻജി - ശ്രീ. സി. പി. വേലപ്പൻ നായർ

## 11-2-1981 മുതൽ

1. പ്രസിഡന്റ് - ശ്രീ. എസ്സ്. ചെല്ലപ്പൻ നായർ
2. വൈസ് പ്രസിഡന്റ് - ശ്രീ. പി. മണി
3. ജനറൽ സെക്രട്ടറി - ശ്രീ. എൻ. മാലേശ്വരൻ (30-6-1983 വരെ)
4. ജനറൽ സെക്രട്ടറി - ശ്രീ. സി. സോമശേഖരൻ നായർ (30-6-1983 മുതൽ)
5. ജോയിന്റ് സെക്രട്ടറി - ശ്രീ. ആർ. സ്റ്റാൻലി
6. ഖജാൻജി - ശ്രീ. സി. പി. വേലപ്പൻ നായർ

## 2-1-1986 മുതൽ

1. പ്രസിഡന്റ് - ശ്രീ. കെ. അരവിന്ദാക്ഷൻ നായർ
2. വൈസ് പ്രസിഡന്റ് - ശ്രീമതി എം. അമീനാ ബീവി
3. ജനറൽ സെക്രട്ടറി - ശ്രീ. ജി. ഗോപാലകൃഷ്ണൻ നായർ
4. ജോയിന്റ് സെക്രട്ടറിമാർ - ശ്രീ. പി. രാമചന്ദ്രൻ പോറ്റി
   - ശ്രീ. ആർ. പി. ശശികുമാർ
5. ഖജാൻജി - ശ്രീ. പി. വി. ജോസഫ്

## 29-9-1987 മുതൽ

1. പ്രസിഡന്റ് - ശ്രീ. ജി. ഗോപാലകൃഷ്ണൻ നായർ
2. വൈസ് പ്രസിഡന്റ് - ശ്രീ. പി. മണി
3. ജനറൽ സെക്രട്ടറി - ശ്രീ. ജെ. പത്മനാഭപിള്ള
4. ജോയിന്റ് സെക്രട്ടറിമാർ - ശ്രീ. ആർ. ഗോപാലകൃഷ്ണപിള്ള
   - ശ്രീ. എൻ. താജുദീൻ
6. ഖജാൻജി - ശ്രീ. പി. വി. ജോസഫ്

"പഠിപ്പുതന്നെ മനുഷ്യന് ഭൂഷണം
ഉടുപ്പുഭൂഷാദികളൊന്നുമല്ലഹോ"

## 5-4-1989 മുതൽ

1. പ്രസിഡന്റ് – ശ്രീമതി സ്റ്റെല്ലാ സ്റ്റീഫൻ
2. വൈസ് പ്രസിഡന്റ് – ശ്രീ. എസ്സ്. മഹാദേവൻ നായർ
3. ജനറൽ സെക്രട്ടറി – ശ്രീ. സി. പി. വേലപ്പൻ നായർ
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. എൻ. ആർ. സദൻ കുമാർ
   – ശ്രീ. ആർ. ഗോപാലകൃഷ്ണ പിള്ള
6. ഖജാൻജി – ശ്രീ. വിക്ടർ ജെ. ഡി. ജോയ്

## 21-2-1990 മുതൽ

1. പ്രസിഡന്റ് – ശ്രീ. ജെ. പത്മനാഭ പിള്ള
2. വൈസ് പ്രസിഡന്റ് – ശ്രീ. എൻ. താജുദീൻ
3. ജനറൽ സെക്രട്ടറി – ശ്രീ. സി. സോമശേഖരൻ നായർ
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. എൻ. ആർ. സദൻകുമാർ
   – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
6. ഖജാൻജി – ശ്രീ. ജി. ശ്യാം മോഹൻ

## 16-1-1992 മുതൽ

1. പ്രസിഡന്റ് – ശ്രീ. ജെ. പത്മനാഭ പിള്ള
2. വൈസ് പ്രസിഡന്റ് – ശ്രീ. ആർ. സ്റ്റാൻലി
3. ജനറൽ സെക്രട്ടറി – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. വി. വി. മനമോഹൻ
   – ശ്രീ. ആർ. വേണുഗോപാൽ
6. ഖജാൻജി – ശ്രീ. എൻ. ആർ. സദൻകുമാർ

## 18-3-1993 മുതൽ

1. പ്രസിഡന്റ് – ശ്രീ. ജെ. പത്മനാഭ പിള്ള
2. വൈസ് പ്രസിഡന്റ് – ശ്രീമതി എം. അമീനാ ബീവി
3. ജനറൽ സെക്രട്ടറി – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. ആർ. വേണുഗോപാൽ
   – ശ്രീ. വി. ശ്രീകുമാരൻ നായർ
6. ഖജാൻജി – ശ്രീ. എൻ. ആർ. സദൻ കുമാർ

> "ഉല്പലസ്യാരവിന്ദസ്യ മത്സ്യസ്യ കുമുദസ്യ ച ഏക
> യോനീ പ്രസൂതാനാം തേഷാം ഗന്ധഃ പൃഥക് പൃഥക്"

## 3-8-1995 മുതൽ

1. പ്രസിഡന്റ് – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
2. വൈസ് പ്രസിഡന്റ് – ശ്രീമതി ടി. ലീലാസരോജം
3. ജനറൽ സെക്രട്ടറി – ശ്രീ. ആർ. സ്റ്റാൻലി
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. വി. വി. മനമോഹൻ
   – ശ്രീ. സി. ബാലകൃഷ്ണൻ
6. ഖജാൻജി – ശ്രീ. കെ. ജി. അജിത് ചന്ദ്രൻ

## 7-8-1996 മുതൽ

1. പ്രസിഡന്റ് – ശ്രീ. ജെ. പത്മനാഭ പിള്ള
2. വൈസ് പ്രസിഡന്റ് – ശ്രീ. പി. മണി
3. ജനറൽ സെക്രട്ടറി – ശ്രീ. ആർ. സ്റ്റാൻലി (25-7-97 വരെ)
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. കെ. സുബ്രഹ്മണ്യൻ
   – ശ്രീ. എൻ. ആർ. സദൻ കുമാർ
   (25-7-1997 മുതൽ ജനറൽ സെക്രട്ടറിയുടെ ചാർജ്ജിൽ)
6. ഖജാൻജി – ശ്രീ. പി. രാമചന്ദ്രൻ നായർ

## 9-8-1997 മുതൽ

1. പ്രസിഡന്റ് – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
2. വൈസ് പ്രസിഡന്റ് – ശ്രീമതി കെ. ശ്യാമളാദേവി
3. ജനറൽ സെക്രട്ടറി – ശ്രീ. എൻ. ആർ. സദൻ കുമാർ
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. ജെ. സോളമൻ
   – ശ്രീ. സി. ബാലകൃഷ്ണൻ
6. ഖജാൻജി – ശ്രീ. പി. രാമചന്ദ്രൻ നായർ

## 16-9-1998 മുതൽ

1. പ്രസിഡന്റ് – ശ്രീ. പി. രാമചന്ദ്രൻ പോറ്റി
2. വൈസ് പ്രസിഡന്റ് – ശ്രീമതി ടി. ലീലാസരോജം
3. ജനറൽ സെക്രട്ടറി – ശ്രീ. എൻ. ആർ. സദൻ കുമാർ
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. പി. രാമചന്ദ്രൻ നായർ
   – ശ്രീ. എസ്സ്. വിജയൻ
6. ഖജാൻജി – ശ്രീ. എസ്സ്. മുരുകേശൻ

*"സ്വാതന്ത്ര്യം തന്നെയമൃതം, സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്, മൃതിയേക്കാൾ ഭയാനകം "*

**14-10-1999 മുതൽ**

1. പ്രസിഡന്റ് – ശ്രീ. ആർ. ഗോപാലകൃഷ്ണ പിള്ള
2. വൈസ് പ്രസിഡന്റ് – ശ്രീ. വി. വി. മനമോഹൻ
3. ജനറൽ സെക്രട്ടറി – ശ്രീ. കെ. ജി. അജിത് ചന്ദ്രൻ (1-12-1999 വരെ)
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. വി. വിജയകുമാർ (1-12-99 മുതൽ ജനറൽ സെക്രട്ടറിയുടെ ചാർജ്ജിൽ)
   – ശ്രീ. എസ്. കെ. അജിത്കുമാർ
6. ഖജാൻജി – ശ്രീ. സി. ബാലകൃഷ്ണൻ

**20-9-2000 മുതൽ**

1. പ്രസിഡന്റ് – ശ്രീ. ആർ. ഗോപാലകൃഷ്ണ പിള്ള
2. വൈസ് പ്രസിഡന്റ് – ശ്രീ. കെ. സുബ്രഹ്മണ്യൻ
3. ജനറൽ സെക്രട്ടറി – ശ്രീ. ആർ. രാജശേഖരൻ നായർ
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീ. വി. വി. മനമോഹൻ
   – ശ്രീ. വി. വിജയകുമാർ
6. ഖജാൻജി – എസ്. കെ. അജിത്കുമാർ

**17-10-2001 മുതൽ**

1. പ്രസിഡന്റ് – ശ്രീ. എസ്. മുരുകേശൻ
2. വൈസ് പ്രസിഡന്റ് – ശ്രീ. എസ്. വിജയൻ
3. ജനറൽ സെക്രട്ടറി – ശ്രീ. ആർ. രാജശേഖരൻ നായർ
4. ജോയിന്റ് സെക്രട്ടറിമാർ – ശ്രീമതി എസ്. എസ്. സിന്ധു
   – ശ്രീ. എസ്. ഷിനു
6. ഖജാൻജി – എസ്. കെ. അജിത്കുമാർ


ആശംസകൾ

# ശ്രീദേവി എന്റർപ്രൈസസ്


കോർട്ട് റോഡ്, മഞ്ചേരി

**ഏജന്റ് : ഗവൺമെന്റ് പബ്ലിക്കേഷൻസ്**

**അക്കൗണ്ട് ബുക്കുകൾ, ഓഫീസ് സ്റ്റേഷനറി, സ്ക്കൂൾ ഗൈഡുകൾ മുതലായവ**

# ALUMINIUM

**Door, Handrails, Windows, Show cases, Partitions, Sun Control, Interior Decorators**



## LINART
**ALUMINIUM COMPANY**

Thamalam, Poojappura(PO), Thiruvananthapuram-695 012
Tel : (O) 340620, (Co.) 344076 (Res.) 345976
Mobile : 98460 20740
Branch Office : Karamana Tel : 342259, 342260

*Best Wishes from*

# RASVI ENTERPRISES

CHALAI, TRIVANDRUM-36
PHONE : 463616

KTDC
Official host to God's Own Country

നിങ്ങൾക്കുവേണ്ടി

**കെ. റ്റി. ഡി. സി. യുടെ ആതിഥേയത്വം**

**കേരളത്തിലുടനീളം ഹോട്ടലുകൾ, മോട്ടലുകൾ, യാത്രീ നിവാസുകൾ, റസ്റ്റോറന്റുകൾ**

**യാത്രകൾ :** തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നിന്നും കൺടക്റ്റഡ് ടൂറുകൾ, കൊച്ചി കായലിൽ ബോട്ടുയാത്രയും ചുറ്റിക്കാഴ്ചയും, തേക്കടി തടാകത്തിൽ വന്യജീവി ദർശന ബോട്ടുയാത്ര. കുമരകത്തും വേളിയിലും കായലോര യാത്രകൾ.

**റിസർവേഷൻ :** കെ. റ്റി. ഡി. സി. യൂണിറ്റുകളിലേയ്ക്കും കേരളത്തിനകത്തും പുറത്തുമുള്ള മറ്റു ഹോട്ടലുകളിലേയ്ക്കും അഡ്വാൻസ് റിസർവേഷൻ സൗകര്യം.

*വിശദവിവരങ്ങൾക്ക്* : മാനേജർ, മാർക്കറ്റിംഗ്

**കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സ്ഥാപനം)
മസ്കറ്റ് സ്ക്വയർ, തിരുവനന്തപുരം

# ROYAL FURNISHINGS

Aryasala Junction
Thiruvananthapuram - 695 036
Phone : 472340, 468169

Distributors of
Furnishing Cloth, Curtain Cloth,
Mattresses, Steel &
Wooden Furniture

"We undertake curtains & Cushions work against order"

# TELEPHONE NUMBERS

## (Printing Department)

| | | |
|---|---|---|
| Director of Printing | : | 0471 - 331458 |
| Superintendent of Govt. Presses | : | 0471 - 331941 |
| Deputy Superintendent (General)<br>Administrative Officer | : | 0471 - 331812 |
| Deputy Superintendent (S & S)<br>Deputy Superintendent (Confidential)<br>Assistant Superintendent (General)<br>Assistant Superintendent (Shift)<br>Labour Welfare Officer<br>Assistant Executive Engineer | : | 0471 - 330534 |
| Controller of Forms | : | 0471 - 331968 |
| Finance Officer<br>Accounts Officer<br>Administrative Assistant<br>Office Manager<br>Senior Superintendent (Estt.)<br>Publication Assistant | : | 0471 - 331360 |
| Stamp Manufactory, Thiruvananthapuram | : | 0471 - 471596 |
| Central Prison Press, Thiruvananthapuram | : | 0471 - 342138 |
| Government Press, Vazhoor | : | 0481 - 457040 |
| Government Press, Eranakulam | : | 0484 - 352059 |
| Government Press, Shornur | : | 0492 - 740434 |
| Government Press, Kozhikode | : | 0495 - 731499 |
| Government Press, Wayanad | : | 0493 - 682033 |
| Government Press, Kannur | : | 0497 - 747306 |

"അന്യഥാ ചിന്തിതം കാര്യം
ദൈവമന്യത്ര ചിന്തയേൽ"

Phone : 531055
530723 (R)

# JAYAMATHA ITC

Nalanchira, Trivandrum- 15

**COURSES : NCVT - GOVT. OF INDIA**

- Electrician (2 Yrs)
- Mechanic Radio & Television (MR & TV) (2 Yrs)
- Plumber (1 Yr)
- Secretarial Practice (SP) (1 Yr)
- Computer Operator & Programming Assistant (COPA) (1 Yr)

**NON-FORMAL TRADES**

- General Electronics
- General Electrician
- Computer Hardware
- Mechanic Motor Vehicle (MMV)
- Typewriting (English, Malayalam, Hindi-Lower & Higher)

Computer Software (MS-Office, DTP, Tally, PGDCA etc.)

# P. V. BOOK STALL

S. M. STREET
CALICUT-1

**BOOK SELLERS & STATIONERS**

# BOOKS INDIA

EAST STADIUM GROUND
NEAR SAFA HOTEL
RAJAJI ROAD, CALICUT-4
Phone: 0495 - 724442

*Dealers in :*
**Books, Paper, Forms, Office Stationery etc..**

asian paints COLOUR WORLD

# ARUNACHALAM & SONS

Marakkada Road, Chalai
Thiruvananthapuram-36
Phone : 472327

*Dealers in :* **NETLON, Insect Screen**
**asian paints Colour World**
**Distributor for Godrej Locks**

ലേഖനം

# സാക്ഷര ഭാരതം, സമ്പന്ന ഭാരതം, സമർത്ഥ ഭാരതം

ഡോ. കെ. ശിവദാസൻപിള്ള

കേരള സർവ്വകലാശാലയുടെ വിദൂര പഠന കേന്ദ്രത്തിന്റെ പ്രൊഫസറും വകുപ്പ ധ്യക്ഷനുമായിരുന്നു ലേഖകൻ. ക്യാൻഫെഡിന്റെ സെക്രട്ടറി ജനറലായിരുന്നു. അനൗപചാരിക വിദ്യാഭ്യാസം കേരളത്തിൽ പ്രചരിപ്പിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച അദ്ദേഹം നാനൂറിലധികം ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

2002-ലെ ലോകസാക്ഷരതാദിനത്തിന്റെ മുഖ്യസന്ദേശമായി മനുഷ്യ വിഭവശേഷി മന്ത്രാലയവും ദേശീയ സാക്ഷരതാമിഷനും അംഗീകരിച്ച പ്രമേയമാണിത്. തികച്ചും സമയോചിതവും സോദ്ദേശ്യവും ആണ് ഈ ലക്ഷ്യം. ഭാരതത്തിലെ മൂന്നിലൊരു ഭാഗം ജനങ്ങൾ ഇനിയും സാക്ഷരരാകാനുണ്ട്. സമ്പന്നത-ദാരിദ്ര്യരേഖയ്ക്കു താഴെയാണ് ബഹുഭൂരിപക്ഷം ഭാരതീയരും. സമർത്ഥമാണ് ഭാരതമെന്നതിന് ഇവിടെ നിന്നും കയറ്റുമതി ചെയ്യപ്പെടുന്ന ഏറ്റവും മികച്ച ഉൽപ്പന്നമായ മനുഷ്യവിഭവം തന്നെ തെളിവല്ലേ? ലോകത്തിന്റെ ഏതു കോണിൽപോയാലും ഭാരതീയരെ-കേരളീയരെ പ്രത്യേകിച്ചും-കാണാനുണ്ടാകും. അവിദഗ്ദ്ധ തൊഴിൽക്കാർ മുതൽ ഉന്നത സ്ഥാനീയർവരെ അക്കൂട്ടത്തിൽ കാണുക സഹജമാണ്. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ സ്വതന്ത്രഭാരതം കൈവരിച്ച നേട്ടങ്ങൾ നമ്മുടെ സാമർത്ഥ്യത്തിന്റെ പ്രതീകമല്ലേ: ബഹിരാകാശ ശാസ്ത്രജ്ഞനായ ബഹു. എ. പി. ജി. അബ്ദുൽ കലാമിനെപ്പോലെ രാഷ്ട്രമീമാംസയിൽ-രാഷ്ട്രീയത്തിൽ-നേരിട്ട് ഇടപെടാതിരുന്ന ഒരു വ്യക്തി ഭാരതത്തിലെ ഒന്നാംപൗരനായി മാറുന്ന പ്രതിഭാസം നമ്മുടെ സാമർത്ഥ്യത്തിന്റെ പ്രതീകമല്ലേ: നമ്മേക്കാൾ വികസ്വരമായ രാഷ്ട്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകാനും ഭാരതം തയ്യാറായിട്ടുണ്ട്. നമ്മുടെ സമ്പന്നതയല്ല അതിനു കാരണം - മറ്റ് രാഷ്ട്രങ്ങളോട് കാട്ടുന്ന സഹകരണമനോഭാവമാണ്. പരസ്പരം കെട്ടുപിണഞ്ഞ പ്രശ്നങ്ങളാണ് - ആശയങ്ങളാണ് സാക്ഷരതയും സമ്പന്നതയും സമർത്ഥതയും. ഇവ ഒത്തിണങ്ങിയാൽ ഉണ്ടാകുന്ന നേട്ടം പറയാനുമില്ല.

1901-ലെ 6% സാക്ഷരതയിൽ നിന്ന് 1951-ൽ 16ലേയ്ക്കും 1981-ൽ 36ലേയ്ക്കും 2001-ൽ 65 ലേയ്ക്കും നാം എത്തിയിട്ടുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെയെങ്കിലും ശതമാനമായില്ലെങ്കിലും സമ്പൂർണ്ണസാക്ഷരതയെങ്കിലും നേടാൻ ഭാരതത്തിന് കഴിയുന്നതേയുള്ളു. അലംഭാവംകാട്ടാതെ, അർപ്പണബോധത്തോടെയുള്ള സമീപനവും പ്രവർത്തനവുമാണതിനാവശ്യം. 2011-ലെ സെൻസസ് ആകുമ്പോഴേക്കും ഇന്ത്യയിലെ സാക്ഷരത്വം 75 ശതമാനമാക്കി ഉയർത്താനാണ് ലക്ഷ്യമെന്ന് മനുഷ്യശേഷിവികസന മന്ത്രി മുരളീമനോഹർ ജോഷി വ്യക്തമാക്കിയിട്ടുണ്ട്. തീരെ പിന്നാക്കാവസ്ഥയിൽ നിന്ന് മുന്നേറാൻ എളുപ്പമാണ്. എന്നാൽ താരതമ്യേന മികച്ച നിലവാരത്തിൽ നിന്ന് മുന്നേറാൻ വലിയ ബുദ്ധിമുട്ടാണെന്നതും വിസ്മരിക്കാൻ പാടില്ല. ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് ഇനിയും ബഹുദൂരം മുന്നോട്ടു പോകാനുണ്ട്. അതേസമയം കേരളം, ലക്ഷദ്വീപ്, മിസോറാം തുടങ്ങിയ പ്രദേശങ്ങളുടെ ഇനിയങ്ങോട്ടുള്ള പ്രയാണം അത്ര എളുപ്പമാവില്ല തന്നെ. കഴിഞ്ഞ ദശകത്തിൽ അഖിലേന്ത്യാതല

"അർത്ഥിയെ പ്രാണൻ കൊണ്ടാരാധിക്കുകയൊരു
പുത്തനാമേടല്ലോ ഭാരത ചരിത്രത്തിൽ"

ത്തിൽ 14 ശതമാനത്തോളം സാക്ഷരതാനിരക്ക് വർദ്ധിച്ചപ്പോൾ കേരളത്തിലേത് ഒരു ശതമാനം പോലുമില്ലായെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സമ്പൂർണ്ണസാക്ഷരത പ്രഖ്യാപിച്ചപ്പോൾ കേരളത്തിൽ 93.58 ശതമാനം സാക്ഷരത അവകാശപ്പെട്ടത് 1991-ൽ ആയിരുന്നു. പക്ഷേ 2001-ൽ 90.92 ശതമാനം മാത്രമാണ് സാക്ഷരത. ഈ പിന്നാക്കം പോക്ക് എങ്ങനെ സംഭവിച്ചു? നവസാക്ഷരർ നിരക്ഷതയിലേയ്ക്ക് വഴുതിവീണതുകൊണ്ടാകാമിത്. കേരളത്തിൽ ഇങ്ങനെ സംഭവിച്ചാൽ മറ്റ് സംസ്ഥാനങ്ങളുടെ കാര്യം ഊഹിക്കാവുന്നതേയുള്ളു. 'നവസാക്ഷരർ' എന്ന് വിശേഷിപ്പിക്കാവുന്ന ഇക്കൂട്ടർ കേരളത്തിൽ 10 ലക്ഷത്തോളം വരും. തുടർവിദ്യാഭ്യാസ പരിപാടി വ്യാപകമായിക്കൊണ്ടിരിക്കുന്നതുകൊണ്ട് ഇവരുടെ എണ്ണത്തിൽ ഇനിയും വർദ്ധനവുണ്ടാകാതിരുന്നേക്കാം. എന്നിരുന്നാലും അവധാനത ആവശ്യം വേണ്ട ഒരു രംഗമായി ഇതിനെ കണക്കാക്കണം.

അവശേഷിക്കുന്ന നിരക്ഷരരെക്കൂടി കണ്ടെത്തി, പ്രലോഭിപ്പിച്ച് സാക്ഷരതത്വത്തിലേയ്ക്കാനയിക്കാനും നവനിരക്ഷരരെ മുഴുവനും സാക്ഷരരാക്കാനും തുടർപഠനം ആഗ്രഹിക്കുന്നവർക്കെല്ലാം അക്കാദമീയവും തൊഴിൽപരവുമായ അക്ഷരങ്ങൾക്കപ്പുറം പരിപാടി എത്തിച്ചു കൊടുക്കാനും ഉള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും മുൻഗണനാക്രമവും സമീപനവും നിർണ്ണയിച്ച് അവ നടപ്പിലാക്കുകയുമാണ് കരണീയം. അതിനുള്ള ചർച്ചകളാവട്ടെ ഇക്കുറി ലോക സാക്ഷരതാ ദിനത്തിന്റെ ലക്ഷ്യം.


**ആശംസകൾ!**

**ആന്റണി ജോസഫ്**

# റിലയൻസ് ബുക്സ്

**ചങ്ങനാശേരി - 686 101**


*"സ്നേഹിക്ക ഉണ്ണീ, നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും"*

കഥ

# കൽപടവുകൾ

ബി. എസ്. ബാബു, ജൂനിയർ സൂപ്രണ്ട്, ഗവണ്മെന്റ് സെൻട്രൽ പ്രസ്സ്

"എന്റെ അച്ഛൻ.......... ആരാണമ്മേ..............?"

പ്രാതൽ കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പെട്ടെന്നാണ് അപ്പുണ്ണി അത് ചോദിച്ചത്.

അവന്റെ മുഖം വിവർണ്ണമാകുന്നത് അവൾ കണ്ടു. അവൻ കൂടുതലെന്തെങ്കിലും ചോദിക്കുമോ എന്ന് അവൾ ഭയന്നു.

പാതി തുറന്ന ജനാലയുടെ തുരുമ്പ് പിടിച്ച ഇരുമ്പഴിയിൽ മുറുകെ പിടിച്ച് അവൾ വിദൂരതയിലേയ്ക്ക് നോക്കി.

ഒരു പുത്രന്റെ ന്യായമായ സംശയമാണ്.............

മിതമായ ആവശ്യമാണ്.............................

ജന്മാവകാശമാണ്.........................................

താര ചിന്തിച്ചു.

"നിന്റെ അച്ഛൻ..................................."

അവൾക്കത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

തീരെ കുട്ടിയായിരുന്നപ്പോഴും അവൻ അച്ഛനെപ്പറ്റി ചോദിച്ചിട്ടുള്ളതാണല്ലോ....................

"....നിക്ക് അച്ഛനില്ലേ, യമ്മേ? അച്ഛൻ എന്നെ കാണാൻ വരാത്തതെ,ന്താമ്മേ?"

തെക്കേ വീട്ടിലെ സലീമിന്റെ ബാപ്പ ജോലി കഴിഞ്ഞു വരുമ്പോൾ അരിമുറുക്കും കേക്കും കൊണ്ടു കൊടുക്കുമെന്ന് അവന് അറിവുള്ളതാണല്ലോ. പടിഞ്ഞാറേ വീട്ടിലെ മധുവിനെ അവന്റെ അച്ഛൻ സ്ക്കൂളിൽ കൊണ്ടു പോകാറുണ്ടെന്നും അവനറിയാം.

അപ്പുണ്ണിയുടെ അച്ഛനും.....................

അവനും അതൊക്കെ മോഹിച്ചിട്ടുണ്ടാവില്ലേ? എങ്കിലും അപ്പോഴൊക്കെ അവന്റെ നിരങ്കുശമായ ചോദ്യങ്ങളിൽ നിന്ന് തനിക്ക് തന്ത്രപൂർവ്വം ഒഴിഞ്ഞു മാറാൻ കഴിഞ്ഞിരുന്നു.

പക്ഷേ, ഇന്ന്.........................

അവൻ ഇന്ന് ഒരു കൊച്ചുകുട്ടിയൊന്നുമല്ലല്ലോ. കാലം അവനിൽ പല മിനുസ്സപ്പെടുത്തലുകളും വരുത്തിയിരിക്കുന്നു. അവന്റെ സംശയങ്ങൾ സൂചിപോലെ കുത്തിക്കയറുന്ന ചോദ്യങ്ങളായി രൂപാന്തരപ്പെട്ടിരിക്കുന്നതായി അവളറിഞ്ഞു.

"എന്റെ അച്ഛൻ....................?"

ജനാലയ്ക്കരുകിൽ നിന്ന് നോക്കിയാൽ വീടിന്റെ കിഴക്കു വശത്തുള്ള ചെറിയ കുന്നിൻ പ്രദേശം കാണാം. നെറ്റിപ്പട്ടം കെട്ടിയതു പോലെ തോന്നിക്കുന്ന കൽപടവുകൾ ഇന്നും അവിടെത്തന്നെയുണ്ട്. ചെത്തി മിനുസ്സപ്പെടുത്തിയ കരിങ്കല്ലുകൾ കൊണ്ടു നിർമ്മിച്ച കൽപടവുകൾക്ക് തണൽമെത്ത വിരിച്ചുകൊണ്ടു തലയുയർത്തി നില്ക്കുന്ന കർപ്പൂര മാവുകൾ.....................

"ഒരു വേള പഴക്കമേറിയാലിരുളും
മെല്ലെ വെളിച്ചമായ് വരും"

ആ തണലിൽ ഇരുന്നാണ് താൻ ഒരു കാലത്ത് കഥകൾക്ക് പുതിയ മാനങ്ങൾ കണ്ടെത്തിയത് !

കവിതകളുടെ നൂതന സരണികൾ വെട്ടി തുറന്നത് !

സാഹിത്യവിഹായസ്സിലെ ഉജ്ജ്വലതാരങ്ങളുമായി സംവാദം നടത്തിയത് !

"എന്താ ദിവാസ്വപ്നം കാണുകയാണോ?"

കനത്ത ആ ശബ്ദം കേട്ടാണ് അവൾ താഴെയ്ക്ക് നോക്കിയത്. കൽപടവിലിരുന്ന് ഏതോ ഒരു കഥ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു, അവൾ.

കൽപടവ് തുടങ്ങുന്ന ഭാഗത്ത് കറുകപ്പുല്ല് പടർന്നു കിടക്കുന്ന ഇടുങ്ങിയ പാതയിൽ പുഞ്ചിരിച്ചു കൊണ്ട് അയാൾ നിൽക്കുന്നു !

അയാളെ മുമ്പ് ഒരു തവണ കണ്ടിട്ടുള്ളതായി അവൾ പെട്ടെന്ന് ഓർത്തു.

വീതി കുറഞ്ഞ നടുവരമ്പിലൂടെ അമ്മയോടൊപ്പം നടന്നു പോകുമ്പോൾ എതിരെ വരുകയായിരുന്നു അയാൾ. താഴെയുള്ള പാടത്തിലെ മുട്ടോളം വരുന്ന വെള്ളത്തിലിറങ്ങി നിന്ന് അയാൾ സൗമ്യമായി ചോദിച്ചു:

"അമ്മയും മോളും കൂടി രാവിലെ എങ്ങോട്ടാണ്?"

"പട്ടണം വരെ" അമ്മയാണ് മറുപടി പറഞ്ഞത്.

"ഡ്രൈവർ ചെല്ലപ്പന്റെ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന ആളാണ് മോളേ. പട്ടണത്തിൽ വെസ്നിസ് ആണെന്നാണ് കേട്ടത്"

അയാൾ പൊയ്ക്കഴിഞ്ഞപ്പോൾ അമ്മ പരിചയപ്പെടുത്തി.......

എന്ത് ബിസ്നസ് എന്ന് ചോദിക്കണമെന്ന് തോന്നിയതാണ്. പക്ഷേ ചോദിച്ചില്ല. ഒരു പക്ഷേ അമ്മയ്ക്ക് അറിയില്ലെങ്കിലോ?

ചിന്തയിൽ നിന്ന് ഉണർന്ന്, അവൾ കൽപടവിൽ നിന്ന് താഴെയ്ക്കിറങ്ങി.

"താരയെന്നല്ലേ പേര്?"

ഇയാൾ തന്റെ പേര് അന്വേഷിച്ചറിഞ്ഞിരിക്കുന്നു !

"അതേ" അവൾ അദ്ഭുതത്തോടെ പറഞ്ഞു.

"സാഹിത്യകാരിയാണെന്ന് കേട്ടു. പിന്നെ, സാഹിത്യം എനിക്കും ഇഷ്ടമാണ് കേട്ടോ. കലാസൃഷ്ടികൾ എന്നെക്കൂടി കാണിക്കുമോ?"

തന്റെ സാഹിത്യ സൃഷ്ടികൾ ആരെല്ലാം വായിക്കുന്നു. ! അവയെപ്പറ്റി ആരെല്ലാം ചർച്ച ചെയ്യുന്നു ! പിന്നെ ഇദ്ദേഹം കൂടി കണ്ടതുകൊണ്ട് എന്താണ് കുഴപ്പം...................

"അതിനെന്താ എനിക്ക് സന്തോഷമേ ഉള്ളൂ"

അവൾ അപ്പോൾത്തന്നെ ഒരു കഥ വായിച്ചു കേൾപ്പിച്ചു.

"ഭേഷ്............ ഭേഷ്......................" അയാളുടെ കണ്ണുകൾ മീനുകൾ പോലെ തിളങ്ങുന്നതായി അവൾക്ക് തോന്നി.

"ഇനിയും ഞാൻ വരും. എല്ലാ കഥകളും എനിക്ക് വായിക്കണം".

ഭ്രാന്തമായ ആവേശത്തോടെയാണ് അയാളത് പറഞ്ഞത്.

അയാൾ പതിവായി വന്നു.

സത്യത്തിൽ അയാളുടെ സാന്നിദ്ധ്യത്തിനു വേണ്ടി താൻ ഓരോ പുതിയ കഥയുമായി കാത്തിരിക്കുകയായിരുന്നില്ലേ?

"ചിരിക്കുന്ന കഥ ക്യാലിരിക്കു-
മായതല്ലെങ്കിൽ തിരിക്കും"

അയാളുടെ ഓരോ ആഗമനവും ഓരോ പുതിയ കഥയായി രൂപാന്തരപ്പെടുകയായിരുന്നില്ലേ? തന്റെ മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെയായതെങ്ങനെ? അവൾക്ക് അത്ഭുതം തോന്നി.................

പക്ഷെ, അതിനിടയിൽ പുതിയ ഒരു ജീവന്റെ സ്പന്ദനം.......................

അമ്മയാണത് കണ്ട് പിടിച്ചത്................

"ആരാടീ..............." അമ്മ അനുനയത്തിലാണ് ചോദിച്ച് തുടങ്ങിയത്.

കൽപടവുകളിലേക്കു നിശ്ശബ്ദമായി നോക്കി നിൽക്കാനേ തനിക്കു കഴിഞ്ഞുള്ളൂ. അത് കണ്ടപ്പോൾ അമ്മയുടെ മട്ട് പെട്ടെന്നാണ് മാറിയത്...................

സാമം ദണ്ഡമായി,

ബഹളം കേട്ട് അയൽക്കാർ ഓടിക്കൂടി.

കാര്യം അറിഞ്ഞവർ മൂക്കത്ത് വിരൽ വച്ചു നിന്നു.

"സാഹിത്യവും മണ്ണാങ്കട്ടയും എന്നൊക്കെ പറഞ്ഞ് എത്രയവന്മാരാണ് ഇവിടെ കേറിയിറങ്ങി നടക്കുന്നത്. അവന്മാരെല്ലാം കാണും"

"എയ്, അതു ശരിയല്ല. ആ ഡ്രൈവർ ചെല്ലപ്പന്റെ വീട്ടിൽ താമസിക്കുന്ന ഒരുത്തനുണ്ടല്ലോ. അവനായിരിക്കും................ !"

"അവൻ എവിടുത്തുകാരനെന്നാ പറേണത്"

"ആർക്കറിയാം. ഏതായാലും അവളല്ലേ സൂക്ഷിക്കേണ്ടിയിരുന്നത്?"

"തന്തയില്ലാതെ വളർന്നതിന്റെ തകരാറാ"

"ഓ.......... ഒരു മോളല്ലേയുള്ളൂ. ആ തള്ള ലാളിച്ചു അവളെ വഷളാക്കിക്കളഞ്ഞു."

"ഏതായാലും ഒരു അന്യനാട്ടുകാരൻ വന്ന്..............."

"ഇല്ല, അവനെ അങ്ങനെയങ്ങു വിട്ടാലൊക്കില്ല. നമുക്ക് അവനെ പോയി കാണാം"

അവിടെ കൂടിയവർ താൻ കേൾക്കാൻ വേണ്ടിയാവണം ഉറക്കെ ഓരോ അഭിപ്രായം പറഞ്ഞുകൊണ്ടിരുന്നത്.

അയാളുടെ പേര് വിളിച്ചു പറയണമെന്ന് തനിക്കു തോന്നിയതാണ്. പക്ഷേ ശബ്ദം കണ്ഠത്തിലെവിടെയോ തടഞ്ഞു നിന്നു.

"അവൻ ഇവിടെ നിന്നു മുങ്ങിയെന്നാ തോന്നുന്നത്. അവനെപ്പറ്റി ചെല്ലപ്പനും ഒന്നുമറിയില്ലപോലും!"

ഇതിനിടയിൽ അയാളെ അന്വേഷിച്ചു പോയ ആരോ ഒരാൾ വിളിച്ചു പറയുന്നത് അവൾ കേട്ടു.

താൻ മുറിയിൽ കയറി കതകടച്ചു.........

പിന്നീടെന്താണ് ചെയ്തതെന്ന് ഇന്നും ഓർമ്മ വരുന്നില്ല. ആത്മഹത്യാ ശ്രമം................. ആരൊക്കെയോ രക്ഷപ്പെടുത്തിപോലും......... ! രക്ഷപ്പെടേണ്ടിയിരുന്നില്ല. അന്ന് മരിച്ചു പോയിരുന്നെങ്കിൽ................................

"അവൻ എവിടെപ്പോയൊളിച്ചാലും ഞങ്ങൾ കണ്ടുപിടിച്ചുകൊണ്ടു വരാം" - ചിലർ സഹായഹസ്തം നീട്ടി.

"വേണ്ടാ.........." തന്റെ ശബ്ദം ദൃഢമായിരുന്നുവോ? അയാൾ തിരികെ വന്നാൽ സ്വീകരിക്കാൻ താൻ സന്നദ്ധമായിരുന്നുവല്ലോ. എന്നിട്ടും അപ്പോളങ്ങനെ പറയാനാണ് തോന്നിയത്..................

എല്ലാം കഴിഞ്ഞ് ഉള്ളിലെ നെരിപ്പോട് അടങ്ങിവരുകയായിരുന്നു.

*"പഴയതരുവല്ലിമാറ്റിടാം, പുഴയൊഴുകും വഴിവേറെയാക്കിടാം*
*കഴിയുമവ, മനസ്വിമാർ മനസ്സൊഴിവതശക്യ മൊരാളിലൂന്നിയാൽ"*

അപ്പോഴാണ് അപ്പുണ്ണി :-

"എന്റെ അച്ഛൻ..............?"

അവന്റെ ചോദ്യത്തിന് എപ്പോഴെങ്കിലും ഉത്തരം പറയേണ്ടി വരുമെന്ന് അറിയാമായിരുന്നതാണ്.

പക്ഷേ, അവനോട് എന്തു മറുപടിയാണ് പറയേണ്ടത്?

അച്ഛൻ ആരെന്നറിയില്ലെന്നോ? അയാൾ ജീവിച്ചിരുപ്പില്ലെന്നോ?

ആരാണ് പിതാവ്..............?

ജന്മം നല്കിയതുകൊണ്ടുമാത്രം ഒരാൾക്കെങ്ങനെ അച്ഛനാകാൻ കഴിയും?

ചോദ്യങ്ങൾ ഒന്നൊന്നായി അവളുടെ മനസ്സിലൂടെ കടന്നുപോയി..............

ഇലത്തലപ്പുകളിലെ ചെറിയമഞ്ഞുതുള്ളിയിൽ ആദിത്യനെ ഒളിപ്പിച്ചു വച്ചിരുന്നത് അവൾ കണ്ടു. അവൾ തല ഉയർത്തി നോക്കി.

കൽപടവുകൾക്കു മുകളിൽ അങ്ങകലെ ആദിത്യൻ തന്നെ നോക്കി പുഞ്ചിരിക്കുന്നു. ആദിത്യന്റെ ദീർഘമായ കരങ്ങൾ തന്നെ തഴുകിയപ്പോൾ മുമ്പൊരിക്കലും ഉണ്ടാകാത്ത ഒരു ഉണർവ്വ് ഉണ്ടാകുന്നതായി അവൾക്കനുഭവപ്പെട്ടു..................

"നിനക്കു അച്ഛനാരെന്നറിയണോ കുഞ്ഞേ?"

അപ്പുണ്ണി അമ്മയുടെ അടുത്തേക്കു ചെന്നു. അവൾ ആദിത്യനെ നോക്കി നില്ക്കുകയായിരുന്നു..........................

*With Best Compliments from*

Pons

**PALAKKAD OFFICE NEEDS & SERVICE**

East Fort Complex, Fort Maidan, Chittur Road, Palakkad - 678 013. Tel/ Fax. 0491 - 526977, 500977

**DTP & Colour Scanning**
**Office Stationaries**
**Wedding Cards**
**Courier Service**

**Lamination**
**Photostat**
**Printing**
**STD - FAX**
**Floppies & CD's**

**Agency : Government Publications**

# വാർഷികാഘോഷങ്ങൾ വിവിധ ദൃശ്യങ്ങൾ







# വാർഷികാഘോഷങ്ങൾ വിവിധ ദൃശ്യങ്ങൾ







# ഐ. എസ്. ഒ. സമരമുഖത്ത്







ഐ. എസ്. ഒ. യുടെ അംഗങ്ങളുടെ മക്കൾക്ക് ഏർപ്പെടുത്തിയ

## എസ്. എസ്. എൽ. സി. അവാർഡ്

വിവിധ വർഷങ്ങളിൽ










# ഐ. എസ്. ഒ. യുടെ അംഗങ്ങളുടെ മക്കൾക്ക് ഏർപ്പെടുത്തിയ
# എസ്. എസ്. എൽ. സി. അവാർഡ്
## വിവിധ വർഷങ്ങളിൽ










# സ്മരണാഞ്ജലി



എസ്. ചെല്ലപ്പൻ നായർ



കെ. എസ്. എബ്രഹാം



എസ്. സോമശേഖരൻ നായർ



എം. സതീഷ്ചന്ദ്രൻ



എൻ. ഹരിദാസൻ പോറ്റി



ആർ. പി. ശശികുമാർ



എൻ. രാമചന്ദ്രൻ നായർ

ലേഖനം

# അദ്ധ്യാത്മരാമായണം

ഗോപാലകൃഷ്ണൻ നായർ ജി., റിട്ട. കൺട്രോളർ ഓഫ് ഫോംസ്; അച്ചടിവകുപ്പ്

"കുജന്തം രാമരാമേതി
മധുരം മധുരാക്ഷരം
ആജഹ്യ കവിതാശാഖാം
വന്ദേ വാല്മീകികോകിലം"

രാമായണത്തെക്കുറിച്ചുള്ള ഏത് പ്രതിപാദനവും വാല്മീകി സ്മരണയോടെ ആരംഭിക്കേണ്ടതാണ്. രാമായണം ഇതിഹാസം മാത്രമല്ല, ഭാരതത്തിലെ ആദികാവ്യം കൂടിയാണ്. ആ കാവ്യം രചിച്ച വാല്മീകി ആദികവിയായി ആദരിക്കപ്പെടുന്നു; മാത്രമല്ല ആ കവി രാമായണത്തിലെ ഒരു കഥാപാത്രം കൂടിയാണ്. രാമായണം ഇതിഹാസമായാലും, ആദികാവ്യമായാലും, അതിന്റെ പ്രാധാന്യം അതുകൊണ്ടുമാത്രം തീരുന്നില്ല. നാലായിരത്തോളം വർഷമായി ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന സ്ത്രീ പുരുഷന്മാരുടെ സത്യധർമ്മഭാവനകൾക്ക് പ്രചോദനമരുളിയ മഹത്ഗ്രന്ഥങ്ങളിൽ ഒന്നാമത്തേതാണ് രാമായണം.

സംസ്കൃതത്തിൽ വാല്മീകിരാമായണത്തിനു ശേഷം അനേകം രാമായണകാവ്യങ്ങൾ ഉണ്ടായി. വസിഷ്ഠരാമായണം, അത്ഭുതരാമായണം, ആനന്ദരാമായണം, അഗ്നിവേശ്യരാമായണം, ആഞ്ജനേയരാമായണം, അദ്ധ്യാത്മരാമായണം എന്നിവയെല്ലാം അക്കൂട്ടത്തിൽപ്പെടുന്നു. ഇവയ്ക്കെല്ലാം അടിസ്ഥാന കൃതി വാല്മീകീരാമായണമാണെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടുതന്നെയാണ് രാമായണത്തെക്കുറിച്ച് എന്തുപറയാൻ തുടങ്ങുമ്പോഴും വാല്മീകി സ്മരണയോടെ തുടങ്ങുന്നതും, തുടങ്ങിയതും, പല രാമായണങ്ങളും രാമായണത്തെ ഉപജീവിച്ച് രചിച്ചിട്ടുള്ള നിരവധി കൃതികളും കേരളഭാഷയിൽ ഉണ്ടായിട്ടുണ്ടെങ്കിലും രാമായണമെന്നുകേൾക്കുമ്പോൾ കേരളത്തിലെ സാമാന്യജനങ്ങൾ സ്മരിക്കുന്നത് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിനെയാണ്. തുഞ്ചത്തെഴുത്തച്ഛന്റെ ജീവിതകാലം പതിനാറാം ശതകത്തിലാണെന്ന് സാമാന്യമായി പറയാമെന്നല്ലാതെ അദ്ദേഹത്തിന്റെ ജനനമരണാദികളെ സംബന്ധിച്ച് സൂക്ഷ്മവിവരങ്ങൾ ഇനിയും അറിയാൻ പാടില്ലാതെ അവശേഷിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജനനകാരണമായ ഒരു ശാപത്തിന്റെ കഥ ഇന്നും നിലനിൽക്കുന്നുണ്ട്. - അതുപോലെതന്നെ മറ്റൊരു കഥ - അദ്ധ്യാത്മരാമായണകർത്താവിനെക്കുറിച്ചും.

അദ്ധ്യാത്മരാമായണത്തിന്റെ കവിതാരീതിയും മറ്റും കൊണ്ട് ഇത് മറ്റുള്ള രാമായണങ്ങളോട് വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഋഷിമാരാൽ രചിക്കപ്പെട്ടിട്ടുള്ള രാമായണങ്ങളിൽ - ശ്രീരാമൻ വിഷ്ണു ഭഗവാന്റെ ഒരവതാരമാണെന്നുതന്നെയാണ് പറയുന്നതെങ്കിലും അദ്ദേഹത്തെ നീതിമാനും ധീരോദാത്തനും ആയ ഒരു രാജാവായിട്ടേ കാണുന്നുള്ളൂ. അദ്ധ്യാത്മരാമായണകർത്താവ് ശ്രീരാമനെ ഒരു ഈശ്വരനായിട്ടുതന്നെയാണ് വർണ്ണിച്ചിട്ടുള്ളത്. ഈ വ്യത്യാസമാണ് അദ്ധ്യാത്മരാമായണം ഋഷിമാരാൽ വിരചിതമായിട്ടുള്ളതല്ലെന്നുള്ള വാദം വാസ്തവമാണെന്ന് കാണിക്കുന്നത്. എന്നാൽ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത് ആരാണെന്ന് വ്യക്തമായ തെളിവുകളൊന്നുമില്ലെങ്കിലും ചില പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ള കഥകളും പലരും കുറിച്ചിട്ടുള്ളതും വായിച്ചുകേട്ടു മനസ്സിലാക്കിയിട്ടുള്ളതും ഇവിടെ ചുരുക്കിപ്പറയാനുള്ള ശ്രമത്തിൽ തെറ്റു സംഭവിച്ചിട്ടുണ്ടെങ്കിൽ ക്ഷമിക്കണേയെന്നുള്ള അഭ്യർത്ഥനയോടെ ആ കഥ പറയട്ടെ !

വിഷ്ണുഭക്തനായ ഒരു ബ്രാഹ്മണനാണ് അദ്ധ്യാത്മരാമായണം രചിച്ചതെന്നും ഇതിൽ മറ്റ് രാമായണങ്ങളിലുള്ളതിനേക്കാൾ ഭക്തിരസം ഉള്ളതിനാൽ ജനങ്ങൾ ഇതിനെ ആദരിക്കുകയും അധികം പ്രചാരം വരുമെന്നുമാണ് രചയിതാവായ

*"അമ്മയ്ക്കു കയ്ക്കും, ജനകൻ വെറുക്കും, ഭ്രാതാവു തള്ളും, പ്രിയ സന്ത്യജിക്കും*
*സതീർത്ഥ്യരോ നോക്കുകയില്ല, ഭൃത്യൻ കോപിക്കുമേ ഹാ! ധനഹീനനായാൽ"*

ബ്രാഹ്മണൻ ആദ്യം വിചാരിച്ചിരുന്നത്. എന്നാൽ ഗ്രന്ഥം പൂർത്തിയായപ്പോൾ അദ്ദേഹത്തിന് വളരെ മോശമായ അനുഭവമാണുണ്ടായത്. പല പണ്ഡിതന്മാരുടെ സമീപത്തും അദ്ദേഹം ചെന്നു. തന്റെ ഗ്രന്ഥം "ഒരുനോക്ക്" നോക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അതൊന്ന് തുറന്നുനോക്കുവാൻപോലും ആരും തുനിഞ്ഞില്ല. മാത്രവുമല്ല, ഋഷിപ്രോക്തങ്ങളായ രാമായണങ്ങളുള്ളപ്പോൾ ഈ വിഡ്ഢി ഇതിനായി പുറപ്പെട്ടത് ശരിയായില്ലെന്നുള്ള ഭാവമായിരുന്നു ഈ പണ്ഡിതന്മാരിൽ പലർക്കും. ഗ്രന്ഥത്തെ ആരും ആദരിച്ചില്ലെന്നുമാത്രമല്ല, ആളുകൾ പുച്ഛിച്ച് പരിഹസിക്കാൻ തുടങ്ങിയതോടെ ഗ്രന്ഥകർത്താവായ ബ്രാഹ്മണൻ നാട്ടിൽ ജനപരിഹാസത്തിന്റെ ദുസ്സഹത്വം നിമിത്തം നാടുവിടേണ്ടി വന്നു.

സ്വന്തം നാടുവിട്ട് അലഞ്ഞുനടന്ന് ഈ ബ്രാഹ്മണൻ ഒരു ദിവസം ആൾപാർപ്പില്ലാത്ത ഒരു ഉൾനാട്ടിലെ വനത്തിനുള്ളിൽ ഒരരയാലും കുളവുമുള്ള സ്ഥലത്തുചെന്നുപെട്ടു. നേരം വൈകിയതിനാലും, ക്ഷീണം കൊണ്ടും രാത്രി അവിടെ കഴിച്ചുകൂട്ടുവാൻ തീരുമാനിച്ചു. സമീപത്തുള്ള കുളത്തിലിറങ്ങി കുളിച്ചു. സന്ധ്യാവന്ദനങ്ങൾ കഴിച്ച് ആ ആൽത്തറയിൽ തന്റെ രാമായണഗ്രന്ഥവും തലയ്ക്കുവച്ച് കിടന്നുറങ്ങി. പാതിരാത്രിയായപ്പോൾ അവിടെ തേജോമയനായ ഒരു ദിവ്യപുരുഷൻ വന്നു. ആൽത്തറയിൽ കിടന്ന ബ്രാഹ്മണനെ കണ്ടിട്ട് 'ഒരു സാധാരണ ബ്രാഹ്മണനാകാൻ വഴിയില്ല ഇയാൾ' എന്നു കരുതി അദ്ദേഹത്തെ വിളിച്ചുണർത്തി, ആരാണിവിടെ കിടക്കുന്നതെന്നും മറ്റും വിശദമായി ചോദിച്ചു. ബ്രാഹ്മണൻ ഉടനെ എണീറ്റിരുന്ന് താഴെപ്പറയുന്ന രീതിയിൽ അവർ തമ്മിൽ സംഭാഷണം തുടങ്ങി:

ദിവ്യൻ : "അങ്ങ് ആരാണ്? എന്തിനായി ഇവിടെ വന്നുചേർന്നു?"

ബ്രാഹ്മണൻ : "ഞാനൊരു ബ്രാഹ്മണനാണ്. ഓരോരോ ദേശങ്ങളിൽ സഞ്ചരിച്ച് ഇവിടെ വന്നുചേർന്നു. ക്ഷീണംകൊണ്ട് ഇവിടെ കുളി ജപാദികൾ കഴിഞ്ഞ് കിടന്നുറങ്ങി".

ദിവ്യൻ : "അങ്ങയുടെ അടുത്തിരിക്കുന്ന ഈ ഗ്രന്ഥം ഏതാണ്?"

ബ്രാഹ്മണൻ : "അത് ഏത് ഗ്രന്ഥമാണെന്ന് പറഞ്ഞാൽ അങ്ങ് എന്നെ പരിഹസിക്കും. അതുകൊണ്ട് ഞാനത് പറയില്ല"

ദിവ്യൻ : "അത് സാരമില്ല. ഞാൻ പരിഹസിക്കുകയില്ല. സത്യം. കേൾക്കട്ടെ, പറയൂ".

ഇപ്രകാരം ആ ദിവ്യന്റെ വാക്കിന്റെ മഹത്ത്വം കേട്ടിട്ട് ബ്രാഹ്മണൻ നടന്ന കഥയെല്ലാം തുറന്നു പറഞ്ഞു. നാട്ടിൽ തനിക്കുണ്ടായ അപമാനവും ദുഃഖവും എല്ലാം ആ ദിവ്യനെ പറഞ്ഞു കേൾപ്പിച്ചപ്പോൾ ആ ദിവ്യൻ ബ്രാഹ്മണനെ സമാധാനപ്പെടുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു.

"ഇതിനെക്കുറിച്ച് അവിടന്ന് ഒട്ടും വിഷമിക്കേണ്ട. ഞാൻ ഒരു കൗശലം പറഞ്ഞുതരാം. അതുപോലെ ചെയ്താൽ അങ്ങയുടെ ഈ ഗ്രന്ഥത്തെ എല്ലാപേരും ആദരിക്കുന്നതിനും തന്നിമിത്തം ഗ്രന്ഥത്തിന് പ്രചാരം സിദ്ധിക്കുന്നതിനും ഇടവരും. ഈ വരുന്ന ശിവരാത്രിനാൾ ഈ ഗ്രന്ഥവുംകൊണ്ട് ഗോകർണ്ണത്ത് പോകണം. നേരം വൈകാറാകുമ്പോൾ കിഴക്കേനടയിൽ പോയി നിന്നാൽ അസംഖ്യം ജനങ്ങൾ വരുന്നകൂട്ടത്തിൽ തേജോമയനായ ഒരു ബ്രാഹ്മണൻ വരും. അദ്ദേഹത്തിന്റെ പിന്നാലെ നാല് പട്ടികൾ ഉണ്ടായിരിക്കും. ഈ ഗ്രന്ഥം കൊണ്ടുപോയി അദ്ദേഹത്തിന്റെ കൈയിൽ കൊടുത്ത് വിവരം പറയണം. അദ്ദേഹം ഇതിലേയ്ക്ക് നിവൃത്തിയുണ്ടാക്കിത്തരും. ഇതാര് പറഞ്ഞതെന്ന് ചോദിച്ചാൽ ഒന്നും പറയുകയുമരുത്". ഇപ്രകാരം പറഞ്ഞ് ആ ദിവ്യപുരുഷൻ മറഞ്ഞു.

ഈ ഉപദേശം ആ ബ്രാഹ്മണനെ സംബന്ധിച്ച് ഏറ്റവും സന്തോഷകരമായിരുന്നെന്ന് പറയേണ്ടതില്ലല്ലോ. അരുണോദയമായപ്പോൾ അവിടെനിന്ന് പുറപ്പെട്ട് ഓരോ ദേശത്തും ദിവസങ്ങളോളം സഞ്ചരിച്ച് ശിവരാത്രിയായപ്പോഴേക്കും ഗോകർണ്ണത്തെത്തി. നേരം വൈകാറായപ്പോൾ ആ ദിവ്യൻ പറഞ്ഞിരുന്നതുപോലെ ഒരു ദിവ്യ ബ്രാഹ്മണൻ തേജസ്സമാനായി നാല് പട്ടികളോടുകൂടി വരുന്നതു കണ്ടു. അദ്ദേഹത്തെ തൊഴുതുവണങ്ങി ഗ്രന്ഥം അദ്ദേഹത്തിന്റെ കൈയിൽ കൊടുത്ത്, വിവരമെല്ലാം പറഞ്ഞു.

"ഇത് എന്റെ കൈയിൽ കൊണ്ടുത്തരണമെന്ന് ആര് പറഞ്ഞു?" ആ ദിവ്യബ്രാഹ്മണൻ തിരക്കി. ഗ്രന്ഥകർത്താവായ ബ്രാഹ്മണൻ ഒന്നും മിണ്ടാതെ നിന്നപ്പോൾ "ആട്ടെ, ഒന്നും പറയണമെന്നില്ല. കാര്യമൊക്കെ എനിക്ക് മനസ്സിലായി. അങ്ങേയ്ക്ക് ഈ ഉപായം പറഞ്ഞുതന്നയാൾ ഗന്ധർവ്വനാണ്. അവൻ ഇപ്രകാരം വ്യാജോപദേശം ചെയ്തത്

**"ലക്ഷം മാനുഷർകൂടും സഭയിൽ**
**ലക്ഷണ മൊത്തവരൊന്നോ രണ്ടോ"**

ശരിയായില്ല. അതുകൊണ്ട് ഞാനവനെ ശപിക്കുന്നു?. അവൻ ഒരു ശൂദ്രനായി ഭൂമിയിൽ ജനിക്കാൻ ഇടവരട്ടെ". ഇത് പറഞ്ഞശേഷം ആ ദിവ്യബ്രാഹ്മണൻ തന്റെ കയ്യിലുണ്ടായിരുന്ന കമണ്ഡലുവിൽ നിന്ന് ജലമെടുത്ത് ഗ്രന്ഥത്തിന്മേൽ തളിച്ചു. ഗ്രന്ഥകർത്താവായ ആ ബ്രാഹ്മണന്റെ കൈയിൽ കൊടുത്തിട്ട്, "ഇത് കൊണ്ടുപൊയ്ക്കൊള്ളൂ. അങ്ങയുടെ മനസ്താപം തീരുന്നതിനും, ഈ ഗ്രന്ഥംനിമിത്തം അങ്ങേയ്ക്ക് വളരെ ബഹുമാനം ഉണ്ടാകുന്നതിനും സംഗതിയാകും" എന്നുപറഞ്ഞ് ക്ഷേത്രത്തിനുള്ളിലേയ്ക്ക് കടന്നു പോകുകയും ചെയ്തു.

അതിനുശേഷം അദ്ധ്യാത്മരാമായണത്തെ എല്ലാപേരും ആദരിച്ച് പാരായണത്തിന് ഉപയോഗപ്പെടുത്തിത്തുടങ്ങുകയും ഋഷിപ്രോക്തങ്ങളായ രാമായണങ്ങളെക്കാൾ അതിന് പ്രചാരം സിദ്ധിക്കുകയും ചെയ്തു. അദ്ധ്യാത്മരാമായണ കർത്താവായ ബ്രാഹ്മണന് ആ ഉപായം പറഞ്ഞുകൊടുത്ത ഗന്ധർവ്വൻ ദിവ്യബ്രാഹ്മണന്റെ ശാപം നിമിത്തം ശൂദ്രനായി മലബാറിൽ തൃക്കണ്ടിയൂർ പൊന്നാനിപ്പുഴയുടെ തീരത്ത് തുഞ്ചൻപറമ്പിൽ, തുഞ്ചത്തെഴുത്തച്ഛനെന്ന നാമധേയത്തിൽ ജനിച്ച് കേരളീയരുടെ സാഹിത്യസംസ്ക്കാരവും ആദ്ധ്യാത്മിക സംസ്ക്കാരവും വളർത്തിയെടുത്ത ഒരു മഹാപ്രഭാവനായി കൊല്ലവർഷം 16-ാം ശതകത്തിൽ മലയാളത്തിൽ ജീവിച്ചിരുന്നെന്ന് പറയപ്പെടുന്നു. തുഞ്ചത്തെഴുത്തച്ഛൻ, ഇന്ന് മലയാളികളുടെ മനസ്സിൽ ഒരേസമയം സാഹിത്യാചാര്യനും ആദ്ധ്യാത്മിക ഗുരുവും ആയി ജീവിക്കുന്നു.

ഗോകർണ്ണത്ത് ശിവരാത്രിനാൾ പട്ടികളോടുകൂടി വന്ന ആ ദിവ്യബ്രാഹ്മണൻ സാക്ഷാൽ വേദവ്യാസ മഹർഷിയായിരുന്നുവെന്നും ആ നാല് പട്ടികൾ നാല് വേദം ആയിരുന്നുവെന്നും അദ്ധ്യാത്മരാമായണം എഴുതി കൊണ്ടുനടന്ന ദിവ്യപുരുഷന്റെ ആജ്ഞാനുസരണം വേദവ്യാസനെന്ന ദിവ്യബ്രാഹ്മണനെ കാണിച്ച് മഹത്ത്വം നേടിയ വ്യക്തി മഹാപണ്ഡിതനും, പറയിപെറ്റ പന്തിരുകുലത്തിന് ജന്മം നൽകിയ സാക്ഷാൽ വരരുചിയായിരുന്നെന്നും പഴമക്കാർ പറയുന്നു.


# RADHA STORES

SHORANUR

Phone : 624550 (Shop), 622990 (R)

Stationers & Book Sellers

Authorised Agents for Kerala Government Publications


"ജിഹ്വാഗ്രേ വർത്തതേ ലക്ഷ്മീ, ജിഹ്വാഗ്രേ പുത്രബാന്ധവാ
ജിഹ്വാഗ്രേ ബന്ധന പ്രാപ്തി, ജിഹ്വാഗ്രേ മരണം ധ്രുവം"

# MURUGA BOOK CENTRE

Opp. Ayurveda College
M. G. Road, Trivandrum-1
Phone : 332429


PSC, UPSC, BANK മുതലായ പരീക്ഷകൾക്കുള്ള
റാങ്ക് ഫയലുകളും, സ്കൂൾ, കോളേജ്
പുസ്തകങ്ങളും, ഗൈഡുകളും, ഗവണ്മെന്റ് പ്രസി
ദ്ധീകരണങ്ങൾ, ജ്യോതിഷം, വൈദ്യം, പുരാണ
പുസ്തകങ്ങളും, ആനുകാലിക
പ്രസിദ്ധീകരണങ്ങളും ലഭ്യമാണ്

*Best Compliments From*

# S.T.R. BOOK DEPOT

Iron Bridge, Alappuzha - 688 011
Phone : 263396

☎ 0471 - 477519
0471 - 466033
Fax : 0471 - 461248



# BRIGHT FURNITURE MART

ARYASALAI JUNCTION, CHALAI,
TRIVANDRUM-695 036

AUTHORISED WHOLESALE DEALER Godrej

| IRON SAFE | STOREWEL | OFFICE FURNITURE |
|---|---|---|
| Sales | Services | Services |

Best Wishes From

SANTHA

# SANTHA BOOK DEPOT & FANCY HOUSE

P. B. No. 86, Santha Building
G. B. Road, Palakkad, Kerala-678 001
Phone : 536553, 536554

# ഐതിഹ്യം

കോലത്തു നാട്ടിലെ കോലത്തിരിയും കോഴിക്കോട് സാമൂതിരിയും തമ്മിൽ അത്ര നല്ല ബന്ധത്തിലായിരുന്നില്ല. പരസ്പരം ചെണ്ട കൊട്ടിക്കാൻ രണ്ടു 'തിരി'കളും തക്കം പാർത്തിരുന്നു. ഒരിക്കൽ കോലത്തിരി മനോഹരമായ ഒരു പെട്ടിയിൽ കുറെ സ്ഫോടക വസ്തുക്കൾ നിറച്ചു സാമൂതിരിക്കു കൊടുത്തുവിട്ടു. പെട്ടി തുറക്കുമ്പോൾ പൊട്ടിത്തെറിക്കത്തക്കവിധത്തിലായിരുന്നു സ്ഫോടക വസ്തുക്കൾ നിറച്ചിരുന്നത്. സാമൂതിരി പെട്ടി ആകപ്പാടെയൊന്നു പരിശോധിച്ചു. സംശയം തോന്നിയതുകൊണ്ട്, വെള്ളത്തിൽ മുക്കിയതിനുശേഷമാണ് പെട്ടി തുറന്നത്. അങ്ങനെ അപകടം ഒഴിവായി.

കുറച്ചു നാളുകൾക്കുശേഷം, സാമൂതിരി മറ്റൊരു പെട്ടി കോലത്തിരിക്കും കൊടുത്തുവിട്ടു. സാമൂതിരി പകരം ചെയ്യുകയായിരിക്കുമെന്ന് കോലത്തിരി സ്വാഭാവികമായും ഊഹിച്ചു. "ഞാനത്രയ്ക്കു മണ്ടനൊന്നുമല്ല. എന്നെ കബളിപ്പിക്കാൻ നോക്കേണ്ട. ഇത് പൊട്ടുന്നതു കാണണമല്ലോ" ഇത്രയും പറഞ്ഞുകൊണ്ട്, വെള്ളത്തിൽ മുക്കിയതിനുശേഷം കോലത്തിരി പെട്ടി തുറന്നു. കഷ്ടമെന്നല്ലാതെ എന്തു പറയാൻ! പെട്ടിക്കകത്ത് കടന്നൽകൂടായിരുന്നു. കടന്നലുകൾ ഇളകി കോലത്തിരിയെ തലങ്ങും വിലങ്ങും കുത്തി.

അങ്ങനെ കോലത്തിരി കത്തിയതുമില്ല, സാമൂതിരി കുത്തുകയും ചെയ്തു.

"ചാപല്യമുള്ളവൻ ബന്ധുവാകൽ
അനുസരഫല്യമില്ല വിനാശവും നിർണ്ണയം"

# TOPLINE SERVICES

**MARUTHI AUTHORISED SERVICE STATION**

50/187 RAILWAY STATION ROAD, EDAPPALLY, COCHIN - 24
Ph : 0484-337818, 336418, Mobile : 98460-6718

A RELIABLE WORKSHOP FOR YOUR MARUTI VEHICLES AND NEW GENERATION CARS

- Free Pick Up and Delivery
- Brake Down Repairs
- Body Works and Painting Jobs

Managed By Technically Qualified and Experienced Personnel

# SATHA BOOK DEPOT & FANCY HOUSES

G. B. ROAD, PALAKKAD

# ROYAL AGENCY

Printers, Educational Suppliers, Book Sellers & Stationers

*Camp Bazar, Kannur - 670 001*
(Head Office: P. O. PAYANGADI R. S. - 670 358 Kannur Dt.)

STD Code : 0497
Phone Payangadi : 870498,
Kannur 707598

*Best Compliments Of:*

# Udaya Sanitary & Hardwares

RAMANKULANGARA
PHONE : 794555, 796555

**DEALERS IN ALL KINDS OF BUILDING MATERIALS**

Authorised Dealers of :-

Hind Ware, Ambuja Cements, Akash Pump Sets, Cascade Water Heater, Berger Paints, Kamal & Hycount PVC Pipes, Tulip C.P. Bathroom Fittings

ലേഖനം

# ഇൻഡിപെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ ഓഫ് പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റ്

കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.

## വളർച്ചയുടെ പടവുകൾ

164-ൽപ്പരം വർഷം പഴക്കമുള്ള അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ കാറ്റഗറിക്കൽ സംഘടനയായ ഇൻഡിപ്പെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ അതിന്റെ രജത ജൂബിലി അഭിമാനപൂർവ്വം ആഘോഷിക്കുകയാണ്.

"I. S. O." യുടെ തിളക്കമാർന്ന ഈ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലേയ്ക്ക് പിൻതിരിഞ്ഞു നോക്കുമ്പോൾ അഭിമാനിക്കാൻ ഏറെയുണ്ട് എന്നതിൽ തെല്ലും അതിശയോക്തി ഇല്ല തന്നെ. 1977-നു മുമ്പ് അന്നുണ്ടായിരുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ദയനീയാവസ്ഥയും "I. S. O." രൂപവത്ക്കരിക്കുവാൻ കാരണമായ അന്നത്തെ സാഹചര്യങ്ങളും ഓർമ്മിക്കുമ്പോൾ മാത്രമേ ഈ 25 വർഷക്കാലത്തെ പ്രവർത്തന നേട്ടങ്ങളുടെ മാറ്ററിയൂ !

## 1977-നു മുമ്പുണ്ടായിരുന്ന അവസ്ഥ

1973-ലെ N. G. O. സമരകാലം മുതൽ ആരംഭിക്കാം. ജനുവരി - ഫെബ്രുവരി മാസങ്ങളിലായി ആകെ 56 ദിവസം നീണ്ടു നിന്നതും "Dies-non" ഏറ്റുവാങ്ങി പരാജയപ്പെട്ടതുമായ ഐതിഹാസിക സമരമായിരുന്നു, 1973ലേത്.

തുടക്കത്തിൽ സംസ്ഥാന വ്യാപകമായി ഒറ്റക്കെട്ടായി സമരം മുന്നേറി. സമരം പൊളിക്കാൻ പലവിധ പ്രതിലോമ നടപടികളും സർക്കാർ കൈക്കൊണ്ടു. സമരം കാരണം പ്രവർത്തനം സ്തംഭിച്ച വകുപ്പുകളിൽ "P. S. C." മുഖേന [illegible] നിയമനം നടത്തി പ്രവർത്തനം പുനരാരംഭിച്ചു.

"P. S. C." മുഖേനയുണ്ടായ പുതിയ നിയമനങ്ങൾ, "Dies-non" ഏർപ്പെടുത്തൽ, മറ്റു പല പരാധീനതകൾ എന്നീ കാരണങ്ങളാൽ ഏതാണ്ട് ഒരു മാസം പിന്നിട്ടപ്പോൾ സമരത്തിലായിരുന്ന പലരും ക്രമേണ ജോലിക്കു കയറിത്തുടങ്ങി. കുറച്ചുപേർ അവസാനം വരെയും സമരത്തിൽ ഉറച്ചു നിന്നു. സമരം തീർന്നതിനുശേഷം, സമരത്തിനിടയിൽ ജോലിക്കു കയറിയവരും അവസാനം വരെ സമരത്തിൽ തുടർന്നവരും തമ്മിൽ ചേരിതിരിഞ്ഞു പോരാടുന്ന അവസ്ഥയിലുമായി.

*"കുശവനു പലനാളത്തെ വേല*
*വടിക്കാരന് അരനിമിഷത്തെ വേല"*

അച്ചടിവകുപ്പിൻ കീഴിൽ അന്നുണ്ടായിരുന്ന സർക്കാർ പ്രസ്സുകളിലെ പരിമിത എണ്ണം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഇടയിലും മേൽപ്പറഞ്ഞ അവസ്ഥ കുറേക്കൂടി രൂക്ഷമായാണ് വ്യാപിച്ചത്.

ഇക്കാലത്ത്, അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ രണ്ട് കാറ്റഗറിക്കൽ സംഘടനകൾ നിലവിലുണ്ടായിരുന്നു. അവയുടെ നേതൃസ്ഥാനത്തുണ്ടായിരുന്നവർക്ക് "വഴക്കിനും വാക്കേറ്റത്തിനും" മാത്രമേ നേരമുണ്ടായിരുന്നുള്ളൂ. ആഫീസ് സമയത്ത് ആഫീസിനുള്ളിൽ വാക്കുതർക്കവും ബഹളവും കയ്യേറ്റവുംവരെ ഉണ്ടാക്കുക പതിവായിരുന്നു.

ജീവനക്കാരുടെ ഉന്നമനത്തിനായി എന്തെങ്കിലും ചെയ്യുവാനോ പരാധീനതകൾക്ക് പരിഹാരം കാണുവാനോ ഈ നേതൃത്വങ്ങൾക്ക് കഴിവില്ലായിരുന്നു. പക്ഷേ, സ്വന്തം വ്യക്തി താല്പര്യത്തിനായി "പാദസേവയ്ക്കും" "പാര പണിയലിനും" ഇവർ സദാ ജാഗ്രരൂകരായിരുന്നു. കുത്സിത പ്രവർത്തികളും ഇന്നലെ വരെ ഒന്നിച്ചു കഴിഞ്ഞിരുന്നവരെ അവഹേളിക്കലും സാമർത്ഥ്യങ്ങളായി ഇവർ കരുതിയിരുന്നതായി കാണാം.

സാമൂഹിക ജീവിയായ മനുഷ്യൻ ഔദ്യോഗിക ജീവിത കാലത്തിനിടയിൽ സഹപ്രവർത്തകരുടെ സന്തോഷ–സന്താപങ്ങളിൽ പങ്കുകൊള്ളാറുണ്ടല്ലോ!. എന്നാൽ ഇത്തരം സന്ദർഭങ്ങൾ പോലും വിദ്വേഷവും പകയും പ്രകടിപ്പിച്ച് അലങ്കോലപ്പെടുത്തുവാൻ ഇവർ തക്കംപാർത്തു കഴിഞ്ഞിരുന്നു.

തിരുവനന്തപുരം സെൻട്രൽ പ്രസ്സിൽ പബ്ലിക്കേഷൻ അസിസ്റ്റന്റ് ആയിരുന്ന്, റിട്ടയർ ചെയ്ത ശ്രീമാൻ രാമൻപിള്ള സാറിനുണ്ടായ ഹൃദയഭേദകമായ അനുഭവം ഇതിനൊരു ഉദാഹരണമാണ്.

"1973–അവസാനകാലം.................. തിരുവനന്തപുരം Y.M.C.A. Hall–ൽ യാത്ര അയപ്പ് സമ്മേളനം.......... സദസ്സിൽ – സഹപ്രവർത്തകർ........... വേദിയിൽ – മേലുദ്യോഗസ്ഥർക്കൊപ്പം ശ്രീമാൻ രാമൻപിള്ള സാർ..............ആശംസയ്ക്കു പകരം നിന്ദ്യമായ ശകാരവർഷം.............നിർഭാഗ്യവശാൽ, ഇതിനെല്ലാം സാക്ഷ്യം വഹിക്കുന്ന സ്വന്തം മകളുടെ സാന്നിദ്ധ്യവും..........ഏതൊരു മനുഷ്യനും താങ്ങാവുന്നതിലും അപ്പുറം............വേദിയിൽ നിന്നും കരഞ്ഞുകൊണ്ടുള്ള യാത്ര.............."

സേവനകാലം പൂർത്തിയാക്കി പിരിഞ്ഞു പോകുന്ന – പടിയിറങ്ങിപ്പോയ – ഈ മനുഷ്യന്റെ മാനസികാവസ്ഥ ഒന്നു സങ്കല്പിച്ചു നോക്കൂ !! അതിൽപ്പിന്നെ "സെന്റ്–ഓഫ്" ഒരു ഭീകരാനുഭവമായാണ് കരുതപ്പെട്ടിരുന്നത്. "വഴിയമ്പലത്തിൽ നിന്ന് പടിയിറങ്ങിപ്പോകുന്നവനെ"പ്പോലെ പലരും പെൻഷൻ പറ്റിപ്പിരിഞ്ഞുപോയി. ഈ സ്ഥിതി വർഷങ്ങളോളം തുടർന്നു.

1973–ലെ സമരകാലത്തും അതിനുശേഷവുമായി സർവ്വീസിൽ പ്രവേശിച്ചിരുന്ന ചെറുപ്പക്കാരായ ജീവനക്കാർ ഇതിനൊരു മാറ്റം വേണമെന്ന ചിന്താഗതിക്കാരായിരുന്നു. ചേരിപ്പോരിലും നിസ്സംഗഭാവത്തിലും വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന ഇവർക്ക് സഹൃദയരും സമാന ചിന്താഗതിക്കാരുമായ പല ജീവനക്കാരും പിൻതുണക്കാരായുണ്ടായി. ഈ കൂട്ടുകെട്ട് ഒരു നവോത്ഥാനത്തിന് തുടക്കം കുറിച്ചു.

ആയിടയ്ക്ക്, സമരകാലത്ത് സർവ്വീസിൽ പ്രവേശിച്ച സെൻട്രൽ പ്രസ്സിലെ ഒരു ജീവനക്കാരിയുടെ വിവാഹം പ്രമാണിച്ച് ഒരു സമ്മാനം നൽകണമെന്ന് നിശ്ചയിച്ചു. നിലവിലുണ്ടായിരുന്ന സംഘടനാ നേതാക്കന്മാർ ആരും രംഗത്തു വരാതിരുന്ന സാഹചര്യത്തിൽ, അന്നത്തെ പബ്ലിക്കേഷൻ അസിസ്റ്റന്റ് ആയിരുന്ന ശ്രീമാൻ ഉണ്ണിത്താമു, അക്കൗണ്ട്സ് ഓഫീസർ ആയിരുന്ന ശ്രീമാൻ

"ചൊല്കൊണ്ട കായ്കനികൾ തിന്നു രസിച്ചിരിക്കെ
കയ്ക്കുന്ന കാഞ്ഞിരവുമൊന്നു കടിച്ചുനോക്കും"

എഴുത്തച്ഛൻ എന്നിവരുടെ ഒത്താശയോടെ ചെറുപ്പക്കാരായ പുതിയ ജീവനക്കാർ രംഗത്തിറങ്ങി, ലിസ്റ്റ് സർക്കുലേറ്റ് ചെയ്ത്, വാങ്ങിയ 'സമ്മാനം' ബില്ലുസഹിതം എല്ലാ സെക്ഷനുകളിലും പ്രദർശിപ്പിച്ചു. യഥോചിതം വിവാഹസമ്മാനം നൽകുകയും ചെയ്തു.

ഈ സംഭവം ഒരു പുത്തൻ ഉണർവ്വിന് നിദാനമായി. തുടർന്ന്, ഈ നേതൃത്വത്തിൻ കീഴിൽ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി വിജയമ്മ, ഡഫേദാർ ആയിരുന്ന ശ്രീമാൻ സുബ്ബയ്യൻ എന്നിവർക്ക് സന്തോഷകരമായ യാത്ര അയപ്പുകൾ നൽകുവാൻ സാധിച്ചു. ഇപ്രകാരം വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന, ജീവനക്കാർ തമ്മിലുള്ള സഹവർത്തിത്വം വീണ്ടും തളിരിട്ടു തുടങ്ങിയെങ്കിലും മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ പരാധീനതകളും ആവശ്യങ്ങളും ഉന്നയിച്ചു പരിഹാരം കാണുവാൻ ശേഷിയുള്ള ഒരു "സംഘടന"യുടെ അഭാവം വ്യക്തമായി കാണാമായിരുന്നു.

ഇക്കാലത്ത്, സർക്കാർ ഓഫീസുകളിൽ വകുപ്പു തലത്തിൽ "സ്റ്റാഫ് കൗൺസിൽ ഇലക്ഷൻ" നിശ്ചയിച്ച് ഉത്തരവുണ്ടായി. ഓഫീസർ, സൂപ്പർവൈസറി, ക്ലറിക്കൽ – എന്നീ വിഭാഗങ്ങളിൽ വെവ്വേറെ മണ്ഡലങ്ങളിലേയ്ക്കായിരുന്നു തിരഞ്ഞെടുപ്പ്. അതിൽ ക്ലറിക്കൽ (എൽ. ഡി./ യു. ഡി.) വിഭാഗത്തിൽ എൽ. ഡി. ക്ലാർക്കായിരുന്ന ശ്രീമാൻ സി. പി. വേലപ്പൻ നായരുടെ വിജയം പ്രത്യേകം ശ്രദ്ധേയമായിരുന്നു.

നിലവിലുണ്ടായിരുന്ന സംഘടനകളിൽ ഒന്നിന്റെ നേതാവായിരുന്നു എതിർ സ്ഥാനാർത്ഥി. ഈ വിജയം, 1973ലെ സമരകാലം മുതൽ സർവ്വീസിൽ പ്രവേശിച്ചിരുന്നവരുടെ സഹവർത്തിത്വത്തിന്റെയും സംഘടിത ശക്തിയുടെയും അംഗീകാരവും സർവ്വോപരി, ജീർണ്ണിച്ച പഴയ നേതൃത്വത്തിനെതിരായ വിധിയെഴുത്തുമായിരുന്നു. ഈ "വഴിത്തിരിവിൽ" നിലവിലുണ്ടായിരുന്ന സംഘടനാ നേതാക്കന്മാർ അപ്രസക്തരായി.

***എന്തൊക്കെയായാലും, വികസനം വഴിമുട്ടി നിന്നരുന്ന അച്ചടിവകുപ്പിന്റെ പുരോഗമനത്തിനും ഗതിമുട്ടിയ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഉന്നതിക്കും വേണ്ടി ക്രിയാത്മകമായി പ്രവർത്തിക്കാൻ ശക്തമായ ഒരു സംഘടനയും സേവന തല്പരതയുള്ള ഒരു നേതൃത്വവും ഉണ്ടാകുക എന്നത് തീർത്തും അനിവാര്യമായിരുന്നു.***

## വികസനം വഴിമുട്ടിനിന്ന അന്നത്തെ അച്ചടി വകുപ്പ്

തിരുവന്തപുരം ഗവ: സെൻട്രൽ പ്രസ്സ്, സ്റ്റാമ്പ് മാനുഫാക്ചറി (പഴയ കമ്മട്ടം), സെൻട്രൽ പ്രിസൺ പ്രസ്സ്, എറണാകുളം ഗവ: പ്രസ്സ്, ഷൊർണ്ണൂർ ഗവ: പ്രസ്സ്, കണ്ണൂർ ജയിൽ പ്രസ്സ് എന്നീ അച്ചടിശാലകൾ മാത്രമാണ് അന്ന് അച്ചടി വകുപ്പിൻ കീഴിലുണ്ടായിരുന്നത്.

എറണാകുളം ഗവ: പ്രസ്സിന്റെ വികസനം, മണ്ണന്തലയിൽ ഗവ: പ്രസ്സിന്റെ സ്ഥാപനം – ഇവയാണ് അന്ന് അച്ചടി വകുപ്പിന്റെ വികസനക്കാര്യത്തിൽ ആശയ്ക്കു വകയുണ്ടായിരുന്ന സംഗതികൾ. പക്ഷേ, 'മരീചിക' പോലെ ഇവ അകന്നകന്ന് പൊയ്ക്കൊണ്ടിരുന്നു. ഇങ്ങനെ വകുപ്പിന്റെ വികസനം വഴിമുട്ടി നിന്നിരുന്നു. (എന്നു മാത്രമല്ല; എറണാകുളം പ്രസ്സിന്റെ പേരിൽ തൃക്കാക്കരയിൽ സ്ഥാപിച്ചതത്രയും കാലാന്തരത്തിൽ 'സൊസൈറ്റി'യായി പരിണമിക്കുകയും, അച്ചടി വകുപ്പിന് അന്യമായിപ്പോകുകയും ചെയ്തു.)

*'പുസ്തകത്തിലെഴും വിദ്യ, പരൻ കൈകൊണ്ട വിത്തവും,*
*ആവശ്യപ്പെട്ടീടും നേരം ഉതകാ തെല്ലുപോലുമേ'*

I.S.O.

## ഗതിമുട്ടിയ മിനിസ്റ്റീരിയൽ വിഭാഗവും അവരുടെ പരാധീനതകളും

അച്ചടി വകുപ്പിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന ഒരാൾക്ക് യു. ഡി. ക്ലാർക്ക് ആയി ആദ്യ പ്രൊമോഷൻ ലഭിക്കണമെങ്കിൽ ഏകദേശം പത്തോ പന്ത്രണ്ടോ വർഷക്കാലം കാത്തിരിക്കണമായിരുന്നു. തുടർന്നുള്ള പ്രൊമോഷൻ സാധ്യത തീരെ കുറവ്. ആകെ ഉണ്ടായിരുന്ന ഗസറ്റഡ് തസ്തികകൾ 4 എണ്ണം മാത്രമായിരുന്നു. "ഓഫീസ് മാനേജർ", "അക്കൗണ്ട്സ് ഓഫീസർ", "പബ്ലിക്കേഷൻ അസിസ്റ്റന്റ്", "ഫോംസ് ഓഫീസർ" എന്നിങ്ങനെയായിരുന്നു പ്രസ്തുത നാല് തസ്തികകൾ.

***ഈ ഗസറ്റഡ് തസ്തികകളിൽ ഏതെങ്കിലും ഒന്നിൽ എത്തണമെങ്കിൽ ഭാഗ്യം തുണയ്ക്കണം! യു. ഡി. ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവയിൽ ഏതെങ്കിലും ഒരു തസ്തികയിൽ റിട്ടയർ ചെയ്യേണ്ടുന്ന ദുരവസ്ഥ!! വകുപ്പിന്റെ വികസനം മുരടിച്ചിരുന്നതുപോലെ തന്നെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഗതിയും വഴിമുട്ടി നിന്നിരുന്നു.***

സർക്കാർ പ്രസ്സുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പരാധീനതകൾ വളരെ ഏറെയായിരുന്നു. മറ്റു വകുപ്പുകളിലേതിനെക്കാൾ വ്യത്യസ്ഥമായ ജോലിക്കൂടുതൽ; ആനുപാതികമായി സ്റ്റാഫിന്റെ എണ്ണത്തിൽ കുറവും. ഇക്കാരണത്താൽ അദ്ധ്വാനഭാരം കൂടിക്കൂടി വന്നിരുന്നു. അടിച്ചേൽപ്പിക്കുന്നതെന്തും സമയബന്ധിതമായി ചെയ്തു തീർക്കണമായിരുന്നു.

ജോലിഭാരം കൂടുന്നതിനനുസരണമായി ആഫീസ് സമയത്തിനു മുൻപും ആഫീസ് സമയം കഴിഞ്ഞും അധിക ജോലി ചെയ്യുക പതിവായിരുന്നു. സമയബന്ധിതമായി തീർക്കേണ്ട ജോലിയാണ് ഇപ്രകാരം ചെയ്തിരുന്നത്. ഇങ്ങനെയുള്ള കർത്തവ്യനിർവ്വഹണം പോലും തെറ്റായി വ്യാഖ്യാനിച്ച് ഭീഷണിപ്പെടുത്തിയ കാലവും അതിജീവിക്കേണ്ടതുണ്ടായിരുന്നു.

അടിയന്തരാവസ്ഥയ്ക്കുശേഷം ഭരണത്തിൽ വന്ന ഒരു ഡയറക്ടറാണ് മേല്പ്പറഞ്ഞവിധം ഭീഷണിപ്പെടുത്തിയത്. "കൂടുതൽ സമയം ജോലിചെയ്യുന്നത് എന്തിനാണെന്ന് എനിക്കറിയാം.............. എല്ലാപേരെയും ഞാൻ സസ്പെൻഡു ചെയ്യും ..............." എന്നൊക്കെയായിരുന്നു, കഥയറിയാതെ ആട്ടം കണ്ടിരുന്ന അദ്ദേഹത്തിന്റെ "തിരുമൊഴികൾ". അസംഘടിതരായ അന്നത്തെ മിനിസ്റ്റീരിയൽ വിഭാഗം ആകമാനം ഭയപ്പെട്ടിരുന്ന ഒരു കാലമായിരുന്നു അത്.

## ഇൻഡിപ്പെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെ ഉത്ഭവം

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ പരാധീനതകളും ഗതികേടുകളും പാരമ്യത്തിൽ എത്തിയത് 1976–77 കാലഘട്ടത്തിലായിരുന്നു. പ്രൊമോഷൻ സൗകര്യങ്ങളുടെ അപര്യാപ്തതയിലുള്ള ഉൽക്കണ്ഠ വ്യാപിച്ചിരുന്നെങ്കിലും "ജോലിയിലുള്ള സുരക്ഷിതത്വം നേടുക" – എന്നതായിരുന്നു പ്രഥമവും പ്രധാനവുമായ ലക്ഷ്യം.

സംഘടിതമായി യത്നിക്കുവാൻ ബാധ്യസ്ഥരായിരുന്ന, അന്നുണ്ടായിരുന്ന രണ്ടു കാറ്റഗറിക്കൽ സംഘടനകളും "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന കവിവാക്യം അന്വർത്ഥമാക്കിക്കഴിഞ്ഞിരുന്നു. ഈ സാഹചര്യത്തിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഒരു "അത്താണി" ഉണ്ടായേ തീരൂ എന്ന ഘട്ടം എത്തിച്ചേർന്നിരുന്നു. കക്ഷിരാഷ്ട്രീയത്തിനും വ്യക്തി താല്പര്യത്തിനും അതീതമായി ഒരു പുത്തൻ സംഘടന ഉണ്ടാകണമെന്ന ആവശ്യം വ്യാപകമായി കേട്ടു തുടങ്ങി.

*"അവശന്മാരാർത്തന്മാരാലംബഹീന-*
*ന്മാരവരുടെ സങ്കടമാരറിയാൻ?"*

ഇക്കാര്യങ്ങൾ എല്ലാം കണക്കിലെടുത്തുകൊണ്ട്, ഒരു ആലോചനായോഗം കൂടുവാൻ നിശ്ചയിച്ചു. അതിൻപ്രകാരം, 1977 മേയ് 31-ാം തീയതി വൈകുന്നേരം 5.30 മണിക്ക് തിരുവനന്തപുരം "ഊറ്റുകുഴി"യിൽ പ്രവർത്തിച്ചിരുന്ന പി. എസ്സ്. സി. ഫാറംസ്റ്റോർ അങ്കണത്തിൽ ഒരു യോഗം ചേർന്നു. അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ ഉന്നമനത്തിന് ഉതകുന്ന ഒരു പുത്തൻ വഴിത്താര വെട്ടിത്തുറക്കുവാൻ ഇടയാക്കിയ ഈ യോഗത്തിൽ 12 ജീവനക്കാരായിരുന്നു പങ്കെടുത്തത്. സർവ്വശ്രീ എൻ. കൃഷ്ണപിള്ള, കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ, പി. എസ്സ്. ജോർജ്കുട്ടി, പി. മണി, പി. വി. ജോസഫ്, വി. ശിവശങ്കരൻ നായർ, എം. മണിയനാശാരി, ജി. ഗോപാലകൃഷ്ണൻ നായർ, പി. രാമചന്ദ്രൻ പോറ്റി, എൻ. രാമചന്ദ്രൻ നായർ, കെ. എസ്സ്. എബ്രഹാം, സി. സോമശേഖരൻ നായർ എന്നിവരായിരുന്നു ആ 12 പേർ.

പ്രസ്തുത യോഗത്തിൽ ജീവനക്കാരുടെ ആശയാഭിലാഷങ്ങളുടെ സാക്ഷാൽക്കാരത്തിനായി ഒരു പുത്തൻ സംഘടനയ്ക്ക് രൂപം നൽകപ്പെട്ടു. "ഇൻഡിപ്പെൻഡന്റ് സർവ്വീസ് ഓർഗനൈസേഷൻ ഓഫ് പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റ്" എന്ന പേരിൽ അത് അറിയപ്പെടണമെന്ന് തീരുമാനിക്കുകയും ചെയ്തു. ഭാവി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിലേക്കായി, അന്ന് എൽ. ഡി. ക്ലാർക്ക് ആയിരുന്ന, ശ്രീമാൻ സി. സോമശേഖരൻ നായർ കൺവീനർ ആയി ഒരു അഞ്ചംഗ താല്ക്കാലിക കമ്മിറ്റിയെ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തുകയും ചെയ്തു. സർവ്വശ്രീ : പി. മണി, ജി. ഗോപാലകൃഷ്ണൻ നായർ, പി. രാമചന്ദ്രൻ പോറ്റി, എൻ. പത്മനാഭൻ നായർ എന്നിവർ കമ്മിറ്റി അംഗങ്ങളും. പുതിയ ഈ സംരംഭത്തിന്റെ ഉദ്ദേശ്യശുദ്ധി വിവരിച്ചും ഒന്നിച്ചു ചേർന്ന് ഒറ്റയൊരു സംഘടനയായി മുന്നോട്ടു പോകണമെന്ന് താല്പര്യപ്പെട്ടും അതിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അറിയിക്കണമെന്നും രേഖാമൂലം അന്നുണ്ടായിരുന്ന ഇരു സംഘടനാ ഭാരവാഹികളോടും ആഭ്യർത്ഥിക്കുകയുണ്ടായി. ഇതിന് അവരിൽ നിന്ന് യാതൊരു മറുപടിയും ലഭിച്ചില്ലെന്നു മാത്രമല്ല, "ഇന്നലെ വന്ന പിള്ളേർക്ക് എന്തു മറുപടി" എന്ന അവജ്ഞയോടുള്ള സംഭാഷണങ്ങൾ അവിടവിടെ കേൾപ്പിച്ചും നടന്നു. ഇതോടെ, ഈ പഴയ നേതാക്കളിൽ നിന്നും സഹകരണം യാതൊന്നും ഉണ്ടാകില്ലെന്ന് ഉറപ്പാകുകയും ചെയ്തു.

"I. S. O" യുടെ ആവിർഭാവം മിനിസ്റ്റീരിയൽ ജീവനക്കാർക്ക് ഉന്മേഷവും ആത്മവിശ്വാസവും പ്രദാനം ചെയ്ത സംഭവമായിരുന്നു. 24-6-1977-ൽ കൂടിയ പൊതുയോഗത്തിൽ, ഈ സംഘടനയ്ക്കായുള്ള ഭരണഘടന ചർച്ച ചെയ്ത് അംഗീകരിക്കുകയും അതിൻപ്രകാരം പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

***ഇപ്രകാരം, "I. S. O" യുടെ ആദ്യത്തെ പ്രസിഡന്റായി ശ്രീമാൻ കെ. അരവിന്ദാക്ഷൻ നായർ, ആദ്യത്തെ ജനറൽ സെക്രട്ടറിയായി ശ്രീമാൻ സി. സോമശേഖരൻ നായർ എന്നിവർ ഭരണസാരഥ്യം ഏറ്റെടുത്തു.***

സംഘടനയുടെ അംഗീകാരത്തിനുവേണ്ടിയുള്ള അപേക്ഷ 18-7-1977-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമക്ഷം സമർപ്പിക്കുകയും *1-8-1979 ലെ 211/79 - നമ്പർപ്രകാരം ഉത്തരവായി സർക്കാർ* അംഗീകാരം ലഭിക്കുകയും ചെയ്തു.

*"ക്ഷീരമാംസാദി ഭുജിച്ചിടിലുമമേധ്യത്തെ*
*ഷാരാതെ ഭുജിക്കേണം സാരമേയങ്ങൾക്കെല്ലാം"*

# "I. S. O." യുടെ വളർച്ച

സർക്കാരിൽ നിന്ന് I. S. O. യ്ക്ക് അംഗീകാരം ലഭിക്കുവാൻ രണ്ടുവർഷ സമയം എടുത്തെങ്കിലും അതിന്റെ മുന്നോട്ടുള്ള "കുതിപ്പിന്" അതുവരെ കാത്തിരിക്കാനായില്ല.

"അച്ചടി വകുപ്പിന്റെ വികസനവും അതിലൂടെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഉന്നമനവും" എന്നതായിരുന്നു, "I. S. O" യുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിന് മുന്നോടിയായി, ആഫീസിൽ ജോലി ചെയ്യുന്നതിന് ആവശ്യമായ സമാധാനാന്തരീക്ഷം സംജാതമാക്കുക – എന്നതായിരുന്നു ആദ്യജോലി. തുടർന്ന്, ജീവനക്കാർക്കിടയിൽ പരസ്പരവിശ്വാസവും സഹകരണവും വളർത്തുക എന്നതും കക്ഷിരാഷ്ട്രീയത്തിനതീതമായി, സേവന മനോഭാവത്തോടെയും ഐക്യത്തോടെയും പ്രവർത്തിച്ചുവന്ന പുത്തൻ നേതൃത്വം അതിനെല്ലാം പരിഹാരം കണ്ടെത്തി.

അന്നുണ്ടായിരുന്ന ബ്രാഞ്ച് പ്രസ്സുകളിൽ "യൂണിറ്റുകൾ" സ്ഥാപിക്കുകയും അവിടെ ജോലി ചെയ്തിരുന്ന മിനിസ്റ്റീരിയൽ ജീവനക്കാരെ "I. S. O" യുടെ സംഘടനാപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്തു. ജീവനക്കാരുടെ പ്രശ്നങ്ങൾ യഥാസമയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഉചിതമായ സത്വര പരിഹാരം നേടുകയും ചെയ്തിരുന്നു.

അംഗീകാരത്തിനായുള്ള അപേക്ഷയ്ക്കു തൊട്ടു പിന്നാലെ ക്രമാനുഗതമായി, മിതവും ന്യായവുമായ പല ആവശ്യങ്ങളും നടപ്പിലാക്കുവാൻ അപേക്ഷിച്ചുകൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു.

(1) കേരളത്തിലെ എല്ലാ ജില്ലകളിലും "ഫോറം സ്റ്റോറുകൾ" സ്ഥാപിക്കുക, (2) എറണാകുളത്തെയും ഷൊർണ്ണൂറിലെയും സർക്കാർ പ്രസ്സുകളിൽ "ഓഫീസ് മാനേജർ തസ്തിക" സൃഷ്ടിക്കുക, (3) അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ "ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും സ്റ്റാഫ് സ്ട്രെംഗ്ത്ത് ഫിക്സ് ചെയ്യുക"യും ചെയ്യുക, (4) പ്രത്യേക സാഹചര്യങ്ങളിൽ അധിക ജോലി ചെയ്യുവാൻ നിർബന്ധിതരാകുന്ന അക്കൗണ്ട്സ് സെക്ഷനുകളിലെ ജീവനക്കാർക്ക് സാമ്പത്തിക പ്രതിഫലം നൽകുക, (5) ശമ്പള ദിവസങ്ങളിൽ, സാങ്കേതിക വിഭാഗം ജീവനക്കാർക്ക് അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അതതു സെക്ഷനുകളിൽ ശമ്പളം കൊണ്ടുപോയി വിതരണം ചെയ്യേണ്ടിവരുന്ന ക്ലാർക്കുമാർക്ക് സാമ്പത്തിക പ്രതിഫലം നൽകുക – തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായുള്ള നിവേദനങ്ങളായിരുന്നു, സമർപ്പിച്ചത്.

ഈ നിവേദനങ്ങളിലൂടെ ഉന്നയിച്ച ആവശ്യങ്ങളുടെ പ്രസക്തി വകുപ്പിനും സർക്കാരിനും ബോദ്ധ്യപ്പെടുകയും അവ ഓരോന്നും–ചിലത് പൂർണ്ണമായും, മറ്റു ചിലത് ഭാഗികമായും – അനുവദിച്ചു തരുകയുമുണ്ടായി. അക്കൂട്ടത്തിൽ, മുകളിൽ (4), (5) എന്നീ നമ്പരുകളിൽ സൂചിപ്പിച്ച ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടിയത് അച്ചടി വകുപ്പു ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക വഴിത്തിരിവ് ആയിരുന്നു.

അടിച്ചേല്പിക്കുന്നതെന്തും ചെയ്തുതീർക്കണമായിരുന്ന – പഴയ "അടിമത്ത രീതി"യ്ക്ക് മാറ്റം വരുവാൻ ഇതൊരു നിമിത്തമായി. നിരാശയിലാണ്ടിരുന്ന ജീവനക്കാരെ പ്രത്യാശയിലേയ്ക്ക് നയിക്കുവാൻ കാറ്റഗറിക്കൽ സംഘടനയായ "I. S. O." യ്ക്കു കഴിഞ്ഞു.

*"മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ*
*പരം നമിക്കുന്നു ഘനം നവാംബുവാൽ"*

31–5–1977–ൽ ബീജവാപം ചെയ്യപ്പെട്ട ഈ സംഘടനയിൽ അംഗങ്ങളായി തുടക്കത്തിൽ 12 പേർ ആയിരുന്ന സ്ഥാനത്ത്, 24–8–1977–ൽ 63 ആയും 5–8–78–ൽ–74, 28–11–79–ൽ–105 എന്നിങ്ങനെ ആയും അംഗസംഖ്യ വർദ്ധിച്ചുവന്നു.

സർവ്വശ്രീ (1) എൻ. കൃഷ്ണപിള്ള, (2) കെ. വിജയകൃഷ്ണൻ ഉണ്ണിത്താൻ, (3) പി. എസ്സ്. ജോർജ്ജുകുട്ടി, (4) പി. മണി, (5) പി. വി. ജോസഫ്, (6) വി. ശിവശങ്കരൻ നായർ, (7) എം. മണിയൻ ആശാരി, (8) ജി. ഗോപാലകൃഷ്ണൻ നായർ, (9) പി. രാമചന്ദ്രൻ പോറ്റി, (10) എൻ. രാമചന്ദ്രൻ നായർ, (11) കെ. എസ്സ്. എബ്രഹാം, (12) സി. സോമശേഖരൻ നായർ, (13) പി. പീറ്റർ, (14) എൻ. മാലേശ്വരൻ, (15) എം. കുഞ്ഞുകൃഷ്ണപിള്ള, (16) പി. ശശികുമാരൻ നായർ, (17) വി. വി. മനമോഹൻ, (18) കെ. അരവിന്ദാക്ഷൻ നായർ, (19) ജെ. പത്മനാഭപിള്ള, (20) അർ. സ്റ്റാൻലി, (21) എൻ. താജ്ജുദീൻ എന്നിവർ "I. S. O." യുടെ ആദ്യകാലങ്ങളിൽ അതിന്റെ അഭ്യുന്നതിക്കുവേണ്ടി താല്പര്യപൂർവ്വം പ്രവർത്തിക്കുകയും വളരെയധികം ത്യാഗം സഹിക്കുകയും ചെയ്തവരാണ്. സ്വന്തം കൃത്യനിർവ്വഹണത്തിലും അന്യോന്യമുള്ള സഹവർത്തിത്വത്തിലും സൽപ്പേരുണ്ടായിരുന്ന ഇവരുടെ സാരഥ്യം "I. S. O." യുടെ തിളക്കത്തിന് മാറ്റ് വർദ്ധിപ്പിച്ചു.

***1979, 1980 എന്നീ വർഷങ്ങൾ, "I. S. O." യെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തന ചരിത്രം സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തേണ്ട വർഷങ്ങളായിരുന്നു. മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അടിസ്ഥാനപരമായ വിവിധ നേട്ടങ്ങൾ ഇക്കാലത്തു തന്നെയാണ് നേടിക്കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്.***

"I. S. O." യുടെ പ്രവർത്തന വിജയങ്ങൾ ഓരോന്നായി നേടാൻ തുടക്കമിട്ട 1979–ൽ സംഘടനയിലേക്ക് അംഗസംഖ്യ വളരെക്കൂടുകയുണ്ടായി. ഇക്കൂട്ടത്തിൽ അംഗങ്ങളായി ചേർന്ന പ്രമുഖരിൽ ശ്രീ. എസ്സ്. ചെല്ലപ്പൻ നായർ ഉൾപ്പെട്ടിരുന്നു. 28–11–1979 മുതൽ I. S. O. യുടെ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെടുകയും വളരെയധികം കാലം പ്രസ്തുത പദവിയിൽ തുടരുകയും ചെയ്ത അദ്ദേഹം ബഹുമുഖവ്യക്തിത്വത്തിന് ഉടമയായിരുന്നു. ഫയലുകൾ (മലയാളത്തിലും ഇംഗ്ലീഷിലും) കൈകാര്യം ചെയ്യുന്ന രീതി, സർവ്വീസ് കാര്യങ്ങളിലുള്ള (ചട്ടങ്ങൾ സംബന്ധിച്ച്) പാണ്ഡിത്യം എന്നിവയിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് അദ്ദേഹം അനുകരണീയനായിരുന്നു. നല്ലൊരു വാഗ്മി, സംഘാടകൻ എന്നീ നിലകളിൽ "I. S. O." യുടെ നേതൃനിരയിൽ അതുല്യനായി വളരെക്കാലം പ്രശോഭിച്ചു.

***അച്ചടിവകുപ്പിൽ 'ജില്ലാഫാറം' സ്റ്റോറുകൾ ആദ്യമായി സ്ഥാപിച്ചത് 1980–ലാണ്. "I. S. O." യുടെ ആദ്യ മെമ്മോറാണ്ഡത്തിലൂടെ ഉന്നയിച്ച "ജില്ലകൾ തോറും ഫാറം സ്റ്റോറുകൾ സ്ഥാപിക്കണമെന്ന്" ആവശ്യം അംഗീകരിച്ചു കൊണ്ടാണ് ആദ്യഘട്ടം എന്ന നിലയിൽ കൊല്ലം, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി 4 ജില്ലാഫാറം സ്റ്റോറുകൾ സ്ഥാപിക്കപ്പെട്ടത്.***

ഇത് "I. S. O." യുടെ ചരിത്രവിജയവും അച്ചടിവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ ഭാവി ശ്രേയസ്സിലേയ്ക്കുള്ള വാതായനവുമായിത്തീർന്നു.

**"കുങ്കുമത്തിന്റെ ഗന്ധമറിയാതെ**
**കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം"**

# "ജില്ലാഫാറം സ്റ്റോർ"

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെയും അവരുടെ സംഘടനയായ ഇൻഡിപ്പെൻഡന്റ് സർവ്വീസ് ഓർഗനൈസേഷന്റെയും ഇന്നുവരെയുള്ള ഉന്നതിക്കും നേട്ടങ്ങൾക്കും കാരണക്കാരനും മസ്തിഷ്ക്ക ശക്തിയുമായിരുന്ന, ശ്രീ. കെ. എസ്സ്. എബ്രഹാം, "I. S. O." യ്ക്ക് രൂപവും ഭാവവും നിർണ്ണയിച്ചതു മുതൽ അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ, ജീവനക്കാരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ ബുദ്ധിയും കരവിരുതും തെളിഞ്ഞു കാണാം. ഗവണ്മെന്റ് സെൻട്രൽ പ്രസ്സിൽ ഓഫീസ് മാനേജർ തസ്തികയിൽ റിട്ടയർ ചെയ്തതിനു ശേഷവും, 1-1-97-ൽ അന്തരിക്കും വരെയും അദ്ദേഹത്തിന്റെ സേവനം "I. S. O." യ്ക്കു ലഭിച്ചു വരുകയും ചെയ്തിരുന്നു.

''ജില്ലാഫോംസ് സ്റ്റോർസ്'' എന്ന ആശയം അദ്ദേഹത്തിന്റെ ബുദ്ധിയിൽ രൂപം പ്രാപിച്ചതാണ്.

അച്ചടിച്ച ഫോറങ്ങളും രജിസ്റ്ററുകളും വിതരണത്തിനായി സൂക്ഷിക്കുവാൻ തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ എന്നിവിടങ്ങളിലായി ആകെ മൂന്നു സ്റ്റോറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കേരളത്തിലെ, തെക്കു മുതൽ വടക്കേ അറ്റംവരെയുള്ള മറ്റു ജില്ലകളിലെ ആഫീസുകളിലേയ്ക്ക് ആവശ്യമായ "ഐറ്റംസ്" ശേഖരിക്കുവാൻ വേണ്ട ചെലവ് ഫോറം സ്റ്റോറുമായുള്ള ദൂരത്തിനനുസരിച്ച് ഏറുമായിരുന്നു. ഇതിനായി വാഹനച്ചെലവ്, കയറ്റിറക്കുകൂലി, വന്നുപോകുന്ന ആഫീസ് സ്റ്റാഫിന്റെ ടി. എ/ഡി. എ. ഇനത്തിൽ ഓരോ ആഫീസിനും ഭീമമായ തുക സർക്കാർ ഖജനാവിൽ നിന്ന് ചെലവഴിക്കേണ്ടതുണ്ടായിരുന്നു,

ഇതു കൂടാതെ ''സപ്ലൈ'' കിട്ടുന്നതിന് മുന്നോടിയായി വർഷംതോറും "ഇന്റൻഡ്" കാലേക്കൂട്ടി പാസ്സാക്കി വാങ്ങിയിരിക്കണം എന്നത് നിർബന്ധമായിരുന്നു. ഇതിനായുള്ള കത്തിടപാടുകൾക്കും മറ്റുമായി അച്ചടിവകുപ്പിലും ഇതര വകുപ്പുകളിലുമായി വേറെയും ചെലവുകളും കൂടുതൽ മാനവശേഷി വിനിയോഗവും ഉണ്ടായിരുന്നു.

ഓരോ ജില്ലയിലെയും സർക്കാർ ആഫീസുകൾക്ക് ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും അതതു ജില്ലകളിൽ നിന്നുതന്നെ "സപ്ലൈ" നടക്കുമെങ്കിൽ മേൽ വിവരിച്ച വിധത്തിലുള്ള സാമ്പത്തികച്ചെലവുകളും മാനവശേഷി വിനിയോഗവും വലിയൊരളവിൽ ഒഴിവാക്കാൻ കഴിയുകയും വിതരണ ശൃംഖല മെച്ചപ്പെടുത്തി അച്ചടിവകുപ്പിന്റെ ചുമതല നിറവേറ്റാൻ തരപ്പെടുകയും ചെയ്യും എന്നതാണ് "ജില്ലാ ഫോംസ് സ്റ്റോർസ്" എന്ന ആശയത്തിൽ ഉൾക്കൊണ്ടിരുന്നത്.

ഇതിനായുള്ള നിവേദനം നൽകി എന്നറിഞ്ഞപ്പോൾ പഴയ സംഘടനാ നേതാക്കൾക്ക് ഈ ആശയം ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. ഒരുപക്ഷേ ഈ ആവശ്യം അംഗീകരിച്ചു കിട്ടിയാൽ - ഉദ്യോഗകയറ്റം ലഭിച്ചാൽ - സ്വന്തം സ്ഥലം വിട്ടുപോകേണ്ടി വന്നാലോ എന്നും മറ്റുമുള്ള സ്വന്തം കാര്യത്തിലധിഷ്ഠിതമായ ഇടുങ്ങിയ ചിന്താഗതിയും ഇവർക്കുണ്ടായിരുന്നു.

"താലൂക്കുതോറും, അല്ലെങ്കിലെന്താ പഞ്ചായത്തുതോറും സ്റ്റോറുകൾ വരും", "കോഴിക്കു മുല വരുന്നതും കാത്ത് നമുക്കിരിക്കാം"- എന്നൊക്കെയായിരുന്ന അവരുടെ പരിഹാസവാക്കുകൾ.

ഇത്തരം ജല്പനങ്ങൾ എങ്ങും ഏശിയില്ല എന്നു മാത്രമല്ല, ഇത് "I. S. O." യുടെ ദീർഘവീക്ഷണത്തെയും കാര്യശേഷിയെയും കുറിച്ചുള്ള ഒരു പ്രചരണമായിത്തീരുകയും ചെയ്തു.

"I. S. O." യുടെ ഈ മെമ്മോറാണ്ഡത്തിലെ ആവശ്യം സർക്കാർ അംഗീകരിക്കുക തന്നെ ചെയ്തു. അക്കാര്യത്തിൽ തുടക്കമെന്ന നിലയിൽ കൊല്ലം, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി നാല് ജില്ലാഫോറം സ്റ്റോറുകൾ സ്ഥാപിക്കുവാൻ ഉത്തരവായി.

> *"തന്റെ കാര്യമഖിലം നടക്കണം, സ്വന്തദാരസുതരും സുഖിക്കണം,*
> *അന്യരാകവെ വിഭിന്നരാകണം, ധന്യരായിതരരാമാകൊല"*

ഈ നാലു ഫോറം സ്റ്റോറുകൾ സ്ഥാപിച്ചപ്പോൾ അതോടനുബന്ധിച്ചുണ്ടായ നേട്ടങ്ങൾ അനുഭവിക്കുവാൻ ആദ്യഭാഗ്യം സിദ്ധിച്ചത്, മുൻപ് പരിഹാസവാക്കുകൾ പറഞ്ഞു നടന്നിരുന്നവരിൽ ചിലർക്കായിരുന്നു എന്നത് വിചിത്രമായി.

"I. S. O." യെ സംബന്ധിച്ചിടത്തോളം "ആര്", "ആർക്ക്" എന്നത് ഒരു പ്രശ്നം ആയിരുന്നില്ല; നേടുന്നതെല്ലാം മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ പൊതുശ്രേയസ്സിനു വേണ്ടിയായിരിക്കണം !

തുടർന്നുള്ള പരിശ്രമഫലമായി 1986-ൽ ആലപ്പുഴ, തൃശൂർ, മലപ്പുറം എന്നീ മൂന്നു ജില്ലകളിലും ഫോറം സ്റ്റോറുകൾ സ്ഥാപിച്ചുത്തരവായി. അങ്ങിനെ ആകെ (4+3) ഏഴ് ജില്ലാഫാറം സ്റ്റോറുകൾ നിലവിൽ വന്നു.

തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ ഫോറം സ്റ്റോറുകൾ ഉണ്ടായിരുന്ന കാര്യം മുൻപ് സൂചിപ്പിച്ചിരുന്നുവല്ലോ? പക്ഷേ അവ ജില്ലാഫോറം സ്റ്റോറുകളായിരുന്നില്ല. അവയും പിൽക്കാലത്ത് ജില്ലാഫോംസ് സ്റ്റോറുകൾ എന്ന നിലയിൽ പുനഃസംഘടിപ്പിച്ചു.

ആലപ്പുഴ, തൃശൂർ, മലപ്പുറം ഫോറം സ്റ്റോറുകൾക്കു വേണ്ടിയും എറണാകുളം ഷൊർണ്ണൂർ എന്നിവിടങ്ങളിൽ ഫോംസ് ഇൻസ്പെക്ടർ തസ്തികകൾ ഫോറം ആഫീസറുടെ തസ്തികകളാക്കി ഉയർത്തുന്നതിനു വേണ്ടിയും പരിശ്രമിച്ചിരുന്നത് പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റിൽ കൺട്രോളർ ഓഫ് ഫാംസ് ആയിരുന്ന ശ്രീ. ജി. ഗോപാകൃഷ്ണൻ നായരും, ശ്രീ. പി. വാസുദേവനും ആയിരുന്നു എന്നത് എടുത്ത് പറയേണ്ടതാണ്.

ഇവയിൽ എറണാകുളം, ഷൊർണ്ണൂർ എന്നീ സ്റ്റോറുകളുടെ ചുമതല ഓരോ "ഫോംസ് ഇൻസ്പെക്ടർ"മാർക്കായിരുന്നു. ഹെഡ്ക്ലാർക്കിനു തുല്യമായിരുന്ന ഈ തസ്തികകൾ ജില്ലാഫോംസ് ഓഫീസറുടേതായി ഉയർത്തി അതതിടങ്ങളിലെ ഫോംസ് സ്റ്റോറുകളിൽ നിയമിച്ചു. അതേ സ്റ്റോറുകൾ തന്നെ യഥാക്രമം "എറണാകുളം", "പാലക്കാട്" എന്നീ ജില്ലകൾക്കായി "ജില്ലാഫോംസ് സ്റ്റോർ" എന്ന നിലയിൽ രൂപാന്തരപ്പെടുകയും ചെയ്തു.

തിരുവനന്തപുരം സെൻട്രൽ പ്രസ്സിൽ അച്ചടിവകുപ്പിന് മൊത്തമായി നിശ്ചയിക്കപ്പെട്ടിരുന്ന "ഫോംസ് ഓഫീസർ" എന്ന തസ്തിക "ജില്ലാഫോംസ് ഓഫീസർ" എന്ന് പുനർനാമകരണം ചെയ്ത്, സെൻട്രൽ പ്രസ്സിൽ നിന്ന് ഫോംസ് സ്റ്റോറിലേയ്ക്ക് മാറ്റി നിയമിക്കുകയും മുമ്പുണ്ടായിരുന്ന സ്റ്റോർ "ജില്ലാഫോംസ് സ്റ്റോർ" എന്ന പേരിൽ മാറ്റം വരുത്തുകയും ചെയ്തതോടെ തിരുവനന്തപുരത്തും "ജില്ലാഫോംസ് സ്റ്റോർ" നിലവിൽ വന്നു.

15-7-97 മുതൽ പത്തനം തിട്ടയിലും "ജില്ലാഫോംസ് സ്റ്റോർ" പ്രവർത്തനം ആരംഭിച്ചു. ഇതോടെ, കേരളത്തിലെ 14 ജില്ലകളിൽ 11-ലും "ജില്ലാഫോംസ് സ്റ്റോറുകൾ" സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. **കാസർകോട്, വയനാട്, ഇടുക്കി എന്നീ മൂന്ന് ജില്ലകളിൽക്കൂടി ഫോംസ് സ്റ്റോറുകൾ സ്ഥാപിക്കപ്പെടേണ്ടതായുണ്ട്. ഇതിനുവേണ്ടിയുള്ള ശ്രമം സംഘടന തുടർന്നു വരുന്നു.**

പിന്നിട്ട കാൽനൂറ്റാണ്ട് വളരെ ചെറിയ കാലഘട്ടമേ ആകുന്നുള്ളൂ. വളരെയധികം നാം നേടിക്കഴിഞ്ഞു. പക്ഷേ, ഇനിയും ഏറെ നേടുവാനുണ്ട്. മുന്നോട്ടുള്ള വഴി ദുർഘടം പിടിച്ചതാണ്. എങ്കിലും പുതു തലമുറയുടെ ഉജ്ജ്വലമായ നേതൃത്വത്തിന്, എല്ലാ വൈതരണികളെയും അനായാസം തരണം ചെയ്യാനുള്ള ശക്തി ലഭിക്കുമാറാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

*"ജഗത്തൊക്കെ നന്നായ്പരന്നിട്ടു പക്ഷേ, യിരിഷുണ്ടു നേരെന്നു പേരായ വസ്തു*
*ക്രമത്തിലതിഷോൾ ചുരുങ്ങിച്ചുരുങ്ങി, ഷണത്തോളമേയുള്ളുവെന്നായി വന്നു"*

Phone : Showroom 322596
320230
Office 323197
Godown 320661
Residence 722037
Telefax 322596

Gram : ILLUMINITE

# SIVARAM ELECTRICALS

DEALERS IN ELECTRICAL GOODS &
GOVT. CONTRACTORS
Contractor's Licence C.A.56

Cantonment, Thiruvananthapuram- 695 034,
Kerala State

*AUTHORISED DEALERS :*
PHILIPS & CROMPTON LAMPS & LUMINARIES :
FINOLEX CABLE : INDO KOPP MCBS : MDS MCBS :
HAVELL'S SWITCHGEARS

# SARADHI BOOK DEALERS

P. O. ROAD, KOTTAYAM-686 001
PHONE : 568937

*With Best Compliments From*

# SINCERE PUBLICATIONS

New Municipal Complex,
Pala, Kottayam (Dt.) - 686 575
Phone : 0482 - (OH) 211157, (Res) 215099

Book Publishers

*Prop. George Zacharias,*
**Nedumpallil**

*With Best Compliments From*

# VADAVUPARAMBIL MEDICALS

Govt. High School Junction,
Edappally, Kochi - 682 024
Phone : 345237

# പ്രശസ്തരുടെ ഫലിതങ്ങൾ

ബി. ആർ. റീനു

ഒരിക്കൽ ചെസ്റ്റർട്ടൻ, ബർണാർഡ്ഷായെ കണ്ടു. ചെസ്റ്റർട്ടൻ തടിയനും ഷാ മെലിഞ്ഞവനുമായിരുന്നു. ഷായെ ഒന്നു കളിയാക്കുന്നതിനായി ചെസ്റ്റർട്ടൻ പറഞ്ഞു; 'ഹൊ! താങ്കളെ കണ്ടാൽ ഇംഗ്ലണ്ടിലാകെ പട്ടിണിയാണെന്നേ പറയൂ'

ഷാ പെട്ടന്ന് തിരിച്ചടിച്ചു; 'പട്ടിണിയ്ക്കുള്ള കാരണം താങ്കളാണെന്ന് നാട്ടുകാർക്ക് അറിയാം'

---

കുഞ്ചൻ നമ്പ്യാരും എഴുത്തച്ഛനും സുഹൃത്തുക്കളായിരുന്നുവെങ്കിലും പരസ്പരം കളിയാക്കാൻ കിട്ടുന്ന അവസരം ഒരിക്കലും പാഴാക്കുമായിരുന്നില്ല.

ഒരിക്കൽ നമ്പ്യാർ പക്കമേളക്കാരനെ ഒരണയും കൊടുത്ത് തുഞ്ചന്റെ വീട്ടിലേക്കു വിട്ടു. തുഞ്ചൻ ചക്കാലനായരായിരുന്നുവല്ലോ. അവരുടെ കുലത്തൊഴിൽ എണ്ണയാട്ടലും, പിണ്ണാക്കു വില്പനയും ആയിരുന്നു.

"ഒരണയ്ക്കു പിണ്ണാക്കു വേണം" കുഞ്ചൻ പറഞ്ഞതനുസരിച്ച് പക്കമേളക്കാരൻ പറഞ്ഞു.

"ഛീ.............. പുറത്തിറങ്ങടാ......................" തുഞ്ചൻ അലറി.

"ഓ..... നീയിങ്ങുപോരെ. തുഞ്ചൻ ആട്ടിത്തുടങ്ങിയിട്ടേയുള്ളൂ. പിണ്ണാക്കാവാൻ കുറേ സമയമെടുക്കും." പിന്നാലെ ചെന്ന കുഞ്ചൻ തട്ടി വിട്ടു.

---

ജോർജ്ജ് ബർണാർഡ്ഷാ ആത്ര സുന്ദരനല്ലായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ചടുലമായ പ്രസംഗം കേട്ട ഒരു സിനിമാനടി ആവേശത്തോടുകൂടി അദ്ദേഹത്തോടു പറഞ്ഞു !

"നമുക്കു വിവാഹം ചെയ്യാം. എന്റെ സൗന്ദര്യവും താങ്കളുടെ ബുദ്ധിശക്തിയും ഒന്നുചേർന്ന ഒരു കുട്ടിയുണ്ടായാൽ എത്ര നന്നായിരിക്കും."

ഷാ ഉടൻ മറുപടി പറഞ്ഞു, "നേരെ തിരിച്ചാണു സംഭവിക്കുന്നതെങ്കിലോ?"

---

*"ദുഃഖസുഖങ്ങളും വിൺനരകങ്ങളു-*
*മൊക്കെ മനസ്സിന്റെ സൃഷ്ടിയല്ലോ."*

ഒരിക്കൽ ആൽബർട്ട് ഐൻസ്റ്റീൻ ഒരു ഹോട്ടലിലെത്തി. കണ്ണട എടുക്കുവാൻ മറന്നു പോയിരുന്നു. അതിനാൽ 'മെനു' വായിക്കാൻ കഴിഞ്ഞില്ല. അടുത്തു നിന്ന വെയിറ്ററോട് 'മെനു' വായിക്കാൻ പറഞ്ഞു. ഉടനെ വെയിറ്റർ പറഞ്ഞു; "താങ്കളെപ്പോലെ ഞാനും നിരക്ഷരനാണ്."

എബ്രഹാം ലിങ്കൺ കുതിരവണ്ടിക്കാരനോട്; "ഇവിടെ നിന്ന് റെയിൽവേസ്റ്റേഷനിലേക്ക് എത്രയാ ചാർജ്ജ്?"

"അഞ്ച് ഡോളർ" വണ്ടിക്കാരൻ ഉത്തരം പറഞ്ഞു.

"ഈ ലഗേജ് കൊണ്ടു പോകുന്നതിന് എത്രയാവും?" ലിങ്കൺ വീണ്ടും ചോദിച്ചു.

"ഏയ്, അതിന് കൂലിവേണ്ട....." വണ്ടിക്കാരൻ പറഞ്ഞു.

"എന്നാൽപ്പിന്നെ ഈ ലഗേജ് റെയിൽവേസ്റ്റേഷനിൽ എത്തിച്ചോളൂ. ഞാൻ പിന്നാലെ നടന്നു വരാം." ലിങ്കൺ പറഞ്ഞു.

ഫ്രഞ്ചു വിപ്ലവകാലത്ത് ചക്രവർത്തിയായിരുന്ന ലൂയിപതിനാറാമന്റെ പത്നിയായിരുന്നു മേരി അന്റോണിയേറ്റ്. രാജ്യത്ത് കൊടും ദാരിദ്ര്യമായിരുന്നു. രാജകൊട്ടാരത്തിലെ ടെന്നീസ് കോർട്ടിൽ കൂടിയ ജനങ്ങൾ 'ഞങ്ങൾക്കപ്പം തരൂ' എന്നു വിളിച്ചു പറഞ്ഞു. അപ്പോൾ മഹാറാണിയിങ്ങനെ പറഞ്ഞു, 'ഹേയ്........ അപ്പമില്ലെങ്കിൽ പോയി കേക്കെടുത്തു തിന്നൂ.'

ഒരിക്കൽ ഗാന്ധിജി കൊൽക്കത്തയിൽ ചെന്നപ്പോൾ ഒരു സുഹൃത്തിന്റെ വീട്ടിലാണ് രാത്രി തങ്ങിയത്. സുഹൃത്ത് ഗാന്ധിജിയെ യഥോചിതം സത്ക്കരിച്ചു. ഉറങ്ങാൻ വേണ്ട സൗകര്യങ്ങളും ചെയ്തുകൊടുത്തു. അടുത്തദിവസം രാവിലെ സുഹൃത്ത് ഗാന്ധിജിയോട് ചോദിച്ചു.

"ഉറക്കം സുഖമായിരുന്നില്ലേ?"

"മൂട്ടയില്ലായിരുന്നുവെങ്കിൽ കൊതുക് എന്നെ ഇവിടെ നിന്ന് തട്ടിക്കൊണ്ടുപോകുമായിരുന്നു. ഭാഗ്യം കൊണ്ട് രക്ഷപെട്ടു" ഗാന്ധിജി പ്രതിവചിച്ചു.

*"മക്ഷികാ വ്രണമിച്ഛന്തി, ധനമിച്ഛന്തി പാർത്ഥിവാ:*
*നീചാ: കലഹമിച്ഛന്തി, സന്ധിമിച്ഛന്തി പണ്ഡിതാ:"*



# അർത്ഥന

സോജ എസ്.
എൽ. ഡി. ക്ലാർക്ക്
ഗവ : സെൻട്രൽ പ്രസ്സ്

എന്റെ മനസ്സിൽ നീ സാന്ത്വനമായി നിറയുക......
രണഭേരി മുഴങ്ങുന്ന പടക്കളത്തിൽ
പാർത്ഥന്റെ കാതിലോതിയ ഗീതോപദേശം തരിക......
മനസ്സിൽ നിറയുന്ന കലുഷിത സ്വപ്നങ്ങളിൽ

ഒരു വർണ്ണനൂൽ ചേർത്തു തരുക.........
കൈവിട്ടുപോയ നിമിഷങ്ങളുടെ ഓർമ്മയ്ക്കായി
ഒരു വളപ്പൊട്ടു തന്നേക്കുക....
മഞ്ഞുപോലുറഞ്ഞ മനസ്സിന്റെ മൗഢ്യത്തിൽ

ഒരു ചെരാതു കൊളുത്തുക....
നിന്റെ വഴിത്താരയിൽ എന്റെ മുഖം ഉയർത്തുവാൻ
കരളിൽ പെയ്തുനിറയുന്ന വർഷത്തിൽ
ഒരു മഴവിൽത്തുണ്ട് വിരിയുവാൻ,

നിന്റെ കരുണ എന്നിൽ ചൊരിയുക......
ജനനമരണവാതിലുകൾ കടന്ന് ഇടനാഴികൾ തോറും
അലയുന്ന ജന്മത്തിന് നീയൊരു പ്രകാശമാവുക.....
ഉടഞ്ഞുചിതറിയ മനസ്സിന്റെ പളുങ്കുചില്ലുകൾ

പെറുക്കിക്കൂട്ടുമ്പോൾ,
എന്നെന്നേയ്ക്കുമായി നശിച്ച ആ ചില്ലുകൂടി
നീയെനിക്കു വാർത്തു തരുക....
ഊഷരഭൂമിയിൽ കിളുർത്തവിത്തുകൾക്ക്

ശാപമായി നിറയുന്ന സൂര്യാതപത്തിൽ
ആശ്വാസമായെത്തുന്ന വേനൽമഴപോലെ....
കണ്ണുകൾ നിറയുമ്പോഴും, ഹൃദയം....
നിറഞ്ഞകദനത്താൽ വിങ്ങുമ്പോഴും,

കണ്ണിൽ കരടു പോയെന്ന നാട്യത്തിൽ
ചിരിക്കേണ്ടി വരുന്ന നിസ്സഹായതയിൽ
നിന്റെ ഉറവവറ്റാത്ത പ്രേമം എന്നിൽ
സാന്ത്വനമാക്കുക......

നാണയത്തുട്ടുകളുടെ കിലുകിലാരവങ്ങളിൽ
മൃഗതൃഷ്ണയുടെ നികൃഷ്ടതലങ്ങളിൽ
അധികാരമോഹത്തിന്റെ പാശുപതാസ്ത്രങ്ങളിൽ,
വർണ്ണപ്പകിട്ടാർന്ന നൈമിഷികസുഖങ്ങളിൽ,

ആഴ്ന്നുപോകാതെ, എന്റെ ആത്മാവിനെ
പവിത്രവും ബന്ധവിമുക്തവുമാക്കാൻ.....
പിഴച്ചതാളങ്ങൾ തിരുത്തി,
അഹംഭാവത്തിന്റെ അവസാനമുനയും മടക്കി

പകയുടെ, തരംതാണ അസൂയയുടെ,
പരദൂഷണങ്ങളുടെ, തലങ്ങളിൽ നിന്നു
പിൻവാങ്ങുവാൻ, ഹേ കൃഷ്ണാ.....
നിന്റെ വരദാനങ്ങൾ എനിക്കു തരുക......

"മദ്യനു കാശ് കിട്ടീടുകിൽ
മദ്യപിക്കാതെ മത്തനാം"

*With Best Compliments From*

# Vithayathil Opticals

*Since 1949*

**COMPUTERISED EYE CLINIC & CONTACT LENS CENTRE**

Cannon Shed Road, Ernakulam, Cochin - 682 011
Tel : 0484 - 355393, 369081
Fax : 0484 - 369912
E-Mail : eyes@vithayathil.com/rojohn@vithayathil.com
www.vithayathil.com

ആശംസകൾ

# ലക്ഷ്മി ബേക്കേഴ്സ്

പുലമൺ, കൊട്ടാരക്കര, ഫോൺ : 455263

# ലക്ഷ്മി

## എഡിബിൾസ് & ഡ്രിംഗ്സ്

ചന്തമുക്ക്, കൊട്ടാരക്കര, ഫോൺ : 453261

ലേഖനം

# സർക്കാർ ജീവനക്കാരുടെ നിലവിലുള്ള ചില സേവന വേതന വ്യവസ്ഥകൾ

വി. വിജയകുമാർ, യു. ഡി. ക്ലാർക്ക്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്

### 1. ജനറൽ പ്രോവിഡന്റ് ഫണ്ട് (ജി. പി. എഫ്.)

സർക്കാർ ജീവനക്കാർ അവരുടെ ശമ്പളത്തിന്റെ ആറുശതമാനത്തിൽ കുറയാത്ത തുക ജി. പി. എഫ്. -ൽ നിക്ഷേപിക്കേണ്ടതുണ്ട്. സർവീസിൽ നിന്ന് വിരമിക്കുന്നതിന് ഒരു വർഷത്തിനിടയിൽ വരിസംഖ്യ ഒടുക്കുന്നത് നിർത്താവുന്നതും, അന്തിമമായി പിൻവലിക്കുന്നതിന് അപേക്ഷിക്കാവുന്നതുമാണ്.

### 2. സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് (എസ്. എൽ. ഐ.)

19-8-1976-നു ശേഷം സർവീസിൽ പ്രവേശിക്കുന്നവർ, 50 വയസ് തികഞ്ഞിട്ടില്ലാത്തപക്ഷം, സർവീസിൽ പ്രവേശിച്ച് രണ്ടു മാസത്തിനുള്ളിൽ എസ്. എൽ. ഐ.യിൽ ചേരേണ്ടതുണ്ട്. ഈ സ്കീമിൽ ചേർന്നാൽ മാത്രമേ ആദ്യത്തെ വാർഷിക വേതനവ്യദ്ധി ലഭിക്കുകയുള്ളൂ. സർവീസിലുള്ളവർ 45 വയസ്സ് കഴിയുന്നതു വരെ ശമ്പള നിരക്ക് വ്യത്യാസപ്പെടുന്നതനുസരിച്ച് അഡീഷണൽ പോളിസി എടുക്കേണ്ടതുണ്ട്.

### 3. ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (ജി. ഐ. എസ്.)

1-9-1984-നു ശേഷം സർവീസിൽ പ്രവേശിക്കുന്നവർക്ക് ജി. ഐ. എസ്. നിർബന്ധമാണ്.

### 4. പുതുതായി സർവീസിൽ പ്രവേശിക്കുന്നവരുടെ ശമ്പളം

16-1-2002-നു ശേഷം പുതുതായി സർവീസിൽ പ്രവേശിച്ചവർക്ക് ആദ്യത്തെ രണ്ടുവർഷം അടിസ്ഥാന ശമ്പളത്തിനുമാത്രമേ അർഹതയുള്ളൂ. എന്നാൽ ഒരു വകുപ്പിൽ സേവനത്തിലിരിക്കെ മറ്റൊരു വകുപ്പിലോ അതേ വകുപ്പിലോ പുതുതായി മറ്റൊരു നിയമനം ലഭിച്ചാൽ നേരത്തേ വാങ്ങിയ ശമ്പളം സംരക്ഷിക്കപ്പെടുന്നതായിരിക്കും.

### 5. ശമ്പളനിർണ്ണയം

ഉദ്യോഗകയറ്റം ലഭിക്കുമ്പോൾ, കെ. എസ്. ആർ. പാർട്ട് 1-ലെ ചട്ടം 28. എ. പ്രകാരം ശമ്പളം നിർണ്ണയിക്കുന്നതിന് താഴ്ന്ന തസ്തികയുടെ ശമ്പളസ്കെയിലിന്റെ മിനിമം 3900 രൂപ എന്നത് 1.3.97 മുതൽ 12,600 രൂപയായി ഉയർത്തിയിട്ടുണ്ട്.

### 6. സമയബന്ധിത ഹയർഗ്രേഡ് (1-11-1998 മുതൽ പരിഷ്ക്കരിച്ചത്)

2610-3680 രൂപ മുതൽ 4600-7125 വരെ ശമ്പള സ്ക്കെയിലിലുള്ള തസ്തികകളിൽ പ്രവേശിച്ചവർക്ക് :

1. ഉദ്യോഗക്കയറ്റം ലഭിക്കാതെ 'എൻട്രി' തസ്തികയിൽത്തന്നെ തുടരുന്നപക്ഷം 10 വർഷം പൂർത്തിയാകുമ്പോൾ ആദ്യത്തെ ഹയർഗ്രേഡും.

*"കപടലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം"*

2. ആദ്യത്തെ പ്രമോഷൻ തസ്തികയിൽ 8 വർഷമോ, 'എൻട്രി' തസ്തികയിലും ആദ്യത്തെ പ്രമോഷൻ തസ്തിക/ഹയർഗ്രേഡിലുമായി ആകെ 18 വർഷമോ, ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തീയതി മുതൽ രണ്ടാമത്തെ ഹയർഗ്രേഡും.

3. 'എൻട്രി' തസ്തികയിലും ഉദ്യോഗക്കയറ്റ/ഹയർഗ്രേഡ് തസ്തികയിലുമായി ആകെ 23 വർഷം പൂർത്തിയാകുമ്പോൾ മൂന്നാമത്തെ ഹയർഗ്രേഡും ലഭിക്കും.

തികച്ചും 'എൻട്രി' തസ്തികയെ അടിസ്ഥാനപ്പെടുത്തിയാണ് ഹയർഗ്രേഡ് അനുവദിക്കുക. നിശ്ചിത കാലയളവിനുള്ളിൽ റഗുലർ, ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളവർക്ക് ഹയർഗ്രേഡിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഹയർഗ്രേഡ് അനുവദിച്ച് മൂന്ന്മാസത്തിനുള്ളിൽ മറ്റൊരു തീയതിയിലേയ്ക്ക് ഹയർഗ്രേഡ് ഓപ്റ്റ് ചെയ്യാൻ ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

### 7. അവധികൾ

1. യാദൃശ്ചികാവധി (ആകസ്മികാവധി) (സി. എൽ.) (കെ. എസ്. ആർ. പാർട്ട് 1-ലെ അനുബന്ധം-7)

യഥാർത്ഥത്തിൽ ഇത് ഒരു അവധിയല്ല. ഒരു കലണ്ടർവർഷത്തേയ്ക്ക് 20 ദിവസവും ഒരു വർഷത്തിൽ താഴെ സർവീസുള്ളവർക്ക് 15 ദിവസംവരെയും (ബന്ധപ്പെട്ട ആഫീസറുടെ വിവേചനാധികാരം അനുസരിച്ച്) യാദൃശ്ചികാവധി അനുവദിക്കാവുന്നതാണ്.

2. ആർജ്ജിതാവധി (ഇ. എൽ) (കെ. എസ്. ആർ. പാർട്ട് 1-ലെ ചട്ടങ്ങൾ 78, 86, 87)

ജീവനക്കാരന്റെ അവധിക്കണക്കിൽ ഇ. എൽ. ഉള്ളപക്ഷം ഒരു സമയത്ത് 180 ദിവസംവരെ ഇ. എൽ. അനുവദിക്കാം. എന്നാൽ പെൻഷൻ പറ്റുന്നതിന് മുന്നോടിയായി (എൽ. പി. ആർ.) 240 ദിവസം വരെ ഇ. എൽ. അനുവദിക്കാവുന്നതാണ്. 1-11-98 മുതൽ ഒരാളുടെ അവധിക്കണക്കിൽ നിലനിർത്താവുന്ന ആർജ്ജിതാവധി 300 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പെൻഷൻ പറ്റുമ്പോൾ 300 ദിവസം വരെയുള്ള ഇ. എൽ. സറണ്ടർ ചെയ്യാവുന്നതാണ്.

3. അർദ്ധശമ്പളാവധി (എച്ച്. പി. എൽ) (കെ. എസ്. ആർ. പാർട്ട് 1-ലെ ചട്ടങ്ങൾ 82, 83)

പൂർത്തിയാക്കുന്ന ഓരോവർഷ സർവീസിനും 20 ദിവസത്തെ അർദ്ധശമ്പളാവധി ലഭിക്കുന്നു. ഒരു സമയത്ത് അനുവദിക്കാവുന്ന എച്ച്. പി. എൽ. ന് പരിധിയില്ല. ഈ അവധിയെടുക്കുമ്പോൾ, ജീവനക്കാരന്റെ അടിസ്ഥാനശമ്പളം 6500 രൂപയിൽ കൂടുതലാണെങ്കിൽ അടിസ്ഥാനശമ്പളത്തിന്റെയും ഡി. എ.യുടെയും പകുതിയേ ലഭിക്കുകയുള്ളൂ. 6500 രൂപ വരെ അടിസ്ഥാന ശമ്പളം ലഭിക്കുന്നവർക്ക് ഡി. എ. അർദ്ധശമ്പളാവധിക്കാലത്ത് പൂർണ്ണമായും ലഭിക്കുന്നതാണ്.

4. പരിവർത്തിതാവധി (കമ്മ്യൂട്ടഡ് ലീവ്) (കെ. എസ്. ആർ. പാർട്ട്-1ലെ ചട്ടം 84)

മൂന്നുവർഷത്തിൽ കുറയാത്ത സർവീസുള്ളവർക്കു മാത്രമേ ഈ അവധി ലഭിക്കുകയുള്ളൂ. ഒരു പരിവർത്തിതാവധിക്ക് രണ്ട് എച്ച്. പി. എൽ. എന്ന നിരക്കിൽ അവധിക്കണക്കിൽ കുറവ് വരും.

5. മുൻകൂർ അവധി (എൽ. എൻ. ഡി.) (കെ. എസ്. ആർ. പാർട്ട് 1-ലെ ചട്ടം. 85)

ഒരാളുടെ അവധിക്കണക്കിൽ മറ്റ് അവധികളൊന്നും ഇല്ലായെങ്കിൽ മാത്രം മുൻകൂറായി അനുവദിക്കുന്ന 'എച്ച്. പി. എൽ.' ആണ് ഇത്. ഒരു തസ്തികയിൽ സ്ഥിരനിയനമം (കൺഫർമേഷൻ) ലഭിച്ചവർക്കു മാത്രമേ ഈ അവധി ലഭിക്കുകയുള്ളൂ. പെൻഷന് മുന്നോടിയായി ഈ അവധി അനുവദിക്കില്ല. എൽ. എൻ. ഡി. യ്ക്ക് തുല്യമായ അർദ്ധശമ്പളാവധി ഭാവിയിൽ ആ ജീവനക്കാരന്റെ അവധിക്കണക്കിൽ വന്നുചേരുമെന്ന് ഉറപ്പാക്കിയതിനുശേഷമേ ഈ അവധി അനുവദിക്കുകയുള്ളൂ. ഒരാളുടെ സർവീസിനിടയിൽ ആകെ 360 ദിവസത്തെ മുൻകൂർ അവധി മാത്രമേ അനുവദിക്കാവൂ. അതിൽ 180 ദിവസം മെഡിക്കൽ സർട്ടിഫിക്കേ

"അനന്ത, മജ്ഞാത, മവർണ്ണനീയ, മീലോകഗോളം തിരിയുന്ന മാർഗ്ഗം;
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു, നോക്കുന്നമർത്യൻ കഥയെന്തു കണ്ടു?"

റ്റില്ലാതെ അനുവദിക്കാം. എന്നാൽ ഒരു തവണ 90 ദിവസത്തിൽ കവിയാൻ പാടില്ല. എന്നാൽ എം. സി.യോടുകൂടി 180 ദിവസം വരെ അനുവദിക്കാവുന്നതാണ്.

6. ശൂന്യവേതനാവധി (എൽ. ഡബ്ള്യൂ. എ) (കെ. എസ്. ആർ. പാർട്ട്-1ലെ ചട്ടം. 88)

മൂന്ന് വർഷത്തിൽ കുറഞ്ഞ സർവീസുള്ള സ്ഥിരം നിയമനം ലഭിക്കാത്തവർക്ക് മൂന്നുമാസത്തിൽ കൂടുതൽ തുടർച്ചയായി എൽ. ഡബ്ള്യൂ. എ. അനുവദിക്കാവുന്നതല്ല. (അനുബന്ധം 12, (എ), (ബി), (സി), എന്നിവപ്രകാരമുള്ള എൽ. ഡബ്ള്യൂ. എ.യ്ക്കു ഇതു ബാധകമല്ല) അവരുടെ L. W. A. മൂന്നുമാസത്തിൽ കൂടുതലായാൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്യാനിടയാകും. നാലുമാസത്തിൽ കൂടുതലുള്ള ശൂന്യവേതനാവധി അനുവദിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള ശൂന്യവേതനാവധി വാർഷികവേതനവൃദ്ധിയെ ബാധിക്കുന്നതാണ്.

7. പ്രസവാവധി (എം. എൽ.) (കെ. എസ്. ആർ. പാർട്ട് 1-ലെ ചട്ടം 100 ആന്റ് 101)

പ്രസവാവധി പൂർണ്ണശമ്പളത്തോടുകൂടി 135 ദിവസമാണ് (25-11-1999 മുതൽ), ഗർഭഛിദ്രത്തിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 6 ആഴ്ച കവിയാത്ത പ്രസവാവധി അനുവദിക്കാവുന്നതാണ്. പ്രസവാവധിയോടു ചേർത്ത് മറ്റ് അവധികളും എടുക്കാവുന്നതാണ്. അപ്രകാരം പ്രസവാവധിയോട് ചേർത്തെടുക്കുന്ന 60 ദിവസംവരെയുള്ള ഏത് അവധിക്കും മെഡിക്കൽ സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്നു മാത്രമല്ല, അത് വേതനവൃദ്ധിക്ക് കണക്കാക്കുകയും ചെയ്യും. പ്രസവാവധി പ്രൊബേഷന് യോഗ്യതാകാലമായി കണക്കാക്കുന്നതാണ്.

### 8. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ കഴിയുന്നതും അവർ ഓപ്റ്റ് ചെയ്ത ജില്ലയിൽത്തന്നെ നിയമിക്കണം. അവർക്ക് പൊതുസ്ഥലമാറ്റച്ചട്ടം ബാധകമല്ല. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ നൽകുന്നതിന് ഓരോ ജില്ലയും ഒരു പ്രത്യേക യൂണിറ്റായി കണക്കാക്കണം. 30 വർഷം പൂർത്തിയാക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 3350-5275 രൂപ ശമ്പളസ്ക്കെയിലിൽ നാലാമത്തെ സമയബന്ധിത ഹയർഗ്രേഡിന് അർഹതയുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിന് 25,000 രൂപ അഡ്വാൻസായി ലഭിക്കുന്നതാണ്. ചില വ്യവസ്ഥകൾക്കു വിധേയമായി തസ്തികമാറ്റം അനുവദനീയമാണ്.

### 9. യാത്രാബത്ത

1. ടൂർ റ്റി. എ./ഡി. എ.

| ജീവനക്കാരുടെ ഗ്രേഡ് | ട്രെയിൻ മാർഗ്ഗം | റോഡ് മാർഗ്ഗം | ഡി. എ. കേരളത്തിനുള്ളിൽ ഒരു ദിവസത്തേക്ക് |
|---|---|---|---|
| (എ) ഗ്രേഡ് - 1 | | | |
| (അഖിലേന്ത്യാ സർവീസിൽപ്പെട്ടവർ വകുപ്പുമേധാവികൾ, 9000 രൂപയോ അതിൽകൂടുതലോ അടിസ്ഥാനശമ്പളം വാങ്ങുന്നവർ) | ഒന്നാംക്ലാസ്/ രണ്ടാംക്ലാസ്സ് എ. സി. ടിക്കറ്റ് ചാർജ്ജ് + കി.മീറ്ററിന് 12 പൈസ നിരക്കിൽ ആക്സ്മിക ചെലവ് | എക്സ്പ്രസ്സ് ടിക്കറ്റ് ചാർജ്ജ് + കിലോമീറ്ററിന് 12 പൈസ നിരക്കിൽ ആകസ്മിക ചെലവ് | 100 രൂപ |

> "നാട്യപ്രധാനം നഗരം ദരിദ്രം, നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
> കാട്ടിന്നകത്തോ കലിൻ നടുക്കോ, കാട്ടിത്തരുന്നു വിധിരത്നമെല്ലാം"

(ബി) ഗ്രേഡ് 2 (എ)

| | | | |
|---|---|---|---|
| (7500 രൂപ മുതൽ 8999 രൂപ വരെ അടിസ്ഥാനശമ്പളം ലഭിക്കുന്നവർ) | ഒന്നാംക്ലാസ്/ രണ്ടാംക്ലാസ്സ് എ. സി. ടിക്കറ്റ് ചാർജ്ജ് + കി.മീറ്ററിന് 10 പൈസ നിരക്കിൽ ആക്സ്മിക ചെലവ് | എക്സ്പ്രസ്സ് ടിക്കറ്റ് ചാർജ്ജ് + കിലോമീറ്ററിന് 10 പൈസ നിരക്കിൽ ആകസ്മിക ചെലവ് | 70 രൂപ |

(സി) ഗ്രേഡ് 2 (ബി)

| | | | |
|---|---|---|---|
| (4800 രൂപ മുതൽ 7499 രൂപ വരെ അടിസ്ഥാന ശമ്പളം ലഭിക്കുന്നവർ) | ടി | ടി | 60 രൂപ |

(ഡി) ഗ്രേഡ് 3 ആന്റ് 4

| | | | |
|---|---|---|---|
| (3000 രൂപ മുതൽ 4799 രൂപ വരെ ശമ്പളം വാങ്ങുന്നവരും, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരും) | രണ്ടാംക്ലാസ്സ് ടിക്കറ്റ് ചാർജ്ജ് + കി.മീറ്ററിന് 6 പൈസ നിരക്കിൽ ആക്സ്മിക ചെലവ് | ഫാസ്റ്റ് പാസഞ്ചർ ടിക്കറ്റ് ചാർജ്ജ് + കി.മീറ്ററിന് 6 പൈസ നിരക്കിൽ ആകസ്മിക ചെലവ് | 50 രൂപ |

2. സ്ഥലം മാറ്റം റ്റി. എ/ഡി. എ.

### ട്രെയിൻ മാർഗ്ഗം

| കാറ്റഗറി | ജീവനക്കാർക്ക് | കുടുംബത്തിന് | പേഴ്സണൽ ഇഫക്ട് | ലോഡിംഗ്/ അൺലോഡിംഗ് |
|---|---|---|---|---|
| (എ) ഗ്രേഡ് 1. | ഒന്നാംക്ലാസ്/ രണ്ടാംക്ലാസ് എ. സി. ടിക്കറ്റ് ചാർജ്ജ് + കി. മീറ്ററിന് 12 പൈസ നിരക്കിലുള്ള ആകസ്മിക ചെലവിന്റെ മൂന്ന്മടങ്ങ് | പന്ത്രണ്ടോ അതിൽ കൂടുതലോ വയസ്സുള്ള ഓരോരുത്തർക്ക് ഓരോ ടിക്കറ്റ് ചാർജ്ജും 5–നും 12–നും ഇടയിലുള്ള കുട്ടികൾക്ക് അര ടിക്കറ്റ് ചാർജ്ജും (ആഫീസറുടെ അതേ ക്ലാസ്സിൽ) | 2240 കി. ഗ്രാം | 250 രൂപ + 250 രൂപ |

*"മരണാന്താനി വൈരാണി, പ്രസവാന്തം ച യൗവ്വനം*
*കോപിതാ പ്രണതാന്താഹി, യാചിതാന്തം ച ഗൗരവ്"*

| | | | |
|---|---|---|---|
| (ബി) ഗ്രേഡ് 2. | ഒന്നാംക്ലാസ്/ രണ്ടാംക്ലാസ് എ. സി. ടിക്കറ്റ് ചാർജ്ജ് + കി. മീറ്ററിന് 10 പൈസ നിരക്കിൽ ആകസ്മിക ചെലവിന്റെ മൂന്ന്മടങ്ങ് ടി | 1120 കി. ഗ്രാം | 125 രൂപ + 125 രൂപ |
| (സി) ഗ്രേഡ് 3 & 4 | രണ്ടാംക്ലാസ് ടിക്കറ്റ് ചാർജ്ജ് + കി. മീറ്ററിന് 6 പൈസ നിരക്കിലുള്ള ആകസ്മിക ചെലവിന്റെ മൂന്ന്മടങ്ങ് ടി | 560 കി. ഗ്രാം | 90 രൂപ + 90 രൂപ |

## റോഡ് മാർഗ്ഗം

| | | |
|---|---|---|
| (എ) ആഫീസർക്ക് (ഏത് ഗ്രേഡിനും) | : | റോഡ് മൈലേജിന്റെ ഇരട്ടി. |
| (ബി) കുടുംബത്തിന് | : | ഒരംഗംമാത്രമേയുള്ളൂവെങ്കിൽ റോഡ് മൈലേജില്ല. രണ്ട് അംഗങ്ങൾക്ക് ഒരു റോഡ് മൈലേജ് മൂന്നോ അതിൽകൂടുതലോ അംഗങ്ങൾക്ക് റോഡ് മൈലേജിന്റെ ഇരട്ടി. |
| (സി) പേഴ്സണൽ ഇഫക്ട് (പി. ഇ.) | : | റോഡ് മൈലേജിന്റെ മൂന്ന് മടങ്ങ്. (ലോഡിംഗ്, അൺലോഡിംഗ് ചാർജ്ജില്ല) |

## 10. (എ) പെൻഷൻ ആനുകൂല്യങ്ങൾ (1–3–1997 മുതൽ)

സാധാരണ പെൻഷൻ ലഭിക്കുന്നതിന് കുറഞ്ഞത് 10 വർഷം യോഗ്യതാ സർവീസ് ഉണ്ടായിരിക്കണം. അവസാനത്തെ പത്ത് മാസത്തെ ശമ്പളത്തിന്റെ ശരാശരിയുടെ പകുതിയാണ് ഫുൾപെൻഷൻ. ഇതിന് 30 വർഷം സർവീസ് ഉണ്ടായിരിക്കണം. അതിൽകുറച്ച് സർവീസുള്ളവർക്ക് പെൻഷൻ ആനുപാതികമായി കുറയും. കുറഞ്ഞ പെൻഷൻ 1275 രൂപ.

## (ബി) എക്സ്ഗ്രേഷ്യാ പെൻഷൻ

പെൻഷൻ ലഭിക്കാനാവശ്യമായ 10 വർഷം സർവീസില്ലാതെ വിരമിച്ചവർക്ക്, ചില നിബന്ധനകൾക്കു വിധേയമായി എക്സ്ഗ്രേഷ്യാ പെൻഷൻ അനുവദിക്കും. ഡി. എ. യ്ക്ക് അർഹതയില്ല. 1–10–99 മുതൽ പ്രാബല്യം.

## (സി) കുടുംബ പെൻഷൻ

അവസാന ശമ്പളത്തിന്റെ 30 ശതമാനമാണ് കുടുംബ പെൻഷൻ നിരക്ക്. എന്നാൽ ജീവനക്കാരന് തുടർച്ചയായ ഏഴ്കൊല്ലം സർവീസുള്ളപക്ഷം ചില വ്യവസ്ഥകൾക്കു വിധേയമായി അതിന്റെ ഇരട്ടി നിരക്കിൽ കുടുംബ പെൻഷൻ ലഭിക്കും. കുടുംബ പെൻഷൻ, പെൻഷനേക്കാൾ കൂടാൻ പാടില്ല. കുറഞ്ഞ തുക 1275 രൂപ.

*"സുഖത്തിലുണ്ടാം സഖിമാരനേകം*
*ദുഃഖം വരുമ്പോൾ പുനരാരുമില്ല"*

(ഡി) ഡി. സി. ആർ. ജി. (അടിസ്ഥാന ശമ്പളം + ഡി. എ) x $^1/_2$ യോഗ്യതാകാലം.

പരമാവധി 16 $^1/_2$ മടങ്ങും, പരമാവധി തുക 2.80 ലക്ഷം രൂപയും കുറഞ്ഞത് 5 വർഷത്തെ സർവീസുള്ളവർക്കേ ഡി. സി. ആർ. ജി. ലഭിക്കുകയുള്ളൂ. എന്നാൽ സർവീസിലിരിക്കേ മരിച്ചവരുടെ കുടുംബത്തിന് കുറഞ്ഞത് 12 മടങ്ങ് ഡി. സി. ആർ. ജി. ലഭിക്കും.

**പെൻഷൻ കമ്മ്യൂട്ടേഷൻ** (സി. വി. പി.) (9-1-2002 മുതൽ പരിഷ്ക്കരിച്ചത്)

55-ാമത്തെ വയസ്സിൽ വിരമിച്ചവർക്ക് ലഭിക്കാവുന്ന പരമാവധി കമ്മ്യൂട്ടേഷൻ തുക 9.59 x 12 x $^1/_3$ x പെൻഷൻ.

*Best Wishes from*

THE SHORANUR GOVERNMENT PRESS

**EMPLOYEES CO-OPERATIVE SOCIETY LTD.**

NO. P. 910
SHORANUR-2
PALAKKAD DT. 697 122

"അഷ്ടാദശ പുരാണേഷു വ്യാസസ്യ വചനദ്വയം"... 

## സർക്കാർ അച്ചുകൂടം

# ചരിത്രത്തിലേയ്ക്കൊരു എത്തിനോട്ടം

ശ്രീ. പി. രാമചന്ദ്രൻ പോറ്റി, സീനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്)
ഗവണ്മെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.


### സ്വാതിതിരുനാളും ഗവണ്മെന്റ് പ്രസ്സും

ബ്രിട്ടീഷ് ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്ന തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്ന പ്രശസ്തരായ രാജാക്കന്മാരിൽ അതിപ്രശസ്തനായിരുന്നു 'ഗർഭ ശ്രീമാൻ' എന്നറിയപ്പെട്ടിരുന്ന സ്വാതി തിരുനാൾ മഹാരാജാവ് (എ. ഡി. 1813–1846).

ക്രാന്തദർശിയായിരുന്ന അദ്ദേഹത്തിന്റെ ഭരണകാലം രാജ്യത്തിന് സർവ്വതോമുഖമായ ഉത്ക്കർഷത്തിന് നിദാനമായിരുന്നു. മുൻസിഫ് കോടതികളും ജില്ലാകോടതികളും സ്ഥാപിതങ്ങളായി. തിരുവിതാംകൂറിന് ഒരു നിയമാവലി എഴുതപ്പെട്ടു. ഗവണ്മെന്റ് ഇംഗ്ലീഷ് സ്കൂളുകൾ ആരംഭിക്കപ്പെട്ടു. ഏറ്റവും പരിമിതമായ തന്റെ ജീവിതത്തിൽ ഭക്തിപ്രദാനങ്ങളായ അനേകം സാഹിത്യകൃതികൾ രചിച്ചിട്ടുള്ളത് കൂടാതെ അഞ്ഞൂറിലധികം ഗാനങ്ങളും സ്വാതി തിരുനാൾ രചിച്ചിട്ടുണ്ട്.

"നക്ഷത്രബംഗ്ളാവ്" എന്ന പേരിൽ അറിയപ്പെടുന്ന വാനനിരീക്ഷണകേന്ദ്രം (Observatory) കാലാവസ്ഥാനിരീക്ഷണത്തിനും പ്രവചനത്തിനും ഉപയുക്തമായി തിരുവനന്തപുരത്ത് രാജപാതയ്ക്കരുകിലായി തലയുയർത്തി വിരാജിക്കുന്നു.

കൊല്ലവർഷം 1013, ചിങ്ങമാസം 15–ാം തീയതി സ്വാതിതിരുനാൾ തിരുമനസ്സുകൊണ്ട് "തുല്യം ചാർത്തി" പുറപ്പെടുവിച്ച "നീട്ട്" മുഖേന "അച്ചടിക്കുന്നതിന് അപ്പീസ് തീർപ്പിക്കുവാൻ" ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവായി. അതിൻപ്രകാരം ഒരു വർഷത്തിനുള്ളിൽ അതായത് എ. ഡി. 1838–ൽ "സർക്കാർ അച്ചുകൂടം" തിരുവനന്തപുരത്ത് സ്ഥാപിതമായി



"സ്ഥിരമാത്മ നിബന്ധനം സുഖം
പരതന്ത്രം സുഖമൊക്കെ ദുഃഖമാം"

## കേരള സർക്കാരിന്റെ കീഴിലുള്ള അച്ചടിവകുപ്പിന്റെ ചരിത്രം ഇവിടെ നിന്ന് ആരംഭിക്കുന്നു

"പഞ്ചാംഗം" അച്ചടിക്കുക എന്ന പരിമിത ലക്ഷ്യം മാത്രമാണുണ്ടായിരുന്നതെങ്കിലും കാലാന്തരത്തിൽ തിരുവിതാംകൂർ സർക്കാരിന്റെ എല്ലാവിധ അച്ചടി ജോലികളും ഇവിടെ നിർവ്വഹിക്കപ്പെട്ടു പോന്നു.

സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സുകൊണ്ട് സ്ഥാപിച്ച ഈ ചെറിയ അച്ചുകൂടമാണ്, ഇന്ന് കേരളസംസ്ഥാനത്തിലെ ബൃഹത്തായ ഒരു വകുപ്പായ അച്ചടിവകുപ്പിന്റെ നെടുനായകസ്ഥാനം വഹിച്ചുകൊണ്ട് ഗവണ്മെന്റ് സെൻട്രൽ പ്രസ്സ് എന്ന പേരിൽ അറിയപ്പെടുന്നത്. സ്വതന്ത്ര ഭാരതത്തിൽ ലയിച്ചുചേർന്ന തിരുവിതാംകൂർ രാജ്യം "തിരുവിതാംകൂർ" എന്ന പേരിൽത്തന്നെ സംസ്ഥാനമായും, തിരുവിതാംകൂറും കൊച്ചിയും ചേർന്ന "തിരു-കൊച്ചി" സംസ്ഥാനമായും പിന്നീട് ഭാഷാടിസ്ഥാനത്തിൽ സംയോജനം നടത്തി. 1956 നവംബർ 1-ന് കേരള സംസ്ഥാനമായും അറിയപ്പെട്ടപ്പോഴെല്ലാം ഈ അച്ചുകൂടത്തിന്റെ "നായകസ്ഥാനം" മാറ്റമില്ലാതെ തുടരുന്നു.

1830-ൽ സ്ഥാപിതമായ സർക്കാർ അച്ചുകൂടം കാലാകാലങ്ങളിലെ വികാസപരിണാമങ്ങളിലൂടെ കേരള സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു വകുപ്പായി വളർന്നു കഴിഞ്ഞിരിക്കുകയാണ്. ഇന്ന് കേരളമൊട്ടാകെ 11 പ്രസ്സുകളും 11 ഫോറം സ്റ്റോറുകളും അച്ചടി വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.

### അച്ചടിവകുപ്പിന് കീഴിലുള്ള സർക്കാർ പ്രസ്സുകൾ

| | സ്ഥാപിച്ച വർഷം |
|---|---|
| 1. ഗവണ്മെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | 1838 |
| 2. ഗവണ്മെന്റ് പ്രസ്സ്, എറണാകുളം | 1847 |
| 3. സെൻട്രൽ ജയിൽ പ്രസ്സ്, പൂജപ്പുര, തിരുവനന്തപുരം | 1901 |
| 4. ഗവണ്മെന്റ് പ്രസ്സ്, ഷൊർണ്ണൂർ, പാലക്കാട് | 1960 |
| 5. മുദ്രനിർമ്മാണശാല (റവന്യൂ വകുപ്പിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടി) | 1964 |
| 6. ഗവണ്മെന്റ് പ്രസ്സ്, കണ്ണൂർ | 1967 |
| 7. ഗവണ്മെന്റ് പ്രസ്സ്, കോഴിക്കോട് | 1983 |
| 8. ഗവണ്മെന്റ് പ്രസ്സ്, മേപ്പാടി, വയനാട് | 1985 |
| 9. ഗവണ്മെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം | 1984 |
| 10. ഗവണ്മെന്റ് പ്രസ്സ്, വാഴൂർ, കോട്ടയം | 1994 |
| 11. ഗവണ്മെന്റ് പ്രസ്സ്, ഉമയനല്ലൂർ, കൊല്ലം | 2001 |

### അച്ചടിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ജില്ലാഫോറം സ്റ്റോറുകൾ

| | തുടങ്ങിയ വർഷം |
|---|---|
| 1. ജില്ലാ ഫോറം സ്റ്റോർ, തിരുവനന്തപുരം | 1987 |
| 2. ജില്ലാ ഫോറം സ്റ്റോർ, കൊല്ലം | 1980 |
| 3. ജില്ലാ ഫോറം സ്റ്റോർ, പത്തനംതിട്ട | 1997 |
| 4. ജില്ലാ ഫോറം സ്റ്റോർ, ആലപ്പുഴ | 1986 |

*"അക്കരപച്ച കണ്ടാനന്ദം നേടുവാ-*
*നിക്കര നിൽക്കിലേ മാർഗ്ഗമുള്ളൂ"*

5. ജില്ലാ ഫോറം സ്റ്റോർ, കോട്ടയം 1980

6. ജില്ലാ ഫോറം സ്റ്റോർ, എറണാകുളം 1996

7. ജില്ലാ ഫോറം സ്റ്റോർ, തൃശ്ശൂർ 1986

8. ജില്ലാ ഫോറം സ്റ്റോർ, പാലക്കാട് (ഗവ: പ്രസ്സ് ഷൊർണ്ണൂർ) 1996

9. ജില്ലാ ഫോറം സ്റ്റോർ, മലപ്പുറം 1996

10. ജില്ലാ ഫോറം സ്റ്റോർ, കോഴിക്കോട് 1980

11. ജില്ലാ ഫോറം സ്റ്റോർ, കണ്ണൂർ 1980


*"With the right books, learning becomes less of a struggle"*

# MODERN
## BOOK CENTRE

Every Book Lover's Perfect Destination

**Books for Academics, Professionals**
**Students & Institutions**

M. G. Road, G. P. O. Junction
Thiruvananthapuram 695 001
Tel : 331826/16, 333987, Fax : 0471 - 333186
Email : Modern@techpark.net

*"We are committed to men of reading and places of learning"*


**"പാമ്പിന്റെ രത്നം, കൊതിയന്റെ വിത്തം, സതീകുചം,**
**കേസരി തന്റെ കേശം, ഇവറ്റിലന്യന്റെ കരപ്രചാരം മരിക്കിലെല്ലാതെ ഫലിക്കയില്ല"**

# അളവുകൾ പരസ്പരം മാറ്റാൻ

### 1. നീളം

| | | |
|---|---|---|
| 1 അടി | = | 1.515 ലിങ്ക് |
| 1 അടി | = | 30.48 സെ: മീറ്റർ |
| 1 മീറ്റർ | = | 3.28 അടി |
| 1 മീറ്റർ | = | 4.97 ലിങ്ക് |
| 1 ലിങ്ക് | = | 7.92 ഇഞ്ച് |
| 1 ലിങ്ക് | = | 0.201 മീറ്റർ |
| 1 ഇഞ്ച് | = | 2.54 സെ: മീറ്റർ |
| 1 ചെയിൻ | = | 100 ലിങ്ക് |
| 1 ചെയിൻ | = | 20.117 മീറ്റർ |
| 1 മൈൽ | = | 1.609 കി: മീറ്റർ |

### 2. വിസ്തീർണ്ണം

| | | |
|---|---|---|
| 1 സെന്റ് | = | 40.467 ച:മീറ്റർ |
| 1 സെന്റ് | = | 1000 ച: ലിങ്ക് |
| 1 സെന്റ് | = | 0.40467 ആർ. |
| 1 ആർ | = | 100 ച: മീറ്റർ |
| 1 ആർ | = | 2.471 സെന്റ് |

### 3. വ്യാപ്തം

| | | |
|---|---|---|
| 1 ഘന അടി | = | 1728 ഘന ഇഞ്ച് |
| 1 ലിറ്റർ | = | 0.2199 ഗാലൻ |
| 1 ഗാലൻ | = | 4.546 ലിറ്റർ |

### 4. ഭാരം

| | | |
|---|---|---|
| 1 ഔൺസ് | = | 28.35 ഗ്രാം |
| 1 ടൺ | = | 1000 കി: ഗ്രാം |
| 1 ക്വിന്റൽ | = | 100 കി: ഗ്രാം |


VISHNURAM
TEXTILES

T. C. 26/218, Statue, M. G. Road
Trivandrum - 1
Phone : 336796

Exclusive Show Room
For
Traditional Sarees
and
Salwar Kammies

R. Rajiv
*Managing Partner*

ലേഖനം

# ജില്ലാഫാറം സ്റ്റോറുകളുടെ സേവനം

ശ്രീ. എസ്. വിജയൻ, ജില്ലാഫാറം ആഫീസർ, എറണാകുളം (വൈസ് പ്രസിഡന്റ് ISO)

1980–ന് മുമ്പ് കേരള സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലേക്കാവശ്യമായ അച്ചടിച്ച ഫാറങ്ങളും രജിസ്റ്ററുകളും വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം കോട്ടയ്ക്കകത്ത് ഒരു പ്രധാന ഫോറം സ്റ്റോറും എറണാകുളം, ഷൊർണ്ണൂർ എന്നീ ഗവ: പ്രസ്സുകളിൽ ഓരോ ഫോറം സ്റ്റോറുമാണുണ്ടായിരുന്നത്.

തിരുവനന്തപുരം ഗവണ്മെന്റ് സെൻട്രൽ പ്രസ്സ് ആയിരുന്നു ഫോറം ആഫീസറുടെ ആസ്ഥാനം.

തിരുവനന്തപുരത്തുള്ള സ്റ്റോറിൽ നിന്നുതന്നെയാണ് സെക്രട്ടറിയേറ്റിലേക്കുള്ള ഫോറങ്ങളും രജിസ്റ്ററുകളും വിതരണം ചെയ്ത് വന്നിരുന്നത്.

എറണാകുളം ഗവണ്മെന്റ് പ്രസ്സിലെ സ്റ്റോറിൽ നിന്നു കേരള ഹൈക്കോടതിയ്ക്കുള്ളവയും വിതരണം നടത്തിയിരുന്നു. ഇവകൂടാതെ പി. എസ്. സി. യുടെ അപേക്ഷാഫോറങ്ങൾ ഏജന്റുമാർക്കും ട്രഷറികൾക്കും വെണ്ടർമാർക്കും നൽകുവാൻ തിരുവനന്തപുരത്ത് ഊറ്റുകുഴിയിൽ ഒരു പി. എസ്. സി. ഫോറം സ്റ്റോർ പ്രവർത്തിച്ചിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം സ്തുത്യർഹമായ രീതിയിൽ പരാതി കൂടാതെ അവ വിതരണം നടത്തിയിരുന്നു.

ആ കാലഘട്ടത്തിൽ വിലയുള്ള ഫോറങ്ങൾക്കു പുറമേ എസ്. സി./ എസ്. റ്റിക്കാർക്ക് സൗജന്യ ഫോറങ്ങളും വിതരണം ചെയ്തിരുന്നു. പിന്നീട് സർക്കാർ പി. എസ്. സി. ഫോറത്തിന്റെ വില എടുത്തുകളയുകയും ഫോറങ്ങളുടെ വില്പന നിർത്തിവയ്ക്കുകയും ചെയ്തു.

1980 വരെ എല്ലാ വകുപ്പുകളുടെയും 'ഇൻഡന്റ്' പാസ്സാക്കുകയും തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ സ്റ്റോറുകളിൽ നിന്ന് അവ അതത് വകുപ്പുകൾ കൈപ്പറ്റുകയുമായിരുന്നു പതിവ്.

ഇതിനായി ഓരോ ആഫീസിനും വാഹനത്തിന്റെ ഇന്ധനം/വാടക ഫോറം എടുക്കാൻ വരുന്നവർക്കുള്ള ടി.എ/ഡി.എ. എന്നീ ഇനങ്ങളിൽ ഭീമമായ തുക ചെലവു വരുമായിരുന്നു. ഫാറം സ്റ്റോറുകളിൽ നിന്നു താഴെപ്പറയുന്ന രജിസ്റ്ററുകളും ഫോറങ്ങളും വിതരണം നടത്തുന്നു. കോമൺ (51 ഐറ്റം), റ്റി. ആർ. (24 ഐറ്റം), ജി. പി. എഫ്. (9 ഐറ്റം), അക്കൗണ്ട്സ് (3 ഐറ്റം), കെ. എഫ്. സി. (12 ഐറ്റം), എഫ്. ബി. എസ്. (5 ഐറ്റം), ഗ്രൂപ്പ് ഇൻഷുറൻസ് (14 ഐറ്റം), കെ. എസ്. ആർ. (2 ഐറ്റം), സെക്രട്ടറിയേറ്റ് (45 ഐറ്റം). ഇവയ്ക്ക് പുറമേ സർക്കാർ പ്രസിദ്ധീകരണങ്ങളായ സർവീസ് ബുക്ക്, പെൻഷൻ ബുക്ക്, ജി. പി. എഫ്. പാസ് ബുക്ക്, കലണ്ടറുകൾ, ഡിപ്പാർട്ടുമെന്റ് പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ, ആക്റ്റുകൾ, റൂളുകൾ മുതലായവ വിറ്റു വരുന്നു.

ഇവയെല്ലാം തന്നെ അതത് ജില്ലകളിലെ ആഫീസുകൾക്കും പൊതുജനങ്ങൾക്കും അതത് ജില്ലയിൽ നിന്നുതന്നെ വാങ്ങുന്നതിന് സൗകര്യപ്രദമാണെന്ന് കണ്ട് അച്ചടിവകുപ്പിലെ കാറ്റഗറി സംഘടനയായ ഇൻഡിപ്പെൻഡന്റ് സർവീസ് ഓർഗനൈസേഷൻ നൽകിയ നിവേദനത്തിന്റെ വെളിച്ചത്തിൽ ജില്ലാഫോംസ് ആഫീസിന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക ആ ജില്ലയിലെ വിവിധ ആഫീസുകൾക്കാവശ്യമായ ഫോറം ശേഖരിക്കുന്നതിനായി ജില്ലവിട്ട് പോയിവരുന്നതിനുള്ള തുകയേക്കാൾ കുറവായതിനാലും ജീവനക്കാരെ പ്രസ്തുത ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോൾ നൽകുന്ന ഡ്യൂട്ടി

> *"ചിരബന്ധനമാർന്ന പക്ഷിതൻ*
> *ചിറകിൻ ശക്തി മറന്നുപോയിടാം"*

ലീവ് സമയത്തെ ജോലി കുടിശ്ശികയും മറ്റും താരതമ്യം ചെയ്യുമ്പോൾ അതത് ജില്ലയിൽ ഫോംസ് സ്റ്റോറുകൾ തുടങ്ങുന്നതാണ് സർക്കാരിന് സാമ്പത്തികമായി ലാഭകരമാണെന്നു കണ്ടതിനാലും 1980–ൽ കൊല്ലം, കോട്ടയം, കോഴിക്കോട്, കണ്ണൂർ എന്നീ 4 ജില്ലകളിൽ ഫോംസ് സ്റ്റോറുകൾ അനുവദിക്കുകയുണ്ടായി.

പിന്നീട് 1986–ൽ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഫോറം സ്റ്റോറുകൾ പുതുതായി അനുവദിക്കുകയും എറണാകുളം ഗവണ്മെന്റ് പ്രസ്സിലെ സ്റ്റോർ എറണാകുളം ജില്ലാഫോറം സ്റ്റോർ ആയും ഷൊർണ്ണൂർ ഗവ: പ്രസ്സിലെ സ്റ്റോർ, പാലക്കാട് ജില്ലാ ഫോറം സ്റ്റോർ ആയും മാറ്റിക്കൊണ്ട് ഉത്തരവാകുകയും ചെയ്തു.

1997–ൽ പത്തനംതിട്ട ജില്ലയിൽ സ്റ്റോർ അനുവദിച്ചു. ഇടുക്കി ജില്ലയിലുള്ളവർ കോട്ടയത്തുനിന്നും, വയനാട് ജില്ലയിലുള്ളവർ കോഴിക്കോടു നിന്നും, കാസർകോട് ജില്ലയിലുള്ളവർ കണ്ണൂർ സ്റ്റോറിൽ നിന്നുമാണ് ഇപ്പോൾ ഫോറങ്ങളും, രജിസ്റ്ററുകളും വാങ്ങുന്നത്. ഫോറംസ്റ്റോറുകൾ നിലവിൽ വരുന്നതിനു മുമ്പ് ഗസറ്റിൽ പ്രസിദ്ധം ചെയ്യുവാനുള്ള പേരുമാറ്റം, ഒപ്പുമാറ്റം, മതംമാറ്റം, ജാതിതിരുത്തൽ മുതലായവ തിരുവനന്തപുരം ഗവ:സെൻട്രൽ പ്രസ്സിലുള്ള പബ്ലിക്കേഷനിൽ മാത്രമാണ് കൈകാര്യം ചെയ്തിരുന്നത്. ആയതിന് കാസർകോട് മുതലുള്ള എല്ലാ ജില്ലകളിലെയും പൊതുജനങ്ങൾക്കു വളരെയധികം ബുദ്ധിമുട്ടി തിരുവനന്തപുരത്തേയ്ക്ക് വരേണ്ട സാഹചര്യമാണ് ഉണ്ടായിരുന്നത്.

എല്ലാ ചൊവ്വാഴ്ചയും പ്രസിദ്ധീകരിക്കുന്ന ഗസറ്റിൽ നൂറുകണക്കിനു പരസ്യങ്ങളാണ് പ്രസിദ്ധപ്പെടുത്തുന്നത്.

പൊതുജനങ്ങൾക്ക് പേര്, ഒപ്പ്, മതം എന്നിവ മാറ്റുന്നതിനും ജാതി തിരുത്തുന്നതിനുമുള്ള ഫോറത്തിനും നിർദ്ദേശത്തിനുമായി വരുന്നതു കൂടാതെ ആയതിലേക്കുള്ള നിർദ്ദിഷ്ടഫീസ് അടയ്ക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുള്ള പരസ്യം നൽകുന്നതിനുമായി പലപ്പോഴും നേരിട്ടു വരേണ്ട സാഹചര്യമുണ്ടാകാറുണ്ട്. അപ്പോഴൊക്കെ അകലെയുള്ളവർക്ക് വളരെ പ്രയാസം അനുഭവപ്പെട്ടിരുന്നു.

ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് എല്ലാ ഫോറം സ്റ്റോറുകളിലും അപേക്ഷയും ഫീസും സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകി. ഇപ്പോൾ അവ അതത് സ്റ്റോറുകളിൽ സ്വീകരിക്കുകയും പ്രസിദ്ധീകരിക്കുന്നതിനായി ഗവ: സെൻട്രൽ പ്രസ്സിലേക്ക് അയയ്ക്കുകയും ചെയ്തു വരുന്നു. ഇതുമൂലം പൊതുജനങ്ങൾക്ക് ദൂരയാത്ര ഒഴിവാക്കി വളരെവേഗം ഗസറ്റ് വിജ്ഞാപനം നടത്തുവാൻ സാദ്ധ്യമാകുന്നുണ്ട്.

അതത് ജില്ലകളിലെ അംഗീകൃത ഏജന്റുമാർക്ക് സർക്കാർ പ്രസിദ്ധീകരണങ്ങൾ വില്ക്കുന്നതും ഫോറം സ്റ്റോറുകൾ വഴി തന്നെയാണ്. അവർക്ക് ദൂരയാത്ര ഒഴിവാക്കി ആവശ്യമായ പ്രസിദ്ധീകരണങ്ങൾ ചുരുങ്ങിയ ചെലവിൽ വ്യാപാരസ്ഥാനത്തെത്തിച്ച് വില്പന നടത്തുവാൻ കഴിയുന്നു. ആയിരക്കണക്കിന് കലണ്ടറുകളാണ് ഇങ്ങനെ വില്പന നടത്തുന്നത്.

ഗവണ്മെന്റ് പ്രസിദ്ധീകരണങ്ങൾ എല്ലാംതന്നെ പൊതുജനങ്ങൾക്ക് ഫോറംസ്റ്റോറുകൾ മുഖാന്തരം വില്പന നടത്തുന്നുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്കുള്ള സർവീസ് പുസ്തകം, പെൻഷൻ ബുക്ക്, ഗസറ്റഡ് എൻറൈറ്റിൽമെന്റ് രജിസ്റ്റർ, കെ. എസ്. ആർ., കെ. എഫ്. സി., കെ. റ്റി. സി., എം. ഒ. പി. തുടങ്ങിയവയും വിറ്റുവരുന്നു.

ഇടുക്കി ജില്ലയിലുള്ളവർ കോട്ടയത്ത് വാഴൂരുള്ള ഗവ: പ്രസ്സിലെ ഫോംസ്റ്റോറിലും വയനാട്ടിലുള്ളവർ കോഴിക്കോട് ഗവ: പ്രസ്സിലുള്ള ഫോറം സ്റ്റോറിലും കാസർകോട്ടുള്ളവർ കണ്ണൂർ ഗവ: പ്രസ്സിലുള്ള ഫോറം സ്റ്റോറിലും പോയിവരുന്നതിന് വളരെയധികം പണം മുടക്കേണ്ട ഗതികേടിലാണ്. **വയനാട്, ഇടുക്കി എന്നീ ജില്ലക്കാർക്ക് ഹൈറേഞ്ചിൽ നിന്ന് താഴെവന്ന് തിരിയെപോകുന്നത് ഇരട്ടി ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. മതം മാറ്റത്തിനുള്ള പരസ്യം നടത്തേണ്ട ആവശ്യക്കാർ ഇടുക്കി ജില്ലയിൽ വളരെയധികമായി കണ്ടു വരുന്നുണ്ട്. ഈ മൂന്ന് ജില്ലകളിലും സർക്കാർ ആഫീസുകൾക്കാവശ്യമായ ഫോറങ്ങളും രജിസ്റ്ററുകളും ഫോറംസ്റ്റോറുകളിൽ വന്ന് കൊണ്ടുപോകുന്നതിന് സാമ്പത്തികച്ചെലവ് വളരെ ഭീമമാണ്. ആയതിനാൽ ഈ മൂന്ന് ജില്ലകളിൽക്കൂടി അടിയന്തരമായി ഫോംസ് സ്റ്റോറുകൾ തുറക്കുന്നത് സർക്കാരിന് സാമ്പത്തികമായി ലാഭകരവും ആ ജില്ലകളിലെ**

> ***"ക്ഷമായുധമിയന്നോ നിൻ ദുഷ്ടനെന്തോന്നു കാട്ടിടും?***
> ***വെള്ളത്തിൽ വീണിടും വഹ്നിതാനെത്തന്നെ നശിച്ചുപോം"***

പൊതുജനങ്ങൾക്കും സർക്കാർ ആഫീസുകൾക്കും വളരെ ഉപകാരപ്രദവുമായിരിക്കും. എറണാകുളം ഗവ: പ്രസ്സിലുള്ള ഫോറംസ്റ്റോറിൽ നിന്നാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലേയ്ക്കുള്ള എല്ലാത്തരം ഫോറങ്ങളും രജിസ്റ്ററുകളും സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യുന്നത്.

തിരുവനന്തപുരം മണ്ണന്തല ഗവണ്മെന്റ് പ്രസ്സിലുള്ള വളരെ വിപുലമായ ഫോറംസ്റ്റോറിൽ നിന്നാണ് തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ ആഫീസുകൾക്കു ലക്ഷക്കണക്കിന് ഫോറങ്ങളും രജിസ്റ്ററുകളും വിതരണം ചെയ്യുന്നത്.

കേരള ഗവ: സെക്രട്ടറിയേറ്റിലേയ്ക്കുള്ള ഫോറങ്ങളും രജിസ്റ്ററുകളും മണ്ണന്തല ഗവ: പ്രസ്സിലുള്ള തിരുവനന്തപുരം ജില്ലാഫോറം സ്റ്റോറിൽനിന്നാണ് വിതരണം ചെയ്യുന്നത്.

കൂടാതെ ഗുരുവായൂർ ദേവസ്വം, പ്രൈവറ്റ് സ്കൂളുകൾ, കെ. എസ്. ഇ. ബി., കോർപ്പറേഷനുകൾ എന്നിവയ്ക്ക് വേണ്ട ഫോറങ്ങളും രജിസ്റ്ററുകളും വിലയക്കു നൽകുന്നത് ഫോറം സ്റ്റോറുകൾ മുഖാന്തരമാണ്.

*Poem*

## MEMORY OF AN UNKNOWN CHILD

**D. ASHA**
L. D. Typist
Govt. Central Press



I, once, met her in a place,
Where many people spend,
The last moments of their life.
She was a sweet child,
Carried by her grandmother,
Accompanied by father and mother,
All the eyes were full of sorrow,
As if they were expecting the worst.
I looked at her face for a moment,
And felt the innocence in her eyes,
"Oh! She's like a flower !
Eaten by the cruel worm,
Before it was bloomed".
Suddenly the great truth pricked my mind:
Accept the solemn decision,
Taken by our great Lord,
However harsh it may be.

*"ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ*
*പാരിൽ പരക്ലേശവിവേകമുള്ളൂ"*

കെ. വിജയമേനോൻ
റിട്ട. ചീഫ് ഇഞ്ചിനീയർ

# രാമചന്ദ്രവിലാസം

**കഥകളിപ്പദം - രാഗം കാമോദരി - താളം ചെമ്പട**

ജയ ജയ പത്മനാഭസൂനോ ! പ്രസാരണപതേ !
ജയജയ വൈദ്യുതയന്ത്രകമുഖ്യ !
വിജയനഹം ഇതാ കൈതൊഴുന്നേൻ
വിശിഷ്ട തരം സേവന വിരാമം തേ
(ജയ ജയ........)

തന്വീകടാക്ഷ മധുപകുലാധിപ
തവയരികേ വരുവാൻ ഭയക്കുന്നുവാർദ്ധക്യം
രാമചന്ദ്രാ തവവിരഹേ കാനനമായ്
സ്ഥാപനമിദം അയോദ്ധ്യപുരിയതുപോൽ
(ജയ ജയ........)

കരുമന ചെയ്തവർ എന്നാലും പലർക്കും
കരുണപയോധി സമം തവ സാമീപ്യം
ദിശയറിയാതെയുഴലും പഥികർക്കോ
പാഥേയം തവ ഫലിതവചനങ്ങൾ
(ജയ ജയ......)

ജന്മം നഹി നഹി കാരണം ഉത്തമജനാനാം
സുകൃതികൾ താനിതു കാട്ടി തവദൃഷ്ടാന്തം
കരമന മിവരണ്ടിലും ഊർജ്ജം കൈക്കൊണ്ടു
കരമനസാർ വാഴ്ക നീണാൾ സകുടുംബം
(ജയ ജയ........)

*(തിരുവനന്തപുരം പുത്തൻചന്ത കല്ലമ്മൻദേവീ ക്ഷേത്ര സമിതിയുടെ സജീവ പ്രവർത്തകനും ജോയിന്റ് സെക്രട്ടറിയും തിരുവനന്തപുരത്തെ എല്ലാ സാംസ്ക്കാരിക പ്രവർത്തനത്തിന്റെ സന്തതസഹചാരിയും ആണ് ശ്രീ. കെ. വിജയമേനോൻ)*

'തമ്പ്രാനപ്പം കട്ടു ഭുജിച്ചാൽ
അമ്പലവാസികളൊക്കെ കക്കും'

ലേഖനം

# ആദായനികുതി-ചില നുറുങ്ങുകൾ

പി. ആർ. വിനോദ്കുമാർ, യു. ഡി. ക്ലാർക്ക്, ഗവ:സെൻട്രൽ പ്രസ്സ്

നികുതികളെ പ്രധാനമായും പ്രത്യക്ഷ നികുതി, (Direct Tax), പരോക്ഷ നികുതി (Indirect Tax) എന്നിങ്ങനെ രണ്ടായി തിരിക്കാം. പ്രത്യക്ഷ നികുതി എന്നാൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സർക്കാർ നേരിട്ട് പിരിക്കുന്നതും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വരുമാനം അനുസരിച്ച് വ്യത്യാസപ്പെടുന്നതുമാണ്. എന്നാൽ പരോക്ഷ നികുതി സർക്കാരിനുവേണ്ടി കച്ചവടസ്ഥാപനങ്ങൾ, വ്യാപാരികൾ തുടങ്ങിയവരിൽ നിന്ന് അവരറിയാതെ തന്നെ പിരിച്ചെടുക്കുന്നതാണ്. സെയിൽ ടാക്സ്, കസ്റ്റംസ് ഡ്യൂട്ടി, എക്സൈസ് ഡ്യൂട്ടി തുടങ്ങിയവ പരോക്ഷ നികുതിക്ക് ഉദാഹരണങ്ങളാണ്. പ്രത്യക്ഷ നികുതിയിൽ പ്രഥമ സ്ഥാനം വഹിക്കുന്നത് ആദായനികുതി അഥവാ ഇൻകം ടാക്സ് ആണ്.

ഇൻഡ്യയിൽ ആദായനികുതി നിർണയിക്കുന്നതിന് അടിസ്ഥാനപരമായി രണ്ട് ആക്ടുകളാണ് നിലവിലുള്ളത്. 1962-ലെ ഇൻകം ടാക്സ് ആക്ടും, ഓരോ വർഷവും ബജറ്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പാർലമെന്റ് പാസ്സാക്കുന്ന ഫൈനാൻസ് ആക്ടും. ഇൻഡ്യയിൽ ആദായനികുതി സംബന്ധമായ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് സി. ബി. ഡി. റ്റി. യാണ് (Central Board of Direct Taxes)

**ഈ വർഷത്തെ ബജറ്റ് നികുതി നിരക്കുകളും ഇളവുകളും**

| വരുമാനം | നികുതി |
|---|---|
| അമ്പതിനായിരം രൂപ വരെ | നികുതി ഇല്ല |
| അമ്പതിനായിരത്തി ഒന്നു മുതൽ അറുപതിനായിരം രൂപ വരെ | 10% |
| അറുപതിനായിരത്തി ഒന്നു മുതൽ ഒരു ലക്ഷത്തി അൻപതിനായിരം രൂപ വരെ | 20% + 5% സർച്ചാർജ് |
| ഒരു ലക്ഷത്തി അൻപതിനായിരത്തി ഒന്നു മുതൽ | 30% + 5% സർച്ചാർജ് |

### സ്റ്റാൻഡേർഡ് ഡിഡക്ഷൻ

ഒരു ലക്ഷത്തി അമ്പതിനായിരം രൂപ വരെ വരുമാനം ഉള്ളവർക്ക് മുപ്പതിനായിരം രൂപയോ അതോ മൊത്തം വരുമാനത്തിന്റെ മൂന്നിൽ ഒന്നോ ഏതാണോ കുറവ് ആ തുക സ്റ്റാൻഡേർഡ് ഡിഡക്ഷൻ ആയി ക്ലെയിം ചെയ്യാം. ഒരു ലക്ഷത്തി അമ്പതിനായിരത്തി ഒന്നു മുതൽ 3 ലക്ഷം രൂപവരെ ഇരുപത്തയ്യായിരം രൂപയും, മൂന്ന് ലക്ഷത്തി ഒന്നു മുതൽ 5 ലക്ഷം രൂപവരെ ഇരുപതിനായിരം രൂപയും സ്റ്റാൻഡേർഡ് ഡിഡക്ഷനായി ക്ലെയിം ചെയ്യാം. വർഷം 5 ലക്ഷം രൂപയ്ക്ക് മുകളിൽ ശമ്പളം പറ്റുന്നവർക്ക് സ്റ്റാൻഡേർഡ് ഡിഡക്ഷന്റെ ആനുകൂല്യം ലഭിക്കുകയില്ല. (ശമ്പളം പറ്റുന്ന ജീവനക്കാർക്ക് തൊഴിലിനോട് അനുബന്ധമായി ചില ഒഴിച്ചുകൂടാനാവാത്ത ചെലവുകൾ ഉണ്ടാകാറുണ്ട് ഈ ചെലവുകൾക്ക് മൊത്ത വരുമാനത്തിൽ നിന്ന് സർക്കാർ അനുവദിച്ചിരിക്കുന്ന ഇളവിനെയാണ് സ്റ്റാൻഡേർഡ് ഡിഡക്ഷൻ എന്നറിയപ്പെടുന്നത്. ഉദാ: ക്ലാർക്ക് തസ്തികയിൽ ജോലി നോക്കുന്ന ഒരാൾക്ക് അയാളുടെ തൊഴിൽ ചെയ്യുന്ന സ്ഥാപനത്തിൽ വരുന്നതിനുള്ള വണ്ടിക്കൂലി, പേന, പേപ്പർ, റിഫ്രഷ്മെന്റ് എന്നിവയ്ക്കുള്ള ചെലവുകൾ തുടങ്ങിയവ).

### പ്രധാന നികുതി ഇളവുകൾ

1. സെക്ഷൻ 88 സി പ്രകാരം 65 വയസ്സിനു താഴെയുള്ള സ്ത്രീകൾക്ക് 5000 രൂപ മൊത്ത നികുതിയിൽ നിന്ന് ഇളവായി ലഭിക്കും.

(2) ഭവനവായ്പയുടെ പലിശ ഒന്നരലക്ഷം രൂപവരെ പൂർണ്ണമായും നികുതി വിമുക്തമാണ് (1-4-99-നു ശേഷം നിർമ്മിച്ച ഭവനങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ മാത്രമല്ല, ഈ ഭവനം നികുതിദായകന്റെ സ്വന്തം താമസത്തിനുള്ളതായിരിക്കണം.)

3. സെക്ഷൻ 88പ്രകാരം 15000 രൂപവരെ മൊത്ത വരുമാനം ഉള്ളവർക്ക് ഒരു വ്യക്തിയുടെ

മൊത്തം സമ്പാദ്യത്തിന്റെ (പ്രോവിഡന്റ് ഫണ്ട് വിഹിതം ലോൺ ഒഴികെ ലൈഫ് ഇൻഷുറൻസ് പ്രീമിയം, ഗ്രൂപ്പ് ഇൻഷുറൻസ് പ്രീമിയം, ഫാമിലി, ബെനിഫിറ്റ്സ് സ്കീം, ഭവനനിർമ്മാണ വായ്പ) മുതലായവയ്ക്ക് 20 ശതമാനവും 15000 രൂപ മുതൽ മേൽപോട്ട് വരുമാനമുള്ളവർക്ക് 15 ശതമാനവും റിബേറ്റായി മൊത്തം നികുതിയിൽ നിന്ന് ക്ലെയിം ചെയ്യാവുന്നതാണ്. സെക്ഷൻ 88പ്രകാരം പരമാവധി നിക്ഷേപത്തിന്റെ പരിധി ഒരു ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്.

## എന്താണ് P. A.N. (Permanent Account Number)

അമ്പതിനായിരം രൂപയോ അതിൽ അധികമോ വാർഷികവരുമാനമുള്ള എല്ലാ വ്യക്തികളും പി. എ. എൻ-ന് വേണ്ടി അപേക്ഷ നൽകിയിരിക്കണം എന്നുള്ളത് നിയമപരമായ ഒരു ബാദ്ധ്യതയാണ്. (50,000 രൂപയോ അതിലധികമോ വരുമാനമുള്ളവർ അതിന് അപേക്ഷിക്കാതിരുന്നാൽ അവരിൽ നിന്ന് സെക്ഷൻ 272 എ (1) (ഡി) പ്രകാരം 500 രൂപ മുതൽ 10,000 രൂപാവരെ പിഴ ഈടാക്കാവുന്നതാണ്. പത്തക്കമുള്ള ഈ നമ്പർ നികുതിദായകനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വിളിച്ചറിയിക്കുന്ന ഒരു 'തിരിച്ചറിയൽ' കൂടിയാണ്. റിട്ടേൺ നൽകുമ്പോൾ പി. എ. എൻ. നമ്പർ തീർച്ചയായും കാണിച്ചിരിക്കണം. മറ്റു പല കാര്യങ്ങൾക്കും (ഉദാ: വാഹന രജിസ്ട്രേഷൻ, വസ്തുവകകളുടെ രജിസ്ട്രേഷൻ , ബാങ്ക് അക്കൗണ്ട് തുറക്കൽ ക്രെഡിറ്റ് കാർഡിനു വേണ്ടിയുള്ള അപേക്ഷ കൊടുക്കൽ തുടങ്ങിയ അവസരങ്ങളിൽ) പി. എ. എൻ. അത്യന്താപേക്ഷിതമാണ്. ഫോറം നമ്പർ '41 എ'-ൽ ആണ് പി. എ. എൻ. നുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. പി. എ. എൻ. -ന് അപേക്ഷിച്ചിട്ടും നമ്പർ ലഭിക്കാത്തവർ റിട്ടേണിൽ ജനറൽ ഇൻഡക്സ് രജിസ്റ്റർ നമ്പർ (GIR) കാണിച്ചിരിക്കണം.

## GIR നമ്പർ

ജനറൽ ഇൻഡെക്സ് രജിസ്റ്റർ നമ്പർ അഥവാ GIR നമ്പർ നികുതിദായകൻ പ്രതിനിധീകരിക്കുന്ന ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ച കോഡ് നമ്പരാണ്. അച്ചടി വകുപ്പിന്റെ GIR നമ്പർ TDAG 0078/B. ആണ്.

## ആദായ നികുതി എങ്ങനെ ലാഭിക്കാം

ഒരാളുടെ ആദായനികുതി ഇനത്തിൽ ഉണ്ടാകുന്ന ബാധ്യത രണ്ട് രീതിയിൽ കുറച്ച് കൊണ്ട് വരാം.

**1. വരുമാനം വെളിപ്പെടുത്താതിരിക്കുക:-**

വരുമാനം വെളിപ്പെടുത്താതിരിക്കുക, അതല്ലെങ്കിൽ യഥാർത്ഥ വരുമാനം കുറച്ച് കാണിക്കുക തുടങ്ങിയവ പൊതുവായി 'Tax Evasion' എന്ന പേരിൽ അറിയപ്പെടുന്നു ഇത് നിയമപരമായി തെറ്റും വൻ പിഴയും മറ്റു ശിക്ഷണ നടപടികളും ക്ഷണിച്ച് വരുത്തുന്ന സംഗതിയാണ്. നിയമപരമായി ആദായം മുഴുവനും വെളിപ്പെടുത്തി ടാക്സ് അടയ്ക്കുക എന്നുള്ളത് ഏതൊരു പൗരന്റെയും കടമയാണ്. രാഷ്ട്ര പുനർ നിർമ്മാണത്തിന് ഇത് അത്യന്താപേക്ഷിതവുമാണ്.

**2. ടാക്സ് പ്ലാനിങ്ങ്:-**

ഇൻകം ടാക്സ് അക്റ്റിലെ വകുപ്പുകൾ അനുസരിച്ച് ഒരു വ്യക്തിയുടെ വരുമാനത്തിൽ നിന്ന് അയാൾക്ക് എന്തെല്ലാം രീതിയിൽ അയാളുടെ ടാക്സ് ലയബിലിറ്റി കുറച്ച്കൊണ്ട് വരാം എന്ന് നിശ്ചയിക്കുന്നതിനെ ടാക്സ് പ്ലാനിങ്ങ് എന്ന് പറയുന്നു. ഇത് ഒരു നികുതി വിദഗ്ദ്ധന്റെയോ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെയോ സഹായത്താൽ ചെയ്യാവുന്നതാണ്. ഇവിടെ ഒരു വ്യക്തി തന്റെ ആദായം കുറച്ച് കാണിക്കുകയോ വെളിപ്പെടുത്താതിരിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അയാൾക്ക് എന്തെല്ലാം ഇളവുകൾ ലഭിക്കും എന്ന് മനസ്സിലാക്കി അതിനനുസരിച്ച് മുന്നോട്ട് നീങ്ങുകയാണ് ചെയ്യുന്നത്. വളരെ കരുതലോടെ ടാക്സ് പ്ലാനിങ്ങ് നടത്തിയാൽ ഏതൊരു വ്യക്തിക്കും അയാളുടെ ടാക്സ് ലയബിലിറ്റി പരമാവധി കുറയ്ക്കുവാൻ സാധിക്കും.

ശമ്പളം പറ്റുന്ന ജീവനക്കാർ എല്ലാ വർഷവും ജൂലൈ 31-ന് മുമ്പായി റിട്ടേൺ സമർപ്പിക്കേണ്ടതാണ്. റിട്ടേൺ സമർപ്പിക്കുമ്പോൾ അസ്സസിംഗ് ഓഫീസർ നൽകുന്ന 'ഫോം-16' അനുസരിച്ച് ശമ്പള വിവരങ്ങളും ശമ്പളത്തിനുപരിയായി മറ്റെന്തെങ്കിലും വരുമാനമുണ്ടെങ്കിൽ അതും ഏത് 'Head'-ൽ ഉൾപ്പെട്ടതാണോ ആ 'Head'-ൽ കാണിച്ച് പ്രത്യേകമായി നികുതി അടയ്ക്കേണ്ടതാണ്. ശമ്പളത്തിൽ നിന്ന് നേരിട്ടല്ലാതെ നികുതിദായകൻ ബാങ്ക് വഴിയോ മറ്റോ നികുതി അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ ചെല്ലാനും ടാക്സ് റിട്ടേണിനോടൊപ്പം പൂരിപ്പിച്ച് നൽകേണ്ടതാണ്. 50,000 രൂപയ്ക്ക് മുകളിൽ വരുമാനമുള്ളവരും ടാക്സ് അടയ്ക്കേണ്ടാത്തവരും NIL റിട്ടേൺ സമർപ്പിക്കേണ്ടതാണ്. NIL റിട്ടേണിനോടൊപ്പം ഫോം നമ്പർ-16 സമർപ്പിച്ചിരിക്കണം. ശമ്പളത്തിൽ നിന്നും ടാക്സ് ഡിഡക്റ്റ് ചെയ്തവർക്ക് അവർ ആവശ്യപ്പെടാതെയും എന്നാൽ ടാക്സ് ഡിഡക്റ്റ് ചെയ്യാത്തവർക്ക് അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും അസസ്സിങ്ങ് ഓഫീസർ ഫോം നമ്പർ-16 നൽകുന്നതാണ്. ●



By.S.S.Sindhu
U.D.Clerk, Govt., Central Press



By.S.S.Sindhu
U.D.Clerk, Govt., Central Press



By. Soja.S.
L.D.Clerk, Govt., Central Press

# രാജഭരണകാലങ്ങളിലെ അച്ചുകൂടങ്ങൾ - അച്ചടി വകുപ്പിന്റെ അടിസ്ഥാന ശിലകൾ

എസ്. മുരുകേശൻ, പ്രസിഡന്റ്, ഐ. എസ്. ഒ.

1836-ൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് സ്ഥാപിക്കപ്പെട്ട തിരുവനന്തപുരത്തെ സർക്കാർ അച്ചുകൂടവും അതിനോടടുത്ത കാലത്ത് തന്നെ കൊച്ചിരാജ്യത്തിൽ അവിടുത്തെ രാജഭരണം സ്ഥാപിച്ച കൊച്ചിയിലെ അച്ചുകൂടവുമാണ്, സ്വതന്ത്ര ഭാരതത്തിൽ കേരളസർക്കാരിന്റെ ബൃഹത്തായ ഒരു വകുപ്പായിത്തീർന്ന അച്ചടി വകുപ്പിന്റെ "അടിസ്ഥാന ശിലകൾ".

മേൽപ്പറഞ്ഞ രണ്ടു സർക്കാർ അച്ചുകൂടങ്ങളുടെയും അവിടങ്ങളിലെ ജീവനക്കാരുടെയും പുരോഗതി ലാക്കാക്കി, ഈ രണ്ടു നാട്ടുരാജ്യങ്ങളും തമ്മിൽ തമ്മിൽ പ്രകടിപ്പിച്ച മാത്സര്യം പഠനാർഹമാണ്; അതിന്റെ പ്രസക്തി ഇന്നും നിലനിൽക്കുന്നു.

ഇവ കൂടാതെ, തിരുവിതാംകൂർ രാജഭരണസംഭാവനകളായ മറ്റു രണ്ടു സ്ഥാപനങ്ങളാണ് തിരുവനന്തപുരത്തെ "സ്റ്റാമ്പ് മാനുഫാക്ചറി"യും "സെൻട്രൽ പ്രിസൺ പ്രസ്സും".

തിരുവനന്തപുരം അച്ചുകൂടത്തിന്റെ ആഫീസ് തലവൻ "അച്ചുകൂടം സൂപ്രണ്ട്" എന്നറിയപ്പെട്ടിരുന്നു. പില്ക്കാലത്ത് "അച്ചടി"ക്ക് ഒരു വകുപ്പ് ഉണ്ടായതു മുതൽ വകുപ്പു തലവന്റെ ഔദ്യോഗിക നാമത്തിൽ വന്ന മാറ്റങ്ങളും ശ്രദ്ധേയമാണ്.

## തിരുവിതാംകൂർ രാജ്യത്തിലെ സർക്കാർ അച്ചുകൂടം

തിരുവിതാംകൂർ മഹാരാജാവായിരുന്ന സ്വാതിതിരുനാളിന്റെ കാലത്ത് തിരുവനന്തപുരത്ത് സ്ഥാപിതമായ സർക്കാർ അച്ചുകൂടത്തിൽ, ഏ. ഡി. 1838-ൽ ത്തന്നെ ആദ്യത്തെ സർക്കാർ പഞ്ചാംഗം അച്ചടിച്ച് പ്രസിദ്ധം ചെയ്തു. ഈ എളിയ സംരംഭത്തിനുശേഷം, ഈ അച്ചുകൂടം അനുക്രമമായ പുരോഗതി പ്രാപിച്ചുവന്നു. ഏ. ഡി. 1913-ൽ, അച്ചുകൂടത്തിന് സമൂലവ്യതിയാനങ്ങൾ വരുത്തുവാനും പുതിയ ഉന്നമനമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി മദ്രാസ്സ് ഗവൺമെന്റ് പ്രസ്സിലായിരുന്ന W. J. Beck എന്ന ഇംഗ്ലീഷുകാരന്റെ സേവനം തിരുവിതാംകൂർ സർക്കാർ സ്വീകരിച്ചു.

അച്ചുകൂടത്തിലെ ജോലി സംബന്ധിച്ച നിയതമായ ചട്ടങ്ങളും വകുപ്പുകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആദ്യ "പ്രസ്സ് മാനുവൽ" തയ്യാറാക്കിയതും ജീവനക്കാരുടെ സേവന-വേതന മൂല്യനിർണ്ണയ പട്ടികകൾ തയ്യാറാക്കിയതും അതുവരെ നിലവിലുണ്ടായിരുന്ന ശമ്പളരീതി മാറ്റി പകരം "പീസ്-വർക്ക്" രീതി നിർദ്ദേശിച്ചതും മേൽപ്പറഞ്ഞ 'ശ്രീമാൻ ബക്ക്' ആയിരുന്നു. ഏ. ഡി. 1919-ൽ, അച്ചുകൂടത്തിൽ അന്നുണ്ടായിരുന്ന എല്ലാ യന്ത്രങ്ങളും മറ്റു സാമഗ്രികളും സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുകയും ഒരു പ്രസ്സിനെ സംബന്ധിച്ച എല്ലാ ഔദ്യോഗിക നടപടികളും പൂർത്തിയാക്കുകയും ചെയ്തു. അന്ന് ഈ അച്ചുകൂടത്തിലെ യന്ത്രങ്ങൾ പ്രവർത്തിച്ചിരുന്നത്, അവിടെത്തന്നെ സ്ഥാപിച്ചിരുന്ന "ഡയനാമോ"കളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ചായിരുന്നു. തിരുവനന്തപുരത്ത് ഒരിടത്തും ഇലക്ട്രിസിറ്റി സിസ്റ്റം ഏർപ്പെടുത്തിയിട്ടില്ലാതിരുന്ന കാലത്തായിരുന്നു ഈ പരിഷ്ക്കാരം നടപ്പിലാക്കിയത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. 1922-ൽ, മദ്രാസ്സ് ഗവൺമെന്റ് നടത്തി വന്നിരുന്ന അച്ചടിവിഭാഗം സാങ്കേതിക പരീക്ഷകളുടെ നടത്തിപ്പിൽ തിരുവനന്തപുരം പ്രസ്സിനെയും ഒരു കേന്ദ്രമായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി.

*"ചെമ്പിലൊരമ്പഴക്കായ പുഴുങ്ങി ചോറ്റിൽ വിളമ്പിത്തന്നാലും*
*ഭൂമിയിൽ വാഴണമെന്നേ മോഹം നാമിക്കണ്ടോർക്കെല്ലാർക്കും"*

1923–ൽ, പ്രസ്സിന്റെ വികസനത്തിനായി മദ്രാസ്സ് ഗവ: പ്രസ്സിൽ നിന്നുള്ള "ശ്രീ. റ്റി. കെ. നാരായണ അയ്യങ്കാരുടെ" നേതൃത്വത്തിൽ ഒരു കമ്മറ്റിയെ നിയോഗിക്കുകയും ശ്രീ. അയ്യങ്കാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ "പീസ്-വർക്ക്" രീതിയിലും "ശമ്പള വ്യവസ്ഥ"യിലും ജോലി ചെയ്തിരുന്നവർക്ക് പുതിയ ശമ്പള സ്കെയിലുകൾ ഏർപ്പെടുത്തുകയും ചെയ്തു.

## അച്ചുകൂടത്തിന്റെ വിപുലീകരണവും സഹകരണസംഘം രൂപവത്ക്കരണവും

ബയന്റിംഗ്, ഡെസ്പാച്ച് സെക്ഷനുകൾ ഉൾക്കൊള്ളിക്കുന്നതിനായി 1924–ൽ ഒരു പുതിയ കെട്ടിടം പണി കഴിപ്പിച്ചു. അതിനുശേഷം 1926–ൽ സർക്കാർ പ്രസിദ്ധീകരണങ്ങൾ സൂക്ഷിക്കുന്നതിനും വില്പന നടത്തുന്നതിനുമായി മറ്റൊരു കെട്ടിടവും പണി കഴിപ്പിച്ചു. ജീവനക്കാരെ അംഗങ്ങളായി ചേർത്ത്, അവരുടെ അഭിവൃദ്ധിക്കായി ഒരു സഹകരണ സംഘവും 1926–ൽ രൂപവത്ക്കരിച്ചു.

## "സെൻട്രൽ ജയിൽ പ്രസ്സും, ബാലമന്ദിരം പ്രസ്സും"

തിരുവനന്തപുരം സെൻട്രൽ ജയിൽ വളപ്പിനുള്ളിൽ, തടവുപുള്ളികൾക്ക് അച്ചടി സംബന്ധമായ തൊഴിൽ പരിശീലനം നൽകുന്നതിമായി എ. ഡി. 1901–ൽ ഒരു പ്രസ്സ് സ്ഥാപിക്കുകയും അവിടെ തടവുപുള്ളികളുടെ ശിക്ഷണക്കാര്യം കൂടാതെ സംസ്ഥാനത്തിന്റെ വർദ്ധിച്ചു വന്നിരുന്ന അച്ചടി ആവശ്യങ്ങളും തടവുപുള്ളികളായ തൊഴിലാളികളെക്കൊണ്ട് ചെയ്യിച്ചു വരുകയും ചെയ്തിരുന്നു. ഈ പ്രസ്സ് തിരുവനന്തപുരം "സെൻട്രൽ പ്രിസൺ പ്രസ്സ്" എന്ന പേരിൽ അറിയപ്പെടുന്നു.

അതോടൊപ്പം തന്നെ പ്രായപൂർത്തിയാകാത്ത തടവുകാരുടെ പരിശീലനത്തിനായി "സർട്ടിഫൈഡ് സ്ക്കൂൾ പ്രസ്സ്" (ബാലമന്ദിരം പ്രസ്സ്) എന്നൊരു സ്ഥാപനവും നിലവിലുണ്ടായിരുന്നു.

കൊല്ലവർഷം 1113 (എ. ഡി. 1938) വരെ മേൽപ്പറഞ്ഞ പ്രിസൺ പ്രസ്സിന്റെ ഭരണച്ചുമതല തിരുവനന്തപുരം അച്ചുകൂടം സൂപ്രണ്ടിനായിരുന്നു. അതിനുശേഷം ടി ചുമതല ജയിൽ സൂപ്രണ്ടിന് കൈമാറി.

## തിരുവനന്തപുരം അച്ചുകൂടം ഒരു വകുപ്പിൻെ ഭാഗമാകുന്നു !

1838–ൽ സ്ഥാപിതമായ തിരുവിതാംകൂർ സർക്കാർ അച്ചുകൂടം 100 വർഷങ്ങൾ പിന്നിട്ടതിനുശേഷം പ്രത്യേക വകുപ്പിന്റെ ഭാഗമായിത്തീർന്നു. 1938–ൽ **"കൺട്രോളർ ഓഫ് സ്റ്റേഷനറി ആന്റ് പ്രിന്റിംഗ്"** എന്ന പുതിയൊരു തസ്തിക സൃഷ്ടിക്കുകയും സർക്കാർ അച്ചുകൂടത്തിന്റെ ഭരണനിർവ്വഹണം പ്രസ്തുത തസ്തികയിലെ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാകുകയും ചെയ്തു.

## "കൊച്ചി രാജ്യത്തിലെ അച്ചുകൂടം"

തിരുവനന്തപുരത്ത് സർക്കാർ അച്ചുകൂടം 1838–ൽ സ്ഥാപിതമായതിനോടടുത്ത കാലത്തു തന്നെയാണ്, അതായത് ഏകദേശം പത്തു വർഷത്തിനുള്ളിൽ, പഴയ കൊച്ചിരാജ്യത്തിലും ഒരു അച്ചുകൂടം സ്ഥാപിതമായി. ഇന്ന് സർക്കാർ അച്ചുകൂടം (എറണാകുളം ഗവ: പ്രസ്സ്) സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലേയ്ക്കു മാറ്റപ്പെടുന്നതുവരെ, കൊച്ചി സെക്രട്ടറിയേറ്റിന് തെക്കുഭാഗത്തുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടത്തിലായിരുന്നു ഈ അച്ചുകൂടം സ്ഥിതി ചെയ്തിരുന്നത്.

കൊച്ചി രാജ്യത്തിൽ ശ്രീ. എ. ആർ. ബാനർജി ദിവാനായിരുന്ന കാലത്ത് "കൊച്ചി സർക്കാർ പ്രസ്സി"ന് പല പുരോഗതികളും നടപ്പിലാക്കിയിരുന്നു. ഒരു ഉദ്യോഗസ്ഥനെ മദ്രാസ്സ് ഗവ: പ്രസ്സിൽ പരിശീലനത്തിനായി അയക്കുകയും പ്രസ്തുത ഉദ്യോഗസ്ഥന്റെ പരിശീലനാനന്തരം മദ്രാസ്സ് ഗവണ്മെന്റ് പ്രസ്സിന്റെ പ്രവർത്തനശൈലിക്കനുസൃതമായി കൊച്ചി പ്രസ്സിന്റെ പ്രവർത്തന രീതി പരിഷ്ക്കരിക്കുകയും അതോടൊപ്പം തന്നെ ഒരു "പ്രസ്സ് മാനുവൽ" തയ്യാറാക്കുകയും ചെയ്തു.

*"അഥവാ, ക്ഷമപോലെ നന്മചെയ്തരുളുവാൻ നോറ്റൊരു നല്ലബന്ധുവും*
*വ്യഥപോലറിവോതിടുന്ന സൽഗുരുവുംമർത്ത്യനു വേറെയില്ലതാൻ"*

ഏ. ഡി. 1920–ൽ, കൊച്ചിയിലെ അച്ചുകൂടത്തിന്റെ പ്രവർത്തനസ്ഥിതി മെച്ചപ്പെടുത്തുന്നതിലും അവിടുത്തെ ജീവനക്കാരുടെ ഉന്നമനകാര്യത്തിലും അന്നത്തെ ദിവാനായിരുന്ന ശ്രീ. റ്റി. വിജയരാഘവാചാരി പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. അതിനുശേഷം ദിവാൻ ശ്രീ. ആർ. കെ. ഷൺമുഖം ചെട്ടിയാരുടെ കാലത്ത് പ്രസ്സിന്റെ സ്ഥിതി പഠിച്ച് പ്രവർത്തനശേഷി മെച്ചപ്പെടുത്തുന്നതിനായി പുറമേനിന്ന് സാങ്കേതിക വിദഗ്ദരെ വരുത്തുകയും പ്രസ്സിന്റെ പ്രവർത്തനത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. 1941–ൽ ആട്ടോമാറ്റക് മെഷീനുകൾ ഉൾപ്പെടെ കൂടുതൽ അച്ചടിയന്ത്രങ്ങൾ സ്ഥാപിച്ച് അതിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുകയും ചെയ്തു.

## "തിരു–കൊച്ചി സംയോജനവും വകുപ്പിന്റെ പുനഃസംഘടനയും"

സ്വാതന്ത്ര്യലബ്ധിക്കുശേഷം 1949 ജൂലൈ 1–ാം തീയതി തിരുവിതാകൂർ, കൊച്ചി സംസ്ഥാനങ്ങൾ സംയോജിച്ച് "തിരു–കൊച്ചി" എന്ന പേരിൽ ഏക സംസ്ഥാനമായിത്തീർന്നപ്പോൾ എറണാകുളം പ്രസ്സിന്റെ ഭരണം കൂടി "കൺട്രോളർ ഓഫ് സ്റ്റേഷനറി ആന്റ് പ്രിന്റിംഗി"ന്റെ കീഴിൽ വന്നു ചേർന്നു.

1951–ൽ അച്ചടിവകുപ്പ് പുനഃസംഘടിപ്പിക്കുവാൻ ആലോചിക്കുകയും അതിനുവേണ്ടി മദ്രാസ്സ് ഗവ:പ്രസ്സിൽ നിന്നുള്ള ശ്രീ. ജി. എഫ്. അമലനാഥനെ നിയമിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു വകുപ്പു തലവന്റെ കീഴിൽ ഉൾപ്പെട്ടിരുന്ന സ്റ്റേഷനറി, പ്രിന്റിംഗ് എന്നീ വകുപ്പുകൾ വിഭജിച്ച് രണ്ടു വകുപ്പ് തലവന്മാരുടെ കീഴിലാക്കി പുനഃസംഘടിപ്പിച്ചു. "കൺട്രോളർ ഓഫ് സ്റ്റേഷനറി", "സൂപ്രണ്ട് ഓഫ് ഗവണ്മെന്റ് പ്രസസ്സ്" എന്നീ പേരുകളിൽ മേല്പറഞ്ഞ വകുപ്പു തലവന്മാർ അറിയപ്പെട്ടു.

അച്ചടിവകുപ്പു തലവനായ "സൂപ്രണ്ട് ഓഫ് ഗവ: പ്രസ്സി"ന്റെ ആസ്ഥാന ആഫീസും തിരുവനന്തപുരം ഗവ: പ്രസ്സിൽത്തന്നെയായിരുന്നു. അതിനാൽ പ്രസ്തുത പ്രസ്സിന്റെ പേര് തിരുവനന്തപുരം, **"ഗവണ്മെന്റ് സെൻട്രൽ പ്രസ്സ്"** എന്ന പേരിൽ അറിയപ്പെടാൻ കാരണമായി. വകുപ്പു വിഭജനത്തോടൊപ്പം തിരുവനന്തപുരം ഗവ: പ്രസ്സിൽ നിലവിലുണ്ടായിരുന്ന "പീസ്–വർക്ക്" സിസ്റ്റം പൂർണ്ണമായി നിർത്തൽ ചെയ്യുകയും പകരം ശമ്പളരീതി വീണ്ടും ഏർപ്പെടുത്തുകയും ചെയ്തു. മറ്റു പല പരിഷ്ക്കാരങ്ങൾക്കൊപ്പം പ്രസ്സിന്റെ പ്രവർത്തന സമയത്തിലും മാറ്റം വരുത്തി. തിരുവനന്തപുരം അച്ചുകൂടത്തിന്റെ നിലവിലുള്ള "മെയിൻ ബ്ലോക്ക്" പണി കഴിപ്പിച്ചതും ഇക്കാലത്തായിരുന്നു.

1954–ൽ, സെൻട്രൽ പ്രിസൺ പ്രസ്സിന്റെ ഭരണച്ചുമതല ജയിൽ സൂപ്രണ്ടിൽ നിന്നും വേർപെടുത്തി ഗവ: പ്രസ്സുകളുടെ സൂപ്രണ്ടിൽ നിക്ഷിപ്തമാക്കി. (1938 വരേയും സെൻട്രൽ പ്രിസൺ പ്രസ്സിന്റെ ചുമതല തിരുവനന്തപുരം, സർക്കാർ പ്രസ്സിന്റെ സൂപ്രണ്ടിനായിരുന്നു). ഇതോടെ തിരു–കൊച്ചി സംസ്ഥാനത്ത് അച്ചടി വകുപ്പിൻ കീഴിലെ അച്ചടിശാലകളുടെ എണ്ണം മൂന്നായി:

1. തിരുവനന്തപുരം, ഗവണ്മെന്റ് സെൻട്രൽ പ്രസ്സ്
2. എറണാകുളം, ഗവണ്മെന്റ് പ്രസ്സ്
3. തിരുവനന്തപുരം, സെൻട്രൽ പ്രിസൺ പ്രസ്സ്

## "സ്റ്റാമ്പ് മാനുഫാക്ചറി, തിരുവനന്തപുരം"

തിരുവിതാംകൂർ രാജ്യത്തിന്റെ നാണയശേഖരം നിർമ്മിക്കുന്നതിനും മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും അച്ചടിക്കുന്നതിനുമായി രാജഭരണകാലത്ത് പ്രവർത്തിച്ചിരുന്ന സ്ഥാപനമാണ് "കമ്മട്ടം" അഥവാ "സ്റ്റാമ്പ് മാനുഫാക്ചറി" എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം തിരുവിതാംകൂർ, തിരു–കൊച്ചി, കേരളം എന്നീ പേരുകളിൽ സംസ്ഥാനം അറിയപ്പെട്ടപ്പോഴെല്ലാം ഈ സ്ഥാപനം ധനവകുപ്പിന്റെയും റവന്യൂബോർഡിന്റെയും ഭരണത്തിൻകീഴിലായിരുന്നു.

1964 നവംബർ 13–ാം തീയതിയിലെ സർക്കാർ ഉത്തരവ് (MS) 768/64/Rev. നമ്പർ അനുസരിച്ച് ടി സ്ഥാപനത്തിലെ പ്രിന്റിംഗ് യൂണിറ്റ് ആയ "സ്റ്റാമ്പ് മാനുഫാക്ചറി" അച്ചടിവകുപ്പിന്റെ ഭാഗമായിത്തീർന്നു.

"വമ്പന്മാർക്കു തെളിയാദോഷം
അമ്പിളിക്കഴകക്കവും"

രജിസ്റ്റർ ചെയ്യപ്പെടേണ്ട ആധാരങ്ങൾ (പ്രമാണങ്ങൾ) മുദ്രപ്പത്രങ്ങളിലാണ് തയ്യാറാക്കേണ്ടത്. എന്നാൽ വളരെ വലിയ തുക സ്റ്റാമ്പ് ഡ്യൂട്ടിയായി കണക്കാക്കുന്ന സന്ദർഭങ്ങളിൽ അതിനു തുല്യമൂല്യത്തിനുള്ള മുദ്രപ്പത്രങ്ങൾ ഉപയോഗിക്കുക പ്രായോഗികമല്ലാതെ വരുമ്പോഴും;

ചിലതരം പ്രമാണങ്ങൾ കൂടുതൽ കോപ്പികൾ (ഒറ്റപ്പേജിൽ) മുദ്രപ്പത്രത്തിലല്ലാതെ (പ്രായോഗികമല്ലാത്തതിനാൽ) തയ്യാറാക്കേണ്ടി വരുമ്പോഴും സ്റ്റാമ്പ് ഡ്യൂട്ടിയുടെ / മുദ്രപ്പത്രത്തിന്റെ വിലയ്ക്കു തുല്യമായ തുക പ്രസ്തുത പ്രമാണത്താളുകളിൽ 'എംബോസ്' (മുദ്രണം) ചെയ്തു കൊടുക്കുന്നു.

റവന്യൂ വകുപ്പിലെ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്ന് ഓരോ കാര്യത്തിലും വെവ്വേറെയായി ലഭിക്കുന്ന ആധികാരിക നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമാണ് പ്രൈവറ്റു ഡോക്കുമെന്റുകളിൽ ഇപ്രകാരം "എംബോസ്" ചെയ്തു നൽകുന്നത്.

വിരളമായി മാത്രം വേണ്ടി വരുന്ന ഈ ജോലിയ്ക്ക് പുറമേ പൊതുസ്വഭാവമുള്ളതും മറ്റു പ്രസ്സുകളിൽ ചെയ്യുന്നതുമായ എല്ലാവിധ അച്ചടിജോലികളും ഇവിടെ നിർവ്വഹിക്കപ്പെടുകയും ചെയ്യുന്നു.

## കേരള സംസ്ഥാന രൂപവത്ക്കരണവും അച്ചടിവകുപ്പിന്റെ പരിണാമവും

ഭാഷാടിസ്ഥാനത്തിൽ കേരളസംസ്ഥാനം (1956 നവംബർ 1-ന്) രൂപവത്കൃതമായതോടുകൂടി പുതിയ സംസ്ഥാനത്തിന്റെ മുഴുവൻ അച്ചടി ആവശ്യങ്ങളും നിറവേറ്റുവാൻ അന്ന് നിലവിലുണ്ടായിരുന്ന പ്രസ്സുകൾ പര്യാപ്തമല്ലാ, എന്ന വസ്തുത ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പുതിയ പ്രസ്സുകൾ സ്ഥാപിക്കുവാൻ ആലോചിച്ചു.

തൽഫലമായി പാലക്കാട് ജില്ലയിൽ ഷൊർണ്ണൂരിൽ ഒരു പ്രസ്സ് സ്ഥാപിതമായി. 1960, നവംബർ 14-ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഈ ഗവണ്മെന്റ് പ്രസ്സാണ് ജനായത്ത ഭരണ സമ്പ്രദായം നിലവിൽ വന്നതിനു ശേഷം കേരളത്തിൽ ആദ്യമായി സ്ഥാപിച്ച സർക്കാർ അച്ചടിശാല.

അതിനുശേഷം 1967-ലാണ് മറ്റൊരു അച്ചടിശാല കണ്ണൂർ സെൻട്രൽ ജയിലിനോടനുബന്ധിച്ച് സ്ഥാപിച്ചത്. "സെൻട്രൽ ജയിൽ പ്രസ്സ്" എന്നറിയപ്പെട്ടിരുന്ന ഈ സ്ഥാപനത്തിൽ, ദീർഘകാലം തടവുകാർക്ക് അച്ചടിസംബന്ധമായ തൊഴിൽ പരിശീലനം നൽകി വന്നിരുന്നു. പിൽക്കാലത്ത് ജയിൽ വളപ്പിനു പുറത്തേയ്ക്ക് മാറ്റി സ്ഥാപിക്കപ്പെട്ട ഈ അച്ചടിശാല "ഗവണ്മെന്റ് പ്രസ്സ്, കണ്ണൂർ" എന്ന പേരിൽ അറിയപ്പെടുന്നു. രാജഭരണകാലത്ത് 'തിരുവിതാംകൂർ', 'കൊച്ചി' എന്നീ രാജ്യങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്ന തിരുവനന്തപുരത്തെ ഗവണ്മെന്റ് സെൻട്രൽ പ്രസ്സ്, 'സെൻട്രൽ പ്രിസൺ പ്രസ്സ്', 'സ്റ്റാമ്പ് മാനുഫാക്ചറി', 'എറണാകുളം ഗവണ്മെന്റ് പ്രസ്സ്' - എന്നീ നാലു പ്രസ്സുകളും സ്വാതന്ത്ര്യാനന്തരം കേരള സർക്കാർ സ്ഥാപിച്ച, മേൽപ്പറഞ്ഞ ഷൊർണ്ണൂർ, കണ്ണൂർ എന്നിവിടങ്ങളിലെ രണ്ടു പ്രസ്സുകളുമായി ആകെ ആറ് (6) പ്രസ്സുകളാണ് 'സൂപ്രണ്ട് ഓഫ് ഗവണ്മെന്റ് പ്രസ്സസ്' വകുപ്പ് മേധാവിയായിരുന്ന കാലഘട്ടത്തിൽ അച്ചടി വകുപ്പിൽ ഉൾപ്പെട്ടിരുന്നത്.

## "ഡയറക്ടർ ഓഫ് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി"

1970 ജനുവരി 24-ാം തീയതിയിലെ സർക്കാർ ഉത്തരവ് "(Rt). No. 322/70/PD" മുഖേന **'ഡയറക്ടർ ഓഫ് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി'** എന്ന ഒരു പുതിയ തസ്തിക (I. A. S. Cadre) സൃഷ്ടിക്കപ്പെട്ടു. **സൂപ്രണ്ട് ഓഫ് ഗവണ്മെന്റ് പ്രസ്സസ്സിനും, കൺട്രോളർ ഓഫ് സ്റ്റേഷനറി**യ്ക്കും മുകളിലായി രണ്ടു വകുപ്പുകളുടെയും തലവനായി "ഡയറക്ടർ ഓഫ് പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി"യെ ചുമതലപ്പെടുത്തുകയും ചെയ്തു.

"D. P. S." സ്ഥാനത്തേയ്ക്ക് സംസ്ഥാന I. A. S. പദവിയിലുള്ളവരെയായിരുന്നു ആദ്യകാലങ്ങളിൽ നിയമിച്ചിരുന്നത്. തുടർന്ന് "Confirmed I.A.S." പദവിയിലുള്ളവരെയും അതിനുശേഷം "Non I. A. s." പദവിയിലുള്ള വരെയുമാണ് നിയമിച്ച് പോരുന്നത്.

ഇപ്രകാരം സെക്രട്ടറിയേറ്റിൽ നിന്നും "അഡീഷണൽ സെക്രട്ടറി"യുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ അച്ചടി, സ്റ്റേഷനറി എന്നീ രണ്ടു വകുപ്പുകളുടെയും തലവനായി ഭരണം നിർവ്വഹിച്ചു വന്നിരുന്നു.

1993 മുതൽ സ്റ്റേഷനറി വകുപ്പിന്റെ ചുമതല ഒഴിവാക്കപ്പെട്ട് **"ഡയറക്ടർ ഓഫ് പ്രിന്റിംഗ്"** എന്ന പേരിൽ അച്ചടിവകുപ്പിന്റെ മാത്രം തലവനായി ഭരണം നടത്തിവരുന്നു.

*"മദ്വചലനങ്ങൾക്കു മാർദ്ദവമില്ലെങ്കി-*
*ലുദ്ദേശശുദ്ധിയാൽ മാപ്പുനൽകിൻ"*

# ശുദ്ധപദാവലി

ബി. എസ്. ബാബു, ജൂനിയർ സൂപ്രണ്ട്, ഗവ: സെൻട്രൽ പ്രസ്സ്

നമ്മുടെ ഭാഷയിൽ തെറ്റായി ഉപയോഗിക്കുന്ന ധാരാളം പദങ്ങൾ ഉണ്ട്., ജീവൽഭാഷയിൽ അവ പ്രത്യക്ഷത്തിൽ ശരിയാണെന്ന് തോന്നാറുമുണ്ട്. നമ്മുടെ വകുപ്പിൽ ഭരണഭാഷാ മലയാളമാക്കിയിട്ടുള്ള പശ്ചാത്തലത്തിൽ ഇത്തരം പദങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് കരുതുന്നു. സ്ഥലപരിമിതി കാരണം തിരഞ്ഞെടുത്ത പദങ്ങൾ മാത്രമേ ഇവിടെ ചേർത്തിട്ടുള്ളൂ.

| ശരി | തെറ്റ് |
|---|---|
| അങ്ങനെ | അങ്ങിനെ |
| അജഗജാന്തരം | അജഗജാന്തരവ്യത്യാസം |
| അടിമത്തം | അടിമത്വം |
| അടിക്കുക | അടിയ്ക്കുക |
| അതത് | അതാത് |
| അതീവ | അതീവമായ |
| അദ്ഭുതകരം | അതിശയകരം |
| അനിശ്ചിതം | അനിച്ഛിതം |
| അന്ന്/അദ്ദിവസം | അന്നേദിവസം |
| അപേക്ഷ | അപേക്ഷാഹർജി (ഹർജി = അപേക്ഷ) |
| അപാകം | അപാകത |
| അപകർഷബോധം | അപകർഷതാബോധം |
| അല്ലെങ്കിൽ | അല്ലങ്കിൽ |
| അവധി | അവുധി |
| അയ | അശ |
| അശേഷം | അശ്ലേഷം |
| അസന്ദിഗ്ദ്ധം | അസന്നിഗ്ധം |
| അസ്തമയം | അസ്തമനം |
| അസ്വാസ്ഥ്യബാധിത | അസ്വസ്ഥബാധിത |
| ആകക്കൂടി | ആകെക്കൂടി |
| ആകപ്പാടെ | ആകെപ്പാടെ |
| ആജാനുബാഹു (ആജാനു = കാൽമുട്ട്) | അജാനബാഹു |
| ആദ്യവസാനം | ആദ്യാവസാനം |
| ആദ്ധ്യക്ഷ്യം വഹിക്കുക | അദ്ധ്യക്ഷം വഹിക്കുക |

*"തന്നതില്ല പരനുള്ളു കാട്ടുവാനൊന്നുമേ നരനുപായമീശൻ*
*ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ വന്നുപോം പിഴയുമർത്ഥശങ്കയാൽ"*

| ശരി | തെറ്റ് |
|---|---|
| ആധുനികീകരിക്കുക | ആധുനികവൽക്കരിക്കുക (ആധുനീകരിക്കുകയും തെറ്റ്) |
| ആനുകാലികം | ആനുകാലീയം |
| ആപത്കരം | ആപല്ക്കരം |
| ആസ്വാദ്യമായ | ആസ്വാദ്യകരമായ |
| ആളുകൾ | ആൾക്കാർ |
| ഇരുട്ട് | ഇരിട്ട് |
| ഉജ്ജ്വലം | ഉജ്വലം |
| ഉദ്ഗ്രഥനം | ഉത്ഗ്രഥനം |
| ഉത്പത്തി | ഉൽപത്തി |
| ഉദാത്തീകരിക്കുക | ഉദാത്തവത്ക്കരിക്കുക |
| ഉദ്ഘാടനം | ഉത്ഘാടനം |
| ഉത്കർഷം | ഉൽകർഷം |
| ഉദ്പാദനം/ഉൽപാദനം | ഉല്പാദനം |
| ഉദ്ഘോഷിക്കുക | ഉൽഘോഷിക്കുക |
| ഉൽക്കണ്ഠ | ഉത്കണ്ഠ |
| ഐകകണ്ഠ്യേന/ ഏകകണ്ഠമായി | ഐക്യകണ്ഠേന |
| ഐക്യം | ഐക്യത |
| ഒരിക്കൽ | ഒരിയ്ക്കൽ |
| ഒച്ചപ്പാടുണ്ടാക്കിയ കേസ് | പ്രമാദമായ കേസ് (പ്രമാദം = തെറ്റ്) |
| കണ്ടുപിടിത്തം | കണ്ടുപിടുത്തം |
| കവിത്രയം | കവിത്രയങ്ങൾ |
| കൈയക്ഷരം | കയ്യക്ഷരം |
| കൈയൊപ്പ് | കയ്യൊപ്പ് |
| കഴിയുന്നിടത്തോളം | കഴിയുന്നിടുത്തോളം |
| കുടിശ്ശിക | കുടിശ്ശിഖ |
| കൂടപ്പിറപ്പ് | കൂടെപ്പിറപ്പ് |
| ക്രമപ്പെടുത്തുക | ക്രമീകരിക്കുക |
| ക്ഷണക്കത്ത് | ക്ഷണനക്കത്ത് (ക്ഷണനം = വധം) |
| ക്ഷീണിച്ചവൻ | ക്ഷീണിതൻ |
| ചകിതൻ | ഭയചകിതൻ |
| ചെലവ് | ചിലവ് |
| ചെമപ്പ് | ചുമപ്പ് |
| ചുമതല ബോധം | ചുമതലാബോധം |
| ജാത്യാ | ജാത്യാൽ |
| ഝടിതി | ഝടുതി |
| തത്ത്വം | തത്വം |
| തയ്യാർ (പേർഷ്യൻപദം) | തയാർ |
| തന്റേടത്തോടെ | തന്റേടപൂർവ്വം |
| തരുക | തരിക |
| തത്പരൻ | തൽപരൻ |
| താത്പര്യം/താൽപര്യം | താല്പര്യം |
| തിരിയേ | തിരികെ |
| തിരഞ്ഞെടുപ്പ് | തെരഞ്ഞെടുപ്പ് |

*"ഇന്നലെ ചെയ്തോരബദ്ധം മൂഢർക്കിന്നത്തെയാചരമാവാം*
*നാളത്തെ ശാസ്ത്രമതാവാം"*

| ശരി | തെറ്റ് |
|---|---|
| തിരഞ്ഞെടുപ്പ് പ്രചാരണം | തെരഞ്ഞെടുപ്പ് പ്രചരണം |
| ത്വഗ്രോഗം | ത്വക്‌രോഗം |
| ദിവസേന | ദിവസ്സേന |
| ദുസ്സാമർത്ഥ്യം | ദുസാമർത്ഥ്യം |
| ദേശവൽക്കരണം | ദേശവല്ക്കരണം |
| ദൈവികം | ദൈവീകം |
| ധീരമായി | സധീരം |
| നാട്ടിൻപുറം | നാട്ടുംപുറം |
| നാളിതുവരെ | നാളതുവരെ |
| നിത്യവും | നിത്യേന |
| നിശ്ശബ്ദത | നിശബ്ദത |
| നിശ്ശേഷം | നിശേഷം |
| നിസ്സാരം | നിസാരം |
| നിസ്സംശയം | നിസംശയം |
| നിസ്സങ്കോചം | നിസങ്കോചം |
| നിസ്സ്വാർത്ഥം | നിസ്വാർത്ഥം |
| നിസ്സ്വൻ | നിസ്വൻ |
| നീതിമത്കരിക്കുക | നീതീകരിക്കുക |
| പക്ഷേ | പക്ഷെ |
| പണ്ട് | പണ്ടുകാലം |
| പതിന്നാല് | പതിനാല് |
| പദ്ധതീതര | പദ്ധതിയേതര |
| പാദസരം | പാദസ്വരം |
| പില്ക്കാലം | പിൽക്കാലം |
| പിന്നാക്കസമുദായം | പിന്നോക്കസമുദായം |
| പിറകെ | പുറകെ |
| പുനശ്ചിന്തനം | പുനർചിന്തനം |
| പ്രവൃത്തി | പ്രവർത്തി |
| പ്രവർത്തിക്കുക | പ്രവൃത്തിക്കുക |
| പ്രസംഗകൻ | പ്രാസംഗികൻ |
| പ്രാധാന്യം | പ്രാധാന്യത |
| പ്രാവശ്യം | പ്രാവിശ്യം |
| ബഹുഭാര്യത്വം | ബഹുഭാര്യാത്വം |
| ബുദ്ധികൂർമ്മ | കൂർമ്മബുദ്ധി (കൂർമ്മത്തിന്റെ ബുദ്ധി) |
| ഭഗവദ്ഗീത | ഭഗവത്ഗീത |
| മണ്ടത്തം | മണ്ടത്വം |
| മടയൻ | മഠയൻ |
| മനഃസാക്ഷി/മനസ്സാക്ഷി | മനോസാക്ഷി |
| മനസ്സ് | മനസ് |
| മനുഷ്യത്വം | മനുഷ്യത്തം |

> *"ഉരുക്കിടുന്നു മിഴിനീരിലിട്ടു മുക്കുന്നു മുറ്റും ഭുവനൈകശില്പി*
> *മനുഷ്യഹൃത്താം കനകത്തെയേതോ പണിത്തരത്തിനുപയുക്തമാക്കാൻ"*

| ശരി | തെറ്റ് |
|---|---|
| മദ്ധ്യസ്ഥത വഹിക്കുക (മാദ്ധ്യസ്ഥ്യം വഹിക്കുക) | മദ്ധ്യസ്ഥം വഹിക്കുക |
| മഹത്ത്വം | മഹത്വം |
| മാന്യരേ | മാന്യരെ |
| മുന്നാക്കസമുദായം | മുന്നോക്കസമുദായം |
| മുതലാളിത്തം | മുതലാളിത്വം |
| മുഖാന്തരം | മുഖാന്തിരം |
| യഥാസ്ഥാനം | യഥാസ്ഥാനത്ത് |
| യാദൃച്ഛികം | യാദൃശ്ചികം |
| ലാഘവം | ലാഘവത്വം |
| ലളിതീകരിക്കുക | ലളിതവത്ക്കരിക്കുക |
| രക്ഷാകർത്താവ് | രക്ഷകർത്താവ് |
| രക്ഷാകർത്തൃത്വം | രക്ഷകർത്ത്വത്വം |
| രാപകൽ | രാപ്പകൽ |
| രാഷ്ട്രീയം | രാഷ്ട്രീയപരം |
| രൂപവത്കരിക്കുക | രൂപീകരിക്കുക |
| വച്ചു | വെച്ചു |
| വരുക | വരിക |
| വായനശീലം | വായനാശീലം |
| വായ്പനയം | വായ്പാനയം |
| വാതിൽ | വാതൽ |
| വിദ്യുച്ഛക്തി | വിദ്യുശ്ചക്തി |
| വിമ്മിട്ടം | വിമ്മിഷ്ടം |
| വിയർപ്പ് | വിശർപ്പ് |
| വില്ക്കുക | വിൽക്കുക |
| വെടുപ്പ് | വെടിപ്പ് |
| ശിപാർശ (പേർഷ്യൻപദത്തിൽ നിന്ന്) | ശുപാർശ |
| ശുശ്രൂഷ | ശിശ്രൂഷ |
| സത്പ്രവൃത്തി | സദ്പ്രവൃത്തി |
| സത്കാരം | സൽക്കാരം |
| സദാ | സദാസമയം |
| സമ്പദ്രംഗം | സമ്പത്രംഗം |
| സമുദായപരം (സാമുദായികം) | സാമുദായികപരം |
| സാധാരണമായി | സാധാരണയായി |
| സാമൂഹികം | സാമൂഹികപരം |
| സാക്ഷ്യപത്രം | സാക്ഷിപത്രം |
| സാംസ്ക്കാരികം (സംസ്ക്കാരപരം) | സാംസ്ക്കാരികപരം |
| സുഹൃദ്ബന്ധം | സുഹൃത്ബന്ധം |
| സുഹൃദ്വലയം | സുഹൃത്വലയം |
| സുഹൃത്തേ | സുഹൃത്തെ |
| സൂക്ഷ്മമായി | സസൂക്ഷ്മം |
| സ്വയംപരിശ്രമം (സ്വപരിശ്രമം) | സ്വയപരിശ്രമം |
| സ്വയംരക്ഷ (സ്വരക്ഷ) | സ്വയരക്ഷ |
| സ്വീകാര്യം (സ്വീകാരയോഗ്യം) | സ്വീകാര്യയോഗ്യം |
| സ്നേഹപുരസ്സരം | സ്നേഹപുരസരം |
| ഹാർദ്ദമായ | ഹാർദ്ദവമായ |
| ഹ്രസ്വം | ഹൃസ്വം |

*"ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം?*
*കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കയ്പ് ശമിപ്പതുണ്ടോ"*

# GOVERNMENT OF KERALA

**Abstract**

PRINTING DEPARTMENT - STARTING OF DISTRICT FORM STORES IN ALLEPEY, TRICHUR AND MALAPPURAM - SANCTIONED - ORDERS ISSUED.

---

HIGHER EDUCATION (H) DEPARTMENT

G. O. (MS) No. 326/86/H. Edn. Trivandrum, Dated: 24-12-86.

---

Read:- 1. Representation No. 20/86 dated 11-6-1986 from the General Secretary, The Independent Service Organisation of Printing Department.

2. Letter No. 30339/86/G2 dated 30-7-1986 from the Director of Printing and Stationery (Ptg.).

ORDER

Now District Form Stores in the Printing Department function at the District Head quarters of Quilon, Kottayam, Kozhikode and Cannanore. Besides these Form Stores are functioning at Trivandrum, Ernakulam and Shoranur attached to the Government Presses in these places. Various kinds of Government Forms, priced Government Publications etc are being distributed through these stores. Government Offices located in the above districts can meet their requirements of forms etc. from the stores of the above places without any additional expenditure towards TA/DA etc. But in the case of Government Offices located in other Districts the forms etc. required for their use are now collected either from the District Form Stores of the adjoining Districts or from the Form Stores attached to the Government Presses at Trivandrum, Ernakulam and Shoranur expending a considerable amount towards TA/DA, Parcel charges etc. The Director of Printing and Stationery (Ptg.) has therefore suggested to start Forms Stores in the Districts of Alleppey, Trichur and Malappuram also. There has been similar requests from certain service organisations of the Printing Department also.

Government have examined the request in detail. It is quite essential to start more District Forms Stores to cope with the demands of the Government Offices located in places where there are no Form Stores at present. Government therefore agree to the proposal of the Director of Printing and Stationery (Ptg.) and are pleased to sanction the starting of three Disrict Form Stores in the District Headquarters of Allappey, Trichur and Malappuram with the following staff in each store.

| Sl. No. | Name of Post | Scale of pay | No. of posts | Total No. posts for three store |
|---|---|---|---|---|
| 1. | District Form Officer | Rs. 1100-2100 | 1 (one) | 2 |
| 2. | U. D. Store Keeper | Rs. 740-1240 | 1 (one) | 3 |
| 3. | L. D. Clerk | Rs. 640-1000 | 1 (one) | 3 |
| 4. | L. D. Typist | Rs. 640-1000 | 1 (one) | 3 |
| 5. | Lascar | Rs. 575-900 | 1 (one) | 3 |
| 6. | Peon | Rs. 550-800 | 1 (one) | 3 |

The posts will be temporary and will continue upto 28-2-1987. The expenditure on this account during the current year will be met by following the 'New Service' procedure contemplated in the Kerala Budget Manual. The Director of Printing and Stationery (Ptg.) will take necessary action on this.

By order of the Governor,

V. RAMACHANDRAN,
Chief Secretary.




**PRS HOSPITAL**

QUALITY & SERVICE OF THE HIGHEST ORDER
PERSONAL WARMTH IN EVERY GESTURE,
SINCE 1986

**AN ISO 9001:2000 CERTIFIED MULTI SPECIALITY 200 BEDDED HOSPITAL OF WORLD CLASS STANDARDS**

❖General Medicine ❖Respiratory Medicine ❖Cardiology ❖Neurology ❖Paediatrics ❖Physical Medicine & Rehabilitation ❖Pathology ❖Dietary Service ❖Psychiatry ❖Clinical Oncology ❖General Surgery ❖Orthopaedics ❖Plastic Surgery ❖Obstetrics & Gynaecology ❖Infertility Clinic ❖Paediatric Surgery ❖Urology ❖ENT ❖Ophthalmology ❖Dermatology ❖Radiology & Sonology ❖Anaesthesiology

**PRS HOSPITAL**

KILLIPPALAM, TRIVANDRUM-695 002, PH: 0471-344443, 344442
Fax : 0471-345358, E-mail : rajkal@vsnl.com, wesbite:www.prs-hospital.com

**Care like only a mother can give**


Printed and Published by R. Rajashekaran Nair, General Secretary, Independent Service Organisation of Printing Department. Edited by : B. S. Babu, Designed by : Carmel Reprographers, Monvila, and Printed at British Offset Printers, Sivakasi, Copy right reserved.



BHIMA
KOLLAM
BHIMA
POLAYATHODE KOLLAM


Welcome to
BHIMA
KOLLAM
BHIMA
& BROTHER
DIAMONDS GOLD
ALAPPUZHA
Ph : 251288, 251691
POLAYATHODE KOLLAM
Ph : 766127, 766128
KOCHI THIRUVANTHAPURAM BANGALORE KOZHIKODE KOTTAYAM
KERALA'S NO.1 JEWELLERS SINCE 1925

ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾക്ക്.........

# സുകുമാർ ബുക്ക് സ്റ്റാൾ

സ്റ്റേഷൻ റോഡ്, ഓവർബ്രിഡ്ജ് ജംഗ്ഷൻ
തിരുവനന്തപുരം-1

Phone : 0471 - 330500
Fax : 0471 - 335320

# INDEPENDENT SERVICE ORGANISATION

OF


# PRINTING DEPARTMENT

1977

# SILVER JUBILEE

2002

ISO



## SOUVENIR

## 2002

Indic Digital Archive Foundation
gpura.org